
പി ഗോവിന്ദപ്പിള്ള



PG
338-91

ആഗോളവൽക്കരണം സംസ്കാരം മാധ്യമം

ആഗോളവൽക്കരണം സംസ്കാരം മാധ്യമം

agolavalkkaranam samskaram madyamam ◆ p govinda pillai ◆ first edition january 2004 ◆ published by chintha publishers, thiruvananthapuram ◆ distributed by deshabhimani book house ◆ type set by a k g centre for research & studies ◆ printed at cine offset printers, muttada.

cover: bhattathiri

price: rupees fourty five only

വിതരണം

ദേശാഭിമാനി ബുക്ക്ഹൗസ്
തിരുവനന്തപുരം 695 001

ബ്രാഞ്ചുകൾ

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CO - 867/1497

ആഗോളവൽക്കരണം സംസ്കാരം മാധ്യമം

16028


പി ഗോവിന്ദപ്പിള്ള

P.G. Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം 695 001
വില 45.00 രൂപ

PG
338.91

ഗ്രന്ഥകർത്താവിനെപ്പറ്റി



പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ 1926 മാർച്ച് 25 ന് ജനിച്ചു. വിദ്യാർഥി പ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു. 1951 ൽ തിരു-കൊച്ചി നിയമസഭാംഗമായും പിന്നീട് കേരള നിയമസഭാംഗമായും സേവനമനുഷ്ഠിച്ചു. കമ്മ്യൂ ഇന്ത്യാ സമരത്തിലും മറ്റും പങ്കെടുത്ത് പല തവണ ജയിൽവാസം അനുഭവിച്ചു. 1964 മുതൽ 1976 വരെ *ദേശാഭിമാനി*യുടെ മുഖ്യപത്രാധിപർ.

പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ: *ഇസങ്ങൾക്കിപ്പുറം, വിപ്ലവ പ്രതിഭ, കേരളം ഇന്ത്യയിലെ അധഃകൃത സംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും, വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം: അധോഗതിയും പുരോഗതിയും, പൂന്താനം മുതൽ സൈമൺ വരെ, ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ, ഭഗവദ്ഗീത-ബൈബിൾ-മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ, കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം I, II സഞ്ചിക, സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, കാട്ടുകടന്നൽ* (തർജുമ), *ഭൂതകാലവും മുൻവിധികളും* (തർജുമ), *ഇന്ത്യാചരിത്ര വ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ* (തർജുമ), *ആര്യ ദ്രാവിഡ വിവാദവും മതനിരപേക്ഷതയും* (തർജുമ).

ഭാര്യ: എം ജെ രാജമ്മ

മക്കൾ: എം ജി രാധാകൃഷ്ണൻ, ആർ പാർവതി ദേവി

മേൽവിലാസം : മുളയ്ക്കൽ, 9-സുഭാഷ്നഗർ,
തിരുവനന്തപുരം-695 008.

ആമുഖം

ഈ ചെറുപുസ്തകത്തിന്റെ തലവാചകത്തിൽ ഉള്ള ആഗോളവൽക്കരണം സംസ്കാരം മാധ്യമം എന്നീ മൂന്ന് പദങ്ങളും കുറെക്കാലമായി വിവിധ വേദികളിലും സന്ദർഭങ്ങളിലും ആളുകൾ പലപ്പോഴും അനവധാനതയോടെയും ചിലപ്പോൾ അവധാനതയോടെയും എടുത്ത് പന്താടി വരുന്നു. ഇപ്പോൾ ഇത്ര വ്യാപകമായി കൈകാര്യം ചെയ്യപ്പെടുന്ന ഈ വിഷയങ്ങൾ അടുത്തകാലത്താണ് നമ്മുടെ ഭാഷയിൽ ഗൗരവപൂർവമായ നിർവചനങ്ങൾക്കും പരിശോധനകൾക്കും വിശകലനങ്ങൾക്കും വിധേയമാകുന്നത് എന്നു പറഞ്ഞാൽ പെട്ടെന്ന് വിശ്വസിക്കാൻ വിഷമം തോന്നിയേക്കാം. പക്ഷേ, സംഗതി ഒരു വാസ്തവമാണ്. ഇത്തരം ബൗദ്ധിക വ്യാപാരങ്ങളിൽ നമ്മെക്കാൾ കുറെക്കൂടി മുമ്പേ പറക്കുന്നവരാണ് എന്നു കരുതപ്പെടുന്ന പാശ്ചാത്യർക്കുപോലും ഈ വിഷയങ്ങൾ അത്ര പഴയതല്ല.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പൊതുവെയും 1960-കളെത്തുടർന്ന് പ്രത്യേകിച്ചും പടിഞ്ഞാറൻ നാടുകളിൽ പ്രചാരം ലഭിച്ച സാംസ്കാരിക പഠനപദ്ധതികളുടെ ഭാഗമാണ് ഈ വഴിക്കുള്ള അന്വേഷണങ്ങൾ. 1960-കളുടെ ആദ്യം ബ്രിട്ടനിലെ ബർമിങ്ഹാം സർവകലാശാലയിൽ സാംസ്കാരിക പഠനങ്ങൾക്കായി ഒരു വകുപ്പ് സ്ഥാപിച്ചതോടെ ഈ വിഷയത്തിന് അക്കാദമിക് അംഗീകാരം ലഭിച്ചു.

സാംസ്കാരിക പഠനങ്ങളുടെ ഇണപിരിഞ്ഞ രണ്ടു ഘടകങ്ങളാണ് സംസ്കാരവും സംവേദനവും. 1980-കളോടുകൂടി രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ ആഗോളവൽക്കരണ മുന്നേറ്റം സംസ്കാരത്തെയും സംവേദനത്തെയും പലവിധത്തിൽ ഇളക്കി മറിക്കുന്നതു കാരണം ഇപ്പോൾ അതും ചേർന്ന ഒരു മുപ്പിരി സംയുക്ത വിഷയമായി ഈ വഴിക്കുള്ള പഠനങ്ങൾ ചെന്നെത്തിയിരിക്കുന്നു. ബ്രിട്ടനിലെ റെയ്മണ്ട് വില്യംസ്, റിച്ചാർഡ് ഹോഗാർട്ട്, സ്റ്റുവർട്ട് ഹാൾ, പെരി ആന്റേഴ്സൺ, ഫ്രാൻസിലെ ഫൂക്കാ, അൽത്തൂസർ, ദെരിദ, ഇറ്റലിയിലെ ഉംബർട്ടോ ഇക്കോ, അമേരിക്കയിലെ ഫ്രെഡറിക് ജെയിംസൺ തുടങ്ങിയവരാണ് ഈ പഠനങ്ങൾക്ക് അടിത്തറ പാകിയതെങ്കിലും 1970-കളിൽ അന്തോണിയോ ഗ്രാംഷിയുടെ ഇറ്റാലിയൻ ഭാഷയിലുള്ള *തടവറക്കുറിപ്പുകൾ* വിവിധ യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തതോടെ ഗ്രാംഷിയൻ വിചാരവിപ്ലവം സാംസ്കാരിക പഠനങ്ങളുടെ മുഖ്യ ചൈതന്യധാരയായിത്തീർന്നു. മാർക്സിസ്റ്റുകാരും അല്ലാത്തവരും ആയ സാംസ്കാരിക പഠന സൈദ്ധാന്തികർ ഏകകണ്ഠമായി അംഗീകരിക്കുന്ന കാര്യമാണ് മാർക്സിസത്തിന് ഈ മേഖലയിലുള്ള നിർണായകമായ സ്വാധീനം.

ഫ്രാങ്ക്ഫുർട്ട് സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന ചിന്തകരുടെ കൂട്ടായ്മ ഈ വഴിക്കുള്ള അന്വേഷണങ്ങൾക്ക് നൽകിയ സംഭാവന അവിസ്മരണീയമാണ്.

ഈ വഴിക്കുള്ള പഠനങ്ങൾ മലയാളത്തിൽ അർഹമായവിധം വ്യാപിച്ചിട്ടില്ലെന്നത് ഒരു പോരായ്മയാണ്. 'ആഗോളവൽക്കരണം', 'സംസ്കാരം', 'മാധ്യമം' മുതലായ ശബ്ദങ്ങൾ നമ്മുടെ നിഘണ്ടുക്കളിൽ ഇനിയും പ്രവേശിക്കുകപോലും ചെയ്തിട്ടില്ലെന്നും പ്രവേശിച്ചിട്ടുള്ള സന്ദർഭങ്ങളിൽ അതിന്റെ സമകാലികമായ അർഥവ്യാപ്തി പ്രതിഫലിക്കുന്നില്ലെന്നും ഒരു പത്രപംക്തിയിൽ ഈ ലേഖകൻ പരാതി പറഞ്ഞതിനെക്കുറിച്ച് ചില നിഘണ്ടുകർത്താക്കളും പ്രസാധകരും കടുത്ത പരിഭവം പ്രകടിപ്പിച്ചു. എന്നാൽ സൂക്ഷ്മദൃക്കുകളായ വായനക്കാർ ഈ ലേഖകന്റെ വിമർശനം അംഗീകരിച്ചതായിട്ടാണ് കണ്ടത്.

കാലടി ശ്രീശങ്കര സർവകലാശാലയിൽ പ്രൊഫ സ്കറിയ സക്കറിയയുടെ നേതൃത്വത്തിൽ ഒരു സാംസ്കാരിക പഠനവകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നതും ഈ വിഷയവുമായി ബന്ധപ്പെട്ട ആധുനികത, ആധുനികോത്തരത, അധിനിവേശാനന്തര സിദ്ധാന്തം, മാധ്യമവിചാരം, പ്രതിസംസ്കൃതി മുതലായ വിഷയങ്ങളെക്കുറിച്ച് വളരെ ഉൾക്കാഴ്ചയോടെ പഠിക്കുകയും എഴുതുകയും ചെയ്യുന്ന യുവതലമുറ കേരളത്തിൽ ഉയർന്നുവരുന്നുണ്ടെന്നതും വിസ്മരിക്കുന്നില്ല. അവരുടെയെല്ലാം ഉൾക്കാഴ്ചകൾ ഈ കൃതി രചിക്കുന്നതിൽ ഞാൻ കടമെടുത്തിട്ടുണ്ട്. എങ്കിലും ഈ ബൃഹത്തും സമകാലിക ജീവിതവുമായി അഭേദ്യബന്ധമുള്ളതും ആയ സാംസ്കാരിക പഠനമണ്ഡലം മലയാളക്കരയിൽ ഇപ്പോഴും ശൈശവാവസ്ഥയിലാണ്. ഈ മഹത്തായ ചിന്താധാരയോട് നീതിപുലർത്തുന്ന ഒന്നാണ് ഈ ലളിതമായ ലേഖനങ്ങളുടെ സമാഹാരമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇത് കുറെക്കൂടി വിപുലവും ഗഹനവും ആക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും അവ എന്ന് സാധിക്കുമെന്ന് പറയാനാവില്ല. അതിനിടയിൽ എന്നെക്കാൾ അറിവും കഴിവുമുള്ള യുവതലമുറയിലെ സഖാക്കളും സുഹൃത്തുക്കളും ആ കർത്തവ്യം ഏറ്റെടുത്താൽ എനിക്ക് അത് അതീവ ചാരിതാർഥ്യജനകമായിരിക്കും.

പി. ഗോവിന്ദപ്പിള്ള

റിപ്പബ്ലിക് ദിനം, 2004
എ കെ ജി സെന്റർ.

ഉള്ളടക്കം

1. സംസ്കാരവും നാഗരികതയും 9
2. അടിത്തറയും മേൽപ്പുരയും 17
3. തൊഴിലാളിവർഗവും ബുദ്ധിജീവികളും 25
4. ഭരണകൂടവും സംസ്കാരവും 32
5. സംക്രമം, സംഘർഷം, സമന്വയം 46
6. നാടോടി പാരമ്പര്യത്തിലെ പ്രതിസംസ്കൃതി 54
7. പ്രതിസംസ്കൃതിയുടെ ദേവതകൾ 60
8. ആഗോളവൽക്കരണം: അർഥവും അനർഥവും 68
9. ആഗോളവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രം 78
10. സംസ്കാരവും സംവേദനവും 82
11. സ്വാതന്ത്ര്യവും സംസ്കാരവും 95

1 സംസ്കാരവും നാഗരികതയും

എന്താണ് സംസ്കാരം?

സർവസാധാരണമായി പരാമർശിക്കപ്പെടുന്ന ഒരു പദമാണ് 'സംസ്കാരം' എങ്കിലും അതിന്റെ നിർവചനവും അർഥവിവരണവും അനായാസമല്ല. ഇംഗ്ലീഷിലും പല യൂറോപ്യൻ ഭാഷകളിലും 'കൾച്ചർ' എന്ന പേരിൽ അറിയപ്പെടുന്ന സങ്കൽപ്പനമാണ് മലയാളത്തിൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി സംസ്കാരം എന്ന് നാം വിവർത്തനം ചെയ്ത് ഉപയോഗിക്കുന്നത്. എന്നാൽ സർക്കാരിന്റെ സാംസ്കാരിക വകുപ്പ്, സാംസ്കാരിക സമ്മേളനം, സാംസ്കാരിക നായകന്മാർ എന്നെല്ലാം ഉള്ള പ്രയോഗങ്ങളിൽ അടങ്ങിയ സംസ്കാരം എന്ന പദത്തിന് ഇന്ന് നാം കൽപ്പിക്കുന്ന അർഥം ഏതാനും വർഷം മുമ്പുപോലും അതിനുണ്ടായിരുന്നില്ല. ഉദാഹരണത്തിന്, ഇപ്പോഴും ആധികാരികത നഷ്ടപ്പെട്ടിട്ടില്ലാത്ത ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയുടെ *ശബ്ദതാരാവലി* എന്ന നിഘണ്ടു പരിശോധിച്ച് നോക്കുക. 1922 ൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു തുടങ്ങിയ ഈ ആധികാരിക ശബ്ദകോശത്തിൽ 'സംസ്കാര'ത്തിന് നൽകിയിരിക്കുന്ന അർഥകൽപ്പനകൾ താഴെ ഉദ്ധരിക്കുന്നു:

> **സംസ്കാരം**—[സംസ്കാരം] ശുദ്ധീകരണം; വിദ്യാഭ്യാസം കൊണ്ടും മറ്റും മനസിനുണ്ടാകുന്ന പ്രഭാവം; പൂർത്തിയാക്കൽ; അലങ്കാരം; ഏത് വസ്തുവിന്റെയും കുറതീർപ്പ്; പാകപ്പെടുത്തൽ; (ശവം) അടക്കം ചെയ്യൽ; പുടം വെക്കൽ; ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി; തയ്യാറാക്കൽ; വിശുദ്ധകർമം; പൂണൂൽ

കല്യാണം; അഭിപ്രായം; മിനുക്കുകല്ല്. സംസ്കാരങ്ങൾ അഞ്ചു വിധം:-അങ്കനം (ശംഖും ചക്രവും എഴുതുക), ഊർധ്വപുണ്ഡ്രകം, യാഗം, നാമധാരണം, മന്ത്രം. പണ്ഡിതന്മാർക്ക് കൃഷ്ണദാസ്യം കൈവരണമെങ്കിൽ ഇതു സാധിക്കണം. (*ഷോഡശ സംസ്കാരങ്ങൾ* നോക്കുക)

പൂണൂൽ കല്യാണവും വിവാഹവും ശവസംസ്കാരവും മറ്റുമായ 'ഷോഡശ' സംസ്കാരങ്ങൾക്കാണ് ഇവയിൽ ഊന്നൽ നൽകുന്നത്. സാഹിത്യം, ചിത്രമെഴുത്ത്, നൃത്തം തുടങ്ങിയ കലാപ്രവർത്തനങ്ങളുടെ സൂചനപോലും ഇല്ല. "വിദ്യാഭ്യാസം കൊണ്ടും മറ്റും മനസിനുണ്ടാകുന്ന പ്രഭാവം" എന്ന വിശദീകരണം വളരെ വലിച്ചുനീട്ടിയാൽപ്പോലും ഇന്നത്തെ അർഥത്തിലുള്ള "സംസ്കാര"ത്തിൽ *ശബ്ദതാരാവലി*യിലെ അർഥവിവരണങ്ങൾ എത്തിച്ചേരുകയില്ല. സംസ്കാരത്തിന്റെ പ്രകടിത രൂപങ്ങളായ സുജന മര്യാദ, കുടുംബഘടനാ സമ്പ്രദായം, സ്ത്രീ-പുരുഷബന്ധം, സ്ത്രീകളുടെയും ശിശുക്കളുടെയും പദവി മുതലായവയൊന്നും ഈ 'ഷോഡശ' സംസ്കാരപ്രസരത്തിൽ തിരുകിക്കയറ്റാൻ പറ്റുകയില്ല.

മലയാള ഗദ്യസാഹിത്യത്തിന്റെയും പദപ്രയോഗങ്ങളുടെയും ആവിഷ്കർത്താക്കളായ കേരളവർമ വലിയകോയിത്തമ്പുരാൻ, ഒ ചന്തുമേനോൻ, സി വി രാമൻപിള്ള, സി അന്തപ്പായി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, രാജരാജവർമ തുടങ്ങിയവരുടെ കൃതികളിലെല്ലാം പരതിനോക്കിയാലും ഇന്നത്തെ അർഥത്തിലുള്ള സംസ്കാരം എന്ന പദപ്രയോഗം കണ്ടെത്തുക ദുഷ്കരമാണ്. ഇതിൽനിന്നെല്ലാം ന്യായമായി ഊഹിക്കാവുന്നത് 'കൾച്ചർ' എന്ന ഇംഗ്ലീഷ് പദപ്രയോഗത്തിന് സമാനമായ 'സംസ്കാര'ത്തിന് ഇന്നത്തെ അർഥം കൈവന്നത് 20-ാം നൂറ്റാണ്ടിന്റെ മധ്യത്തിന് അൽപ്പം മുമ്പുതൊട്ടായിരിക്കണം എന്നാണ്.

ഇതിൽ ഒട്ടും വിസ്മയിക്കേണ്ട കാര്യമില്ല. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷ് തുടങ്ങിയ ആധുനിക പാശ്ചാത്യ ഭാഷകളിലും 'സംസ്കാര'ത്തിന് ഇന്നത്തെ അർഥം കൈവന്നിട്ട് വളരെ കാലമായിട്ടില്ല. എന്നു മാത്രമല്ല, ഇന്ന് ഈ പദപ്രയോഗത്തിന്റെ അർഥവ്യാപ്തിയും പ്രയോഗപരിധിയും സംഗ്രഹിച്ച് പറയാനാകാത്തവിധം സങ്കീർണവും വൈവിധ്യജടിലവും സമ്പന്നവും ആണുതാനും. അതുകൊണ്ടാണ് താരതമ്യേന ഒരു നവീന വിജ്ഞാനശാഖയായ 'സാംസ്കാരിക പഠന'ത്തിന്റെ ആദ്യ പഥികരിൽ പ്രാമാണികനായി കരുതപ്പെടുന്ന റെയ്മണ്ട് വില്യംസ് ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും വൈഷമ്യമേറിയ രണ്ടോ മൂന്നോ പദങ്ങളിൽ ഒന്നായി 'കൾച്ചറി'നെ എടുത്തുകാട്ടിയത്. (*കീ വേഡ്സ്*, 1976)

പ്രാചീന ലത്തീൻഭാഷാമൂലത്തിൽനിന്നുള്ള ഈ പദത്തിന്റെ ഉദ്ഭവവും അനേക നൂറ്റാണ്ടുകളിലൂടെ അതിനുണ്ടായ അർഥ പരിണാമ

ങ്ങളും പ്രായോഗിക വ്യാപ്തിയും പന്ത്രണ്ട് സഞ്ചികകളായുള്ള ഓക്സ്ഫോർഡ് നിഘണ്ടുവിനെ അടിസ്ഥാനപ്പെടുത്തി റെയ്മണ്ട് വില്യംസ് അപഗ്രഥിക്കുന്നു. അനേക നൂറ്റാണ്ടുകൾ നീണ്ട ഈ ശബ്ദ പരിണാമ ചരിത്രത്തിന്റെ പുതിയ ഘട്ടം ആരംഭിക്കുന്നത് 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ മാത്രമാണ്. മഹാപണ്ഡിതനായ ജർമൻ മനീഷി ഫോൺ ഹംബോൾഡ്ട്ട്, ഇംഗ്ലീഷ് നരവംശശാസ്ത്രജ്ഞനായ ഇ ബി ടെയ്ലർ തുടങ്ങിയവരുടെ സംസ്കാരവും നാഗരികതയും സംബന്ധിച്ച പഠനങ്ങളും ചർച്ചകളും ആണ് ഈ പുതിയ അർഥ കൽപ്പനകൾക്കും വ്യവഹാരത്തിനും തുടക്കം കുറിച്ചത്. പ്രശസ്ത സാഹിത്യ നിരൂപകനും ചിന്തകനും ആയ മാത്യു ആർണോൾഡിന്റെ *സംസ്കാരവും അരാജകത്വവും* (*കൾച്ചർ ആന്റ് അനാർക്കി*, 1869) നരവംശശാസ്ത്രത്തിന്റെ ആദ്യപഥികരിൽ പ്രമുഖനായ ഇ ബി ടെയ്ലറുടെ *ആദിമ സംസ്കൃതി* (*പ്രിമിറ്റീവ് കൾച്ചർ*, 1871) തുടങ്ങിയ ചില കൃതികളാണ് വ്യത്യസ്തമായ ഊന്നലുകളോടെ ആണെങ്കിലും കൾച്ചർ എന്ന പദത്തിന് ഇന്നത്തെ അർഥകൽപ്പനകൾ നൽകിത്തുടങ്ങിയത്.

നാഗരികത എന്നാലെന്ത്?

ഈ വിവാദങ്ങളും വ്യവഹാരങ്ങളും സംസ്കാരത്തിന്റെ അർഥ ഗ്രഹണത്തെ അനായാസമാക്കുന്നതിനുപകരം പൂർവാധികം സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് സംസ്കാരവും അതുമായി ബന്ധപ്പെട്ട നാഗരികതയും തമ്മിലുള്ള സമാനതയുടെയും വൈപരീത്യത്തിന്റെയും പ്രശ്നങ്ങൾ എടുക്കുക. ഇംഗ്ലീഷിലെ കൾച്ചർ എന്ന പദത്തിന് സമാനമായിട്ടാണ് സംസ്കാരം എന്ന പദം നാം ഉപയോഗിച്ചു വരുന്നതെന്ന് നേരത്തേ പറഞ്ഞുവല്ലോ. അതുപോലെ ഇംഗ്ലീഷിലെ 'സിവിലിസേഷൻ' എന്ന പദത്തിന് സമാനമായിട്ടാണ് നാഗരികത നാം ഉപയോഗിച്ചുവരുന്നത്. ഇവ തമ്മിൽ ഉള്ള ബന്ധവും വൈപരീത്യവും വളരെക്കാലമായി പണ്ഡിതന്മാരുടെ വിവാദങ്ങൾക്ക് വിഷയമായി തുടരുന്നു.

മനുഷ്യസമൂഹത്തിന്റെ അവസ്ഥയും ഘടനയും സ്വരൂപവുമാണ് ഈ രണ്ട് പദങ്ങൾകൊണ്ട് വിവക്ഷിക്കപ്പെടുന്നതെങ്കിലും അവ സമൂഹത്തിന്റെ വ്യത്യസ്ത ധർമങ്ങളെയും വശങ്ങളെയും സൂചിപ്പിക്കുകയും ചെയ്യുന്നു. ഗ്രീക്ക് ഭാഷയിലെ 'സിവിറ്റാസ്' അഥവാ നഗരസംബന്ധിയായ പ്രകൃതത്തെയും നേട്ടങ്ങളെയും ആണ് ആ പദത്തിൽനിന്ന് രൂപം കൊണ്ട സിവിലിസേഷൻ അർഥമാക്കുന്നത്. മുഖ്യമായും സമൂഹജീവിതത്തിലെ ഭൗതിക നേട്ടങ്ങൾക്കാണ് സിവിലിസേഷനിൽ ഊന്നൽ ലഭിക്കുന്നത്. കൃഷി, കൈത്തൊഴിൽ, ഭവനനിർമാണം, പൊതുമരാമത്ത് മുതലായ മേഖലകളിൽ മനുഷ്യനും നഗരജീവിതത്തോടൊപ്പം കൈ

വന്ന നേട്ടങ്ങളും, ഭരണസംവിധാനം, സാമ്പത്തിക ഘടന തുടങ്ങിയ കാര്യങ്ങളിലുള്ള പുരോഗതിയും മറ്റും നാഗരികതയുടെ ലക്ഷണങ്ങളായി പരിഗണിക്കപ്പെടുന്നു. കല, സാഹിത്യം, ആചാരം, ആരാധന, കുടുംബബന്ധം, സ്ത്രീ–പുരുഷ വേഴ്ച തുടങ്ങിയ മാനസികമായ നേട്ടങ്ങളും സമ്പ്രദായങ്ങളുമാണ് സംസ്കാരത്തിന്റെ ഉള്ളടക്കം.

സംസ്കാരവും നാഗരികതയും തമ്മിൽ ഊന്നലിൽ വ്യത്യാസങ്ങൾ നിലവിലുണ്ടെങ്കിലും അവ പരസ്പരം ബന്ധപ്പെട്ടതാണുതാനും. മാർക്സിസ്റ്റ് ചിന്തയിലെ "അടിത്തറയും മേൽപ്പുരയും" എന്ന വാസ്തുശിൽപ്പരൂപകം ഇവിടെ പ്രസക്തമാണ്. സമൂഹത്തിന്റെ നിലനിൽപ്പിന് ഉൽപ്പാദന ഉപാധികളുടെ ആവിഷ്കാരവും പരിവർത്തനവും അവശ്യ ഉപാധിയാണ്. എങ്ങനെ മനുഷ്യൻ ഇര തേടുന്നു? കാടുകളിൽ സ്വയം വളരുന്നതും ലഭ്യമായതുമായ കായ്കനികളും വെള്ളത്തിലും കരയിലുമുള്ള ജീവജാലങ്ങളും ശേഖരിച്ചും വേട്ടയാടിയും ഉപജീവനം കഴിച്ചിരുന്ന മനുഷ്യൻ പിന്നീട് ധാന്യവും കായ്കനികളും കൃഷി ചെയ്ത് വിളവെടുക്കാനും വേട്ടമൃഗങ്ങളിൽ ചിലവയെ വീട്ടുമൃഗങ്ങളായി വളർത്തുവാനും ആരംഭിച്ചു. കൃഷി സമ്പ്രദായങ്ങളിൽത്തന്നെ ലോഹവും ലോഹനിർമിതങ്ങളായ പണിയായുധങ്ങളും കണ്ടുപിടിക്കപ്പെട്ടതോടെ ഉൽപ്പാദനക്ഷമത വർധിക്കുകയും ചെയ്തു. പണിയായുധങ്ങളുടെയും ഭൂമി തുടങ്ങിയ അധ്വാന വസ്തുക്കളുടെയും ഉടമസ്ഥത ചില വിഭാഗങ്ങൾക്കായി ചുരുങ്ങിയതോടെ ഭൂരിപക്ഷംപേർ അടിമകളും അടിയാന്മാരുമായിത്തീർന്നു.

ഈ ഉൽപ്പാദന ഉപാധികളുടെ സ്വഭാവവും ഘടനയും അവയുടെ ഉടമസ്ഥതയെയും ഉടമസ്ഥതയില്ലാത്ത അധ്വാനശേഷിയെയും ആസ്പദമാക്കിയുള്ള ഉൽപ്പാദന രീതിയാണ് സമൂഹത്തിന്റെ അടിത്തറ. ഈ അടിത്തറയിൽനിന്ന് രൂപംകൊള്ളുന്നതും അടിത്തറയെ പലപ്പോഴും നിലനിർത്താനും ചിലപ്പോൾ പൊളിച്ചെഴുതാനും ഉതകുന്നതുമായ ആശയങ്ങളുടെയും ആദർശങ്ങളുടെയും ആചാരങ്ങളുടെയും ഘടനയാണ് മേൽപ്പുര. ഇംഗ്ലീഷിൽ ഇവയെ 'ബേസിസ്' എന്നും 'സൂപ്പർ സ്ട്രക്ച്ചർ' എന്നും വിളിക്കുന്നു.

ബേസിസ് മാറുന്നതോടൊപ്പം സൂപ്പർ സ്ട്രക്ച്ചർ മാറുക മാത്രമല്ല ബേസിസിനെ നിലനിർത്താനോ മാറ്റിമറിക്കാനോ ഉള്ള ഘടകങ്ങളായി മാറുകയും ചെയ്യുന്നു. ഈ വീക്ഷണപ്രകാരം നാഗരികതയുടെ ഭൗതിക ഘടകങ്ങളുമായി ബന്ധപ്പെട്ടതാണ് സംസ്കാരത്തിന്റെ ഉദയവികാസങ്ങൾ എന്ന് സിദ്ധിക്കുന്നു. എങ്കിലും ഈ രണ്ട് സാമൂഹ്യ സങ്കൽപ്പനങ്ങളും തമ്മിലുള്ള ഊന്നലിലെ വ്യത്യാസവും സ്വഭാവ വൈജാത്യവും വിസ്മരിച്ചുകൂടാ.

ഇവയ്ക്കെല്ലാം പുറമെ ചില ചിന്തകരും പണ്ഡിതന്മാരും ഈ രണ്ട്

പദങ്ങളെ മേൽവിവരിച്ചതിൽനിന്നും വ്യത്യസ്തമായ രീതിയിൽ പ്രയോഗിക്കുന്നത് ആശയക്കുഴപ്പത്തിന് വഴിവയ്ക്കുന്നു. ഉദാഹരണത്തിന് ജർമൻ സൈദ്ധാന്തികൻ ബാരൺ ഫോൺ ഹംബോൾഡ്ട്ട് ഭൗതികമായ ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതാണ് സംസ്കാരം എന്നും ബൗദ്ധികമായ ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കുന്നത് നാഗരികത അഥവാ സിവിലിസേഷൻ ആണെന്നും വിധിക്കുമ്പോൾ നാം ഇതുവരെ ചർച്ച ചെയ്ത് അംഗീകരിച്ച അർഥകൽപ്പനകൾ കീഴ്മേൽ മറിയുന്നു.

മറ്റൊരു രസകരമായ വസ്തുത 18–ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ അന്നത്തെ ആധികാരികമായ ഇംഗ്ലീഷ് നിഘണ്ടു നിർമിച്ച ഡോ. സാമുവൽ ജോൺസൺ സിവിലിസേഷൻ എന്ന പദം തന്റെ കൃതിയിൽ ചേർക്കാൻ വിസമ്മതിച്ചു എന്നതാണ്. 1772 ൽ ജോൺസന്റെ സന്തതസഹചാരിയും ജീവചരിത്രകാരനും ആയിരുന്ന ജെയിംസ് ബോസ്വെൽ സിവിലിസേഷൻ എന്ന പദം നിഘണ്ടുവിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടും ജോൺസൺ കൂട്ടാക്കിയില്ല. സിവിലിസേഷൻ എന്ന പദത്തെക്കാൾ കൂടുതൽ അർഥപൂർത്തി ലഭിക്കുന്നത് 'സിവിറ്റാസ്', 'സിവിലിറ്റി' മുതലായ പഴയ പദങ്ങൾക്കാണെന്ന് ജോൺസൺ വാദിച്ചുവത്രേ. 'സംസ്കാരം', 'നാഗരികത' മുതലായ പദപ്രയോഗങ്ങൾക്ക് ഉണ്ടായ അർഥപരിണാമങ്ങൾ ഇവിടെയും തെളിഞ്ഞുവരുന്നു എന്നു മാത്രമേ പറയേണ്ടതുള്ളൂ.

നരവംശശാസ്ത്രവും പ്രാക്ചരിത്രവും

നരവംശശാസ്ത്രവും പുരാവസ്തു വിജ്ഞാനീയത്തെ അടിസ്ഥാനപ്പെടുത്തിയ പ്രാക്ചരിത്രവും സംസ്കാരത്തിന്റെയും നാഗരികതയുടെയും പഠനങ്ങളിൽ പുതിയ വെളിച്ചം വീശുന്നുണ്ട്. നരവംശശാസ്ത്ര പ്രകാരം സംസ്കാരം എന്നാൽ ഒരു മനുഷ്യസമൂഹത്തിന്റെ ജീവിത സമ്പ്രദായങ്ങളുടെയും വിശ്വാസ ആചാരങ്ങളുടെയും ആകെ തുകയാണ്. അവർ അതിനെ പഠനത്തിനുവേണ്ടി രണ്ടായി തിരിക്കുന്നുമുണ്ട്. ഒന്ന് 'മെറ്റീരിയൽ കൾച്ചർ' അഥവാ ഭൗതിക സംസ്കാരം. നേരത്തേ ചർച്ച ചെയ്ത പണിയായുധങ്ങളും ഉൽപ്പാദന സമ്പ്രദായങ്ങളും എല്ലാം ഭൗതിക സംസ്കാരത്തിൽപ്പെടുന്നു. മെറ്റീരിയൽ കൾച്ചറിൽനിന്ന് വ്യത്യസ്തമാണ് 'സ്പിരിച്വൽ' അഥവാ ആത്മീയ സംസ്കാരം. ആത്മീയതയെ മതപാരമ്പര്യത്തിലുള്ള അന്ധവിശ്വാസമായി കാണുന്നവരുണ്ടെങ്കിൽ അവർക്കതിനെ മാനസിക സംസ്കാരമെന്നോ ബൗദ്ധിക സംസ്കാരമെന്നോ വിളിക്കാവുന്നതാണ്. മൂല്യബോധം, ആചാരം, അനുഷ്ഠാനം, സംഗീതം, ചിത്രകല, നൃത്തം എന്നിവയെല്ലാം ഈ വകുപ്പിൽപ്പെടുന്നു. ഉൽപ്പാദന പ്രവർത്തനം, ചികിത്സ മുതലായവയ്ക്കായി രൂപംകൊള്ളുന്ന പ്രാഥമിക ശാസ്ത്രവിജ്ഞാനങ്ങളും ഈ ഇനത്തിൽപ്പെടുന്നു. 1871 ൽ

ഇംഗ്ലീഷുകാരനായ ഇ ബി ടെയ്ലർ *ആദിമ സംസ്കൃതി* (*പ്രിമിറ്റീവ് കൾച്ചർ*) എന്ന പേരിലെഴുതിയ ആദ്യകാല നരവംശശാസ്ത്ര ക്ലാസിക്കിൽത്തന്നെ ഈ വീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. *ശബ്ദതാരാവലി*യിൽ പറയുന്ന മാനസികമായ മേന്മ മാത്രമല്ല സംസ്കാരത്തിൽ ഉൾക്കൊള്ളുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

നാഗരികതയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെ ഒരേ വികാസപ്രക്രിയയുടെ ആദ്യഘട്ടവും അനന്തര ഘട്ടവുമായി വ്യാഖ്യാനിക്കുന്നവരും ഉണ്ട്. പ്രശസ്ത അമേരിക്കൻ നരവംശ ശാസ്ത്രജ്ഞനായ എ എൽ ക്രോയ്ബർ (1876–1960) ആ വീക്ഷണക്കാരനായിരുന്നു. വനാന്തരങ്ങളിലും ഉൾനാടുകളിലും കഴിഞ്ഞുകൂടുന്ന ഘട്ടത്തിൽ സമൂഹത്തിന് കൈവരുന്ന സംസ്കൃതിയാണ് പിൽക്കാലത്ത് ജനവാസകേന്ദ്രങ്ങൾ നഗരങ്ങളായി മാറുമ്പോൾ നാഗരികതയായി വികസിക്കുന്നത് എന്ന് ക്രോയ്ബർ ചൂണ്ടിക്കാട്ടുന്നു. ഗ്ലിൻ ഡാനിയലിനെപ്പോലുള്ള പ്രാക് ചരിത്ര പണ്ഡിതന്മാരിൽ ചിലർ ക്രോയ്ബറുടെ നിലപാടാണ് അംഗീകരിക്കുന്നത്. (*ദി ഫസ്റ്റ് സിവിലിസേഷൻസ്*—ന്യൂയോർക്ക്, 1968).

ഈ വീക്ഷണപ്രകാരം സിന്ധു നദീതടത്തിലെ പ്രാചീന നഗരാവശിഷ്ടങ്ങളും മറ്റും നാഗരികതയെ പ്രതിനിധീകരിക്കുമ്പോൾ ഈ നഗരങ്ങൾക്ക് ജന്മം നൽകിയ മുൻകാല ഗ്രാമീണ കർഷകസമൂഹം—മോഹൻജൊദാരോയും ഹരപ്പയും മറ്റും വളർന്ന് വികസിച്ചതിനുശേഷവും അവർക്കാവശ്യമായ കാർഷിക വിഭവങ്ങളും മറ്റും ഉൽപ്പാദിപ്പിച്ച് എത്തിച്ചുകൊടുക്കുന്നവരുടേത്—നാഗരികതയല്ല, സംസ്കൃതിയാണ്. ഈ വീക്ഷണം അതുപോലെതന്നെ അംഗീകരിച്ചാൽ പുതിയ ചില ആശയക്കുഴപ്പങ്ങൾക്ക് വഴിവയ്ക്കുമെങ്കിലും ഈ നിർവചനം അപ്പാടെ ഉപേക്ഷിക്കേണ്ടതില്ല.

ഈ അധ്യായത്തിലും പുസ്തകത്തിലും പ്രധാനമായും ചർച്ച ചെയ്യുന്നത് മേൽവിവരിച്ച അർഥത്തിലുള്ള സംസ്കാരത്തെ ആകെയാൽ, നാഗരികതയെക്കുറിച്ച് ആനുഷംഗികമായ പരാമർശങ്ങൾ മാത്രമേ നടത്തുന്നുള്ളൂ. സംസ്കാരത്തെക്കുറിച്ച് കുറെക്കൂടി വ്യക്തത ലഭിക്കാൻ മറ്റൊരു പദദ്വന്ദ്വം കൂടി പരിശോധിക്കാം. അതായത് പ്രകൃതിയും സംസ്കൃതിയും എന്ന ദ്വന്ദ്വ സങ്കൽപ്പനങ്ങൾ—ഇംഗ്ലീഷിൽ നേച്ചറും കൾച്ചറും. മനുഷ്യന് പ്രകൃത്യാതന്നെ ലഭിക്കുന്ന വാസനകളും ചോദനകളും മറ്റ് ജീവജാലങ്ങൾക്ക് ഉള്ളതിൽനിന്ന് വളരെ വ്യത്യസ്തമല്ല. വിശപ്പുള്ളപ്പോൾ ഭക്ഷണം കണ്ടാൽ അതിന് മറ്റവകാശികൾ ഉണ്ടോ, ഭക്ഷണം മറ്റാർക്കെങ്കിലുമായി പങ്കുവയ്ക്കേണ്ടതുണ്ടോ, ഭക്ഷണം കഴിക്കാൻ ഉചിതമായ സ്ഥലവും സന്ദർഭവും ആണോ അത് എന്നൊന്നും മനുഷ്യേതര ജീവികൾ ശ്രദ്ധിക്കാറില്ല. ചില ജീവികൾ കിട്ടുന്ന ഭക്ഷണം ചില കിളികളെപ്പോലെ കുഞ്ഞുങ്ങൾക്ക് കൊക്കിൽ കൊത്തിയെടുത്ത്

വച്ചുകൊടുക്കുന്നത് പോലുള്ള അപൂർവം ചില ഉദാഹരണങ്ങൾ ഉണ്ടെങ്കിലും അവയെ മനുഷ്യരുടെ അശനപ്രക്രിയയുമായി താരതമ്യപ്പെടുത്തിക്കൂടാ. അതുപോലെ ഇണചേരാനുള്ള ഉൾപ്രേരണ ഉണ്ടാവുമ്പോൾ കണ്ടുമുട്ടുന്നവ തനിക്ക് അർഹതപ്പെട്ടതാണോ ഉചിതമാണോ സ്ഥല സന്ദർഭങ്ങൾ അനുയോജ്യമാണോ എന്നൊന്നും ജീവജാലങ്ങൾ അന്വേഷിക്കാറില്ല. കുഞ്ഞുങ്ങളെ പ്രത്യേകം ശ്രദ്ധയോടെ മുലയൂട്ടുകയും സംരക്ഷിച്ച് വളർത്തുകയും ചെയ്യുന്ന ചില ജന്തുക്കൾ ഉണ്ടെങ്കിലും അവ ദീർഘമായ പരിണാമഗതിയിലൂടെ ലഭിച്ച വാസനാവൈഭവം കൊണ്ടും അതിലൂടെ നേടാൻ കഴിയുന്ന ശാരീരികമായ ചില സംതൃപ്തിജനകമായ അനുഭൂതികൾ കൊണ്ടും മാത്രമാണ് അത് നേടിയത്. എന്നാൽ ഇരതേടുന്നതിലും ഇണചേരുന്നതിലും വംശവർധനയ്ക്കുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും മനുഷ്യർക്ക് ചില ചിട്ടവട്ടങ്ങളും മര്യാദകളും ഉണ്ട്. അത് സംസ്കാരത്തിൽനിന്ന് ലഭിക്കുന്ന വിധിനിഷേധങ്ങളാലും അനുഭവത്തിൽനിന്നും ആലോചനയിൽനിന്നും എത്തിച്ചേരുന്ന നിഗമനങ്ങളാലും രൂപപ്പെട്ടതാണ്. മനുഷ്യസമൂഹം ക്രമേണ വികസ്വരവും പരിഷ്കൃതവും ആകുന്നതിനനുസരിച്ച് ഈ വിധിനിഷേധങ്ങളുടെയും അവയ്ക്കാധാരമായ വിശ്വാസാദർശങ്ങളുടെയും വ്യാപ്തി വർധിക്കുന്നു. വസ്ത്രം ധരിക്കേണ്ടത് എങ്ങനെ, ആഹാരം കഴിക്കേണ്ടത് എങ്ങനെ, മുതിർന്നവരോട് പെരുമാറേണ്ടത് എങ്ങനെ, വഴിയിൽ ഒരു സുഹൃത്തിനെ കണ്ടാൽ അഭിവാദ്യം ചെയ്യേണ്ടതെങ്ങനെ, അതിഥിയെ സൽക്കരിക്കേണ്ടത് എങ്ങനെ എന്നിവയെല്ലാം സാംസ്കാരികമായ വിധിനിഷേധങ്ങൾക്ക് വിധേയമാണ്. ആധുനിക ജീവിതക്രമത്തിന് അത്യന്താപേക്ഷിതമായ 'ക്യൂ' വ്യവസ്ഥയും ട്രാഫിക് ചട്ടങ്ങളും മറ്റും ഇത്തരം സാംസ്കാരിക നടപടിക്രമങ്ങളിലേക്ക് നുഴഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സംസ്കാരവും സന്മാർഗവും (മോറൽസ്) തമ്മിലുള്ള വേർതിരിവ് അവ്യക്തമായിത്തീരുന്നു.

ഇതോടൊപ്പം സംസ്കാരവും നാഗരികതയും തമ്മിലുള്ള വേർതിരിവും മിശ്രണവും മാറിമാറി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. നാഗരികതയിൽ ആഭിജാത്യവും അന്തസും ആരോപിക്കുകയും ഗ്രാമീണതയിൽ അനഭ്യസ്തതയും പരുക്കൻ പ്രകൃതവും കാണുകയും ചെയ്യുന്ന ശീലം സമൂഹത്തിൽ പരക്കെ നിലവിലുണ്ട്. മോശപ്പെട്ട ഭാഷാപ്രയോഗത്തെ "ഗ്രാമ്യം" എന്നാണ് രാജരാജവർമയെ പോലെയുള്ള ഉൽപ്പതിഷ്ണുക്കൾ പോലും വിശേഷിപ്പിക്കുന്നത്. മോശപ്പെട്ട പ്രകൃതത്തെ "കാടൻ പ്രകൃതം" എന്നു വിളിക്കുമ്പോൾ അതിൽ ഗിരിജനങ്ങളോടും ഇതര വിഭാഗങ്ങളോടും ഉള്ള അവജ്ഞ സ്ഫുരിക്കുന്നുണ്ട്. *അഭിജ്ഞാനശാകുന്തള*ത്തിൽ വനവാസിയായി വളർന്ന ശകുന്തളയുമായി വേഴ്ച ഉണ്ടായോ എന്ന് ദുഷ്യന്തനോട് ആരാഞ്ഞപ്പോൾ "നാഗരികാം

ഗനാ രസികനായ തനിക്ക് മന്മദഗന്ധം പോലും അറിയാത്ത ഈ കാട്ടു ജാതിക്കാരിയോട് എങ്ങനെ ഭ്രമം ഉണ്ടാകും" എന്ന പുച്ഛരസത്തിലുള്ള മറുപടി ശ്രദ്ധിക്കുക. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ മഹാത്മാഗാന്ധിയുടെ പ്രവേശനത്തോടുകൂടി ഗ്രാമീണ ജനത സ്വാതന്ത്ര്യസമരത്തിന്റെ അരങ്ങിലേക്ക് ആനയിക്കപ്പെടുന്നതോടെ കവികൾക്കും സാംസ്കാരിക നായകന്മാർക്കും അവരെക്കുറിച്ചുള്ള മതിപ്പ് വർധിച്ചതായി കാണാം. പ്രേംചന്ദിന്റെ *ഗോദാനം* തുടങ്ങിയ ആഖ്യായികകളിൽ ഈ മതിപ്പ് പ്രത്യക്ഷപ്പെടുന്നു. മലയാളത്തിൽ കുറ്റിപ്പുറത്ത് കേശവൻനായരുടെ ഈരടികൾ പ്രസിദ്ധങ്ങളാണ്:

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

പടിഞ്ഞാറൻ രാഷ്ട്രങ്ങളിലെ ജനാധിപത്യ വിപ്ലവത്തിന്റെ അലകൾ ഗ്രാമങ്ങളിലേക്ക് വ്യാപിച്ചതിന്റെ മാറ്റൊലിയായി ഉയർന്ന വേഡ്സ് വർത്ത്, റൂസോ തുടങ്ങിയ കവികളുടെയും ദാർശനികരുടെയും കാൽപ്പനിക ഭാവനകളിലും ഈ മാറ്റം പ്രകടമാണ്.

ശാസ്ത്ര–സാങ്കേതിക വിപ്ലവവും ആധുനിക സംവേദന മാധ്യമങ്ങളുടെ പ്രചാരവും നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള ഈ വ്യത്യാസം കുറച്ചുകൊണ്ടിരിക്കുകയാണ്. നഗരവൽക്കരണത്തിന്റെ വ്യാപനവും ഈ പ്രക്രിയയ്ക്ക് വേഗത നൽകുന്നു. എങ്കിലും നാഗരികതയും സംസ്കാരവും എന്ന രണ്ട് പദങ്ങൾ നൽകുന്ന വ്യത്യസ്തമായ അർഥ വിവക്ഷകൾ പരിശോധനയ്ക്കും പഠനത്തിനും പ്രയോജനകരംതന്നെ. ■

2 അടിത്തറയും മേൽപ്പുരയും

സംസ്കാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അത്രതന്നെ പ്രധാനമായ മറ്റൊരു പദംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇംഗ്ലീഷിലെ "ഐഡിയോളജി" എന്നതിന് സമാനമായി മലയാളത്തിൽ കുറെക്കാലമായി ഉപയോഗിച്ചുവരുന്ന "പ്രത്യയശാസ്ത്രം" എന്ന പദമാണത്. അടുത്തകാലത്തായി പ്രത്യയശാസ്ത്രം എന്ന പദം വളരെ പ്രചാരത്തിൽ എത്തിയിട്ടുണ്ടെങ്കിലും മലയാളത്തിലെ പുതിയതോ പഴയതോ ആയ മിക്ക ശബ്ദകോശങ്ങളിലും അതിന് പ്രവേശനം ലഭിച്ചിട്ടില്ല. ഈ പദപ്രയോഗം പ്രചാരത്തിൽ വരുന്നതിന് നാലോ അഞ്ചോ പതിറ്റാണ്ടുകൾ മുമ്പ് 1922-ൽ പ്രസിദ്ധീകരിച്ച ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയുടെ *ശബ്ദതാരാവലി*യിൽ മാത്രമല്ല, ഈ വാക്കിന് പ്രചുരപ്രചാരം ലഭിച്ചശേഷം 1997-ൽ എസ് ഗുപ്തൻനായരുടെ നേതൃത്വത്തിൽ ഒരു സംഘം പണ്ഡിതന്മാർ തയ്യാറാക്കി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച *കേരള ഭാഷാ നിഘണ്ടു*വിലും പ്രത്യയശാസ്ത്രം പ്രത്യക്ഷപ്പെടുന്നില്ല എന്നത് മലയാളത്തിലെ നിഘണ്ടുനിർമാണത്തിലെ പരിതാപകരമായ അവസ്ഥയാണ് തെളിയിക്കുന്നത്.

സംസ്കാരവും പ്രത്യയശാസ്ത്രവും തികച്ചും വ്യത്യസ്തമായ സങ്കൽപ്പനങ്ങളായിട്ടാണ് കരുതപ്പെടുന്നതെങ്കിലും ചില സന്ദർഭങ്ങളിൽ ചില പ്രയോക്താക്കൾ ഇവയെ രണ്ടിനെയും ഇണക്കിച്ചേർത്ത് പ്രയോഗിക്കാറുണ്ട്. ഈ പ്രയോഗം തീർത്തും വികലമാണെന്ന് പറഞ്ഞുകൂടെങ്കിലും അവയ്ക്ക് വ്യത്യസ്തമായ അർഥതലങ്ങൾ ഉള്ളത് അവഗണിച്ചുകൂടാ. "അടിത്തറയും മേൽപ്പുരയും" എന്ന രൂപകത്തെക്കുറിച്ച് കാൾ

മാർക്സ് ആദ്യമായി നൽകുന്ന വിവരണത്തിൽ ഈ രണ്ട് സങ്കൽപ്പനങ്ങളും തമ്മിൽ ഭേദം കൽപ്പിച്ചിട്ടില്ല. മാർക്സ് എഴുതുന്നു:

> മനുഷ്യൻ അവരുടെ ജീവിതത്തിന്റെ സാമൂഹ്യോൽപ്പാദനത്തിൽ ഒഴിച്ചുകൂടാനാവാത്തതും അവരുടെ ഇച്ഛാശക്തിയിൽനിന്ന് സ്വതന്ത്രവുമായ നിശ്ചിത ബന്ധങ്ങളിൽ ഏർപ്പെടുന്നു. ഈ ഉൽപ്പാദനബന്ധങ്ങൾ അവരുടെ ഭൗതികോൽപ്പാദനശക്തികളുടെ വളർച്ചയുടെ ഒരു നിശ്ചിത നിലവാരത്തിന് അനുരൂപമായിരിക്കും. ഈ ഉൽപ്പാദനബന്ധങ്ങളുടെ ആകത്തുകയാണ് സമൂഹത്തിലെ സാമ്പത്തികഘടന യഥാർഥമായ അടിത്തറ ആയിത്തീരുന്നത്. ഈ അടിത്തറമേൽ നിയമപരവും രാഷ്ട്രീയവുമായ ഒരു മേൽപ്പുര ഉയർന്നുവരുന്നു; ഇതിന് അനുഗുണമായി സാമൂഹ്യബോധത്തിന്റെ നിയമരൂപങ്ങളും ഉണ്ടാവുന്നു. ഭൗതികജീവിതത്തിന്റെ ഉൽപ്പാദനരീതി, സാമൂഹ്യവും രാഷ്ട്രീയവും ബുദ്ധിപരവുമായ ജീവിതപ്രക്രിയയെ പൊതുവിൽ നിയന്ത്രിക്കുന്നു. മനുഷ്യരുടെ ബോധമല്ല അവരുടെ ചേതനയെ നിർണയിക്കുന്നത്. നേരേമറിച്ച്, അവരുടെ സാമൂഹ്യചേതനയാണ് അവരുടെ ബോധത്തെ നിർണയിക്കുന്നത്. സമൂഹത്തിന്റെ ഭൗതികോൽപ്പാദനശക്തികൾ അവയുടെ വികാസത്തിന്റെ ഒരു ഘട്ടമെത്തുമ്പോൾ നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളുമായി അല്ലെങ്കിൽ നിയമത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, സ്വത്തുടമബന്ധങ്ങളുമായി, സംഘട്ടനത്തിൽ ഏർപ്പെടുന്നു. ഈ ബന്ധങ്ങൾക്കുള്ളിലാണ് അതുവരെയും അവ പ്രവർത്തിച്ചിരുന്നത്. ഉൽപ്പാദനശക്തികളുടെ വികാസരൂപങ്ങൾ എന്ന നിലയിൽനിന്നും ഈ ബന്ധങ്ങൾ അവയുടെതന്നെ കാൽച്ചങ്ങലകളായി മാറുന്നു. അതോടെ സാമൂഹ്യവിപ്ലവത്തിന്റെ ഒരു യുഗം ആരംഭിക്കുകയായി. സാമ്പത്തികാടിത്തറ മാറുന്നതോടുകൂടി ഗംഭീരമായ മുഴുവൻ മേൽപ്പുരയും ഏറെക്കുറെ വേഗത്തിൽത്തന്നെ രൂപാന്തരം പ്രാപിക്കും. ഇത്തരം രൂപാന്തരീകരണങ്ങളെ പരിഗണിക്കുമ്പോൾ പ്രകൃതിശാസ്ത്രത്തിന്റെ കൃത്യതയോടുകൂടി നിശ്ചയിക്കാവുന്ന ഉൽപ്പാദനത്തിന്റെ സാമ്പത്തികോപാധികളുടെ ഭൗതികരൂപാന്തരീകരണവും ഈ സംഘട്ടനത്തെക്കുറിച്ച് മനുഷ്യൻ ബോധവാന്മാരാവുകയും ആ സമരം നടത്തി ഒരു തീരുമാനമുണ്ടാക്കുകയും ചെയ്യുന്ന നിയമപരവും രാഷ്ട്രീയവും മതപരവും സൗന്ദര്യാവബോധപരവും അല്ലെങ്കിൽ ദാർശനികവുമായ—ചുരുക്കത്തിൽ ആശയപരമായ—രൂപങ്ങളും തമ്മിൽ വേർതിരിച്ച് കാണണം. അതായത്, ഒരു വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായം ആ വ്യക്തി അവനെക്കുറിച്ചുതന്നെ എന്തു വിചാരിക്കുന്നു എന്നതിനെ അടിസ്ഥാ

> നമാക്കിയിട്ടല്ല; അതുപോലെ, ഒരു പരിവർത്തനത്തിന്റെ കാല ഘട്ടത്തെ സംബന്ധിച്ചുള്ള നമ്മുടെ വിലയിരുത്തലും അതിന്റെ ബോധത്തെ ആസ്പദമാക്കിക്കൊണ്ടാവാൻ പാടില്ല; നേരേമറിച്ച്, ഈ ബോധത്തെ വിശദീകരിക്കേണ്ടത് ഭൗതികജീവിതത്തിന്റെ വൈരുധ്യങ്ങളിൽനിന്നും സാമൂഹ്യോൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ നിലവിലുള്ള സംഘട്ടനങ്ങളിൽനിന്നും ആയിരിക്കണം. (*അർഥശാസ്ത്രവിമർശനത്തിന് ഒരു സംഭാവന*, ആമുഖം, 1859)

ഈ വിശദീകരണത്തിൽ മേൽപ്പുരയെ പ്രത്യയശാസ്ത്ര/സാംസ്കാരിക ഘടനയായിട്ടാണ് വിവരിച്ചിട്ടുള്ളത്. വളരെയേറെ ഉദ്ധരിക്കപ്പെട്ടിട്ടുള്ള മാർക്സിന്റെ ഈ വിശദീകരണം സാമൂഹിക സിദ്ധാന്തങ്ങളുടെ പുരോഗതിയിൽ സുപ്രധാനമായ ഒരു വഴിത്തിരിവാണ്. മാർക്സിസ്റ്റുകാർ മാത്രമല്ല മാർക്സിസ്റ്റ് ഇതരർ പോലും ഈ വിശദീകരണത്തിലെ സങ്കൽപ്പനങ്ങൾ ഉപയോഗിച്ചുവരുന്നു. എങ്കിലും ഈ വ്യക്തവും ഉജ്വലവും ആയ വിശദീകരണം ചില ആശയക്കുഴപ്പങ്ങൾക്കും വഴിവച്ചു. സമൂഹ അസ്തിത്വത്തിന്റെയും പരിവർത്തനത്തിന്റെയും ഏക പ്രേരകശക്തി സാമ്പത്തികവാദമാണെന്ന "സാമ്പത്തിക നിർണയവാദം" അഥവാ "സാമ്പത്തിക വിധിവാദം" (ഇക്കണോമിക് ഡിറ്റർമിനിസം) ആണ് മാർക്സിസ്റ്റ് സാമൂഹ്യ-രാഷ്ട്രീയ മീമാംസയുടെ കാതൽ എന്ന നിഗമനത്തിൽ വരെ ചിലർ എത്തിച്ചേർന്നു. മാർക്സിസത്തിന്റെ എതിരാളികൾ ഈ വിധിവാദത്തെ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ ഗുരുതരമായ പോരായ്മയായി കണ്ടപ്പോൾ ചില മാർക്സിസ്റ്റുകാർ അത്യാവേശത്തോടെ ഈ പുതുസിദ്ധാന്തത്തെ വരവേറ്റ് വ്യാഖ്യാനിക്കാൻ തുടങ്ങി. ഇപ്പോഴും അപ്രകാരംതന്നെ തെറ്റായ രീതിയിൽ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഇല്ലെന്നില്ല. മാർക്സിന്റെയും എംഗൽസിന്റെയും ജീവിതകാലത്തുതന്നെ അത്തരം പ്രതികൂലികളും അനുകൂലികളും ഉണ്ടായിരുന്നതുകൊണ്ട് ഈ സാമ്പത്തികവിധിവാദ ആരോപണത്തെ ശക്തിയുക്തം തിരസ്കരിക്കാൻ ഫ്രെഡറിക് എംഗൽസ് നിർബന്ധിതനായി. എംഗൽസ് എഴുതി:

> ....ചരിത്രത്തെക്കുറിച്ചുള്ള ഭൗതികവാദപരമായ ധാരണ അനുസരിച്ച്, ചരിത്രത്തിലെ അന്തിമമായ നിർണായക ഘടകം യഥാർഥ ജീവിതത്തിന്റെ ഉൽപ്പാദനവും പുനരുൽപ്പാദനവുമാണ്. ഇതിലേറെ മാർക്സോ ഞാനോ മറ്റൊന്നും ഒരിക്കലും തറപ്പിച്ചുപറഞ്ഞിട്ടില്ല. അതിനാൽ ആരെങ്കിലും ഇതിനെ വളച്ചൊടിച്ച് സാമ്പത്തിക ഘടകം മാത്രമാണ് നിർണായകമെന്ന് പറഞ്ഞാൽ, അയാൾ ഞങ്ങളുടെ പ്രമേയത്തെ വളച്ചൊടിച്ച് അർഥശൂന്യവും അമൂർത്തവും അസംബന്ധവുമായ ഒരു ശൈലിയാക്കി രൂപാന്തരപ്പെ

ടുത്തുകയാണ് ചെയ്യുന്നത്. സാമ്പത്തികസ്ഥിതിയാണ് ചരിത്ര പരമായ സമരങ്ങളുടെ അടിത്തറ; പക്ഷേ ഉപരിഘടനയുടെ വിവിധ ഘടകങ്ങളും—വർഗസമരത്തിന്റെ രാഷ്ട്രീയ രൂപങ്ങളും അവയുടെ ഫലങ്ങളും, അതായത്, വിജയകരമായ ഒരു യുദ്ധത്തിനുശേഷം ജയിച്ച വർഗം രൂപംനൽകി സ്ഥാപിക്കുന്ന ഭരണഘടനകൾ തുടങ്ങിയവ, നിയമാവലികൾ, അതിൽ പങ്കെടുത്തിട്ടുള്ളവരുടെ ബുദ്ധിയിൽ ഈ യഥാർഥ സമരങ്ങളുണ്ടാക്കുന്ന പ്രതിഫലനങ്ങൾ, രാഷ്ട്രീയവും നിയമശാസ്ത്രപരവും തത്ത്വശാസ്ത്രപരവുമായ സിദ്ധാന്തങ്ങളും മതപരമായ കാഴ്ചപ്പാടുകളും അവയുടെ പ്രമാണസങ്കൽപ്പങ്ങളിലേക്കുള്ള വളർച്ചയും—ചരിത്രപരമായ സമരങ്ങളുടെ ഗതിയിൽ അവയെല്ലാം സ്വാധീനം ചെലുത്തുകയും പലപ്പോഴും പ്രസ്തുത സമരങ്ങളുടെ 'രൂപ' നിർണയത്തിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നുണ്ട്. ഈ വിവിധ ഘടകങ്ങളെല്ലാം തമ്മിൽ പ്രതിപ്രവർത്തിക്കുന്നു. ഈ പ്രതിപ്രവർത്തനത്തിൽ, ആകസ്മികമായ സംഭവങ്ങളുടെ അനന്തമായ പ്രവാഹത്തിന് നടുവിൽ (അതായത്, വളരെ അകന്നതോ തെളിയിക്കാനാവാത്തതോ അതിനാൽ നിലനിൽപ്പില്ലാത്തതെന്നോ അവഗണനീയമെന്നോ പരിഗണിക്കാവുന്ന ആന്തരികബന്ധമുള്ള സംഗതികളും സംഭവങ്ങളും) സാമ്പത്തികപ്രസ്ഥാനം ഒടുവിൽ അത്യാവശ്യമെന്ന നിലയിൽ സ്വയം ഉറപ്പിക്കുന്നു. അല്ലാത്തപക്ഷം, ചരിത്രത്തിലെ ഏതെങ്കിലും കാലയളവിലേക്ക് ആ സിദ്ധാന്തം പ്രയോഗിക്കുകയെന്നത് ഒരു ലഘു സമവാക്യം നിർധാരണം ചെയ്യുന്നതിനെക്കാൾ എളുപ്പമായിരിക്കും. (*ബ്ലോഹിനുള്ള കത്ത്*, 1890 സപ്തംബർ 21, 22)

According to the materialist conception of history, the ultimately determining element in history is the production and reproduction of real life. More than this neither Marx nor I have ever asserted. Hence if somebody twists this into saying that the economic element is the only determining one, he transforms that proposition into a meaningless, abstract, senseless phrase. The economic situation is the basis, but the various elements of the superstructure: political forms of the class struggle and its results, to wit: constitutions established by the victorious class after a successfull battle, etc., juridical forms, and then even the reflexes of all these actual struggles in the brains of the participants, political, juristic, philosophical theories, religious views and their further development into systems of dogmas, also exercise their influence upon the course of the historical struggles

> and in many cases preponderate in determining their form. There is an interaction of all these elements in which amid all the endless host of accidents (that is, of things and events, whose inner connection is so remote or so impossible of proof that we can regard it as non-existent, as negligible) the economic movement finally asserts itself as necessary. Otherwise the application of the theory to any period of history one chose would be easier than the solutions of a simple equation of the first degree.

തുടർന്ന് സാമ്പത്തിക അടിത്തറയോടൊപ്പം സാമൂഹ്യ പരിവർത്തനത്തിൽ പ്രത്യയശാസ്ത്രപരവും സാംസ്കാരികവും ആയ ഘടകങ്ങൾ പ്രധാനപ്പെട്ട പങ്കുവഹിച്ച ഉദാഹരണങ്ങൾ ജർമനി, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങളുടെ ചരിത്രത്തെ ആധാരമാക്കി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

ഗ്രാംഷിയൻ വിചാരവിപ്ലവം

സാമൂഹ്യപരിവർത്തനത്തിൽ പൊതുവെയും അധികാര ഘടനാ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന വിപ്ലവങ്ങളിൽ പ്രത്യേകിച്ചും ആശയാദർശങ്ങൾക്കും പ്രത്യയശാസ്ത്രത്തിനും ഉള്ള പങ്കിനെക്കുറിച്ച് റഷ്യയിലെ ഗ്യോർഗി പ്ലഹാനോവ് ഇറ്റലിയിലെ അന്റോണിയോ ലാബ്രിയോള, ബ്രിട്ടനിലെ ക്രിസ്റ്റഫർ ഹിൽ തുടങ്ങി പല പ്രാമാണികരായ മാർക്സിസ്റ്റുകാരും വിശദീകരിച്ചിട്ടുണ്ട്. ഇറ്റലിയിലെ മഹാനായ മാർക്സിസ്റ്റ് രക്തസാക്ഷി അന്തോണിയോ ഗ്രാംഷിയാണ് (1891–1937) ഈ പ്രശ്നത്തിന്റെ വിശദാംശങ്ങൾ അപഗ്രഥിച്ച് ഒരു സമ്പൂർണസിദ്ധാന്തം തന്നെ ആവിഷ്കരിച്ചത്. ഇതു സംബന്ധിച്ച അദ്ദേഹത്തിന്റെ ചിന്തകൾ തടവറയിൽവച്ച് എഴുതിയ *കുറിപ്പുകളിലാണ്* (*പ്രിസൺ നോട്ട്സ്*) ആവിഷ്കരിച്ചിരിക്കുന്നത്. അടിസ്ഥാനപരമായി മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും നിലപാടുകളെയും കണ്ടെത്തലുകളെയും ആണ് ഗ്രാംഷി ആധാരമാക്കുന്നതെങ്കിലും അദ്ദേഹം അവരുടെ ചിന്തകളിൽ ചിതറിക്കിടക്കുന്ന അംശങ്ങൾ സമന്വയിപ്പിച്ച് പുതിയ കണ്ടെത്തലുകളിൽ എത്തിച്ചേരുന്നു.

ഗ്രാംഷിയുടെ ചിന്തകളും ആശയങ്ങളും വിവരിക്കാൻ ഒഴിച്ചുകൂടാത്ത ഒന്നാണ് പ്രത്യയശാസ്ത്രം എന്ന പദം. ഈ പദം പ്രയോഗിക്കുന്നതിൽ മാർക്സും എംഗൽസും വ്യത്യസ്തമായ അർഥവിവക്ഷകൾ നൽകുന്നുണ്ട്. ഈ പദത്തിന്റെ വ്യത്യസ്തമായ പ്രയോഗങ്ങളെയും വന്ന മാറ്റങ്ങളെയും അവസാന നിലപാടുകളെയും കുറിച്ച് *ഗ്രാംഷിയൻ വിചാരവിപ്ലവം* (ഇ എം എസ് നമ്പൂതിരിപ്പാട്, പി ഗോവിന്ദപ്പിള്ള, 1996, തിരുവനന്തപുരം) എന്ന പുസ്തകത്തിലെ 'ആസ്ഥാനശിലകൾ' എന്ന ഭാഗത്തിലെ 'ഗ്രാംഷിയുടെ പ്രത്യയശാസ്ത്രം' എന്ന രണ്ടാം

അധ്യായം നോക്കാൻ അഭ്യർഥിക്കുന്നു.

സംസ്കാരവും പ്രത്യയശാസ്ത്രവും സാമൂഹ്യപരിവർത്തനത്തിൽ നിർവഹിക്കുന്ന പങ്ക് വിവരിക്കാൻ ഗ്രാംഷി സമൂഹഘടനയെയും ചലനത്തെയും രണ്ടു തലങ്ങളിലായി വേർതിരിക്കുന്നു. ഒരു തലത്തിന്റെ പേര് "പൊളിറ്റിക്കൽ സൊസൈറ്റി" അഥവാ രാഷ്ട്രീയ സമൂഹം. മറ്റേ തലത്തിന്റെ പേര് "സിവിൽ സൊസൈറ്റി" അഥവാ പൗരസമൂഹം. ഇവയിൽ രാഷ്ട്രീയ സമൂഹത്തിന്റെ നിലനിൽപ്പിന് ആധാരം ഭരണാധികാരി കയ്യാളുന്ന മർദനോപാധിയാണ്. സമൂഹത്തിന്റെ ചിട്ടവട്ടങ്ങളെയും അധികാര ഘടനയെയും വെല്ലുവിളിക്കുന്നവർക്കെതിരെ പൊലീസ്, കോടതി, സൈന്യം മുതലായവ മുഖേന പ്രയോഗിക്കുന്നതോ പ്രയോഗക്ഷമമായതോ ആയ മർദനോപാധിയാണ് സമൂഹഘടനയെയും അതിന് അടിസ്ഥാനമായ ഉൽപ്പാദന ബന്ധങ്ങളെയും ചൂഷണവ്യവസ്ഥയെയും നിലനിർത്തുന്നത്. ഒരു വർഗം അല്ലെങ്കിൽ വർഗസഖ്യം മറ്റ് വർഗങ്ങളുടെമേൽ ആധിപത്യം ചെലുത്താൻ ഉപയോഗപ്പെടുത്തുന്ന ഹിംസയുടെ ഘടനയാണ് ഭരണകൂടം എന്ന പ്രസിദ്ധമായ മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ രൂപാന്തരപ്പെടുത്തിയ സങ്കൽപ്പനമാണ് ഗ്രാംഷിയുടെ രാഷ്ട്രീയ സമൂഹം. നേരേമറിച്ച്, സിവിൽ സൊസൈറ്റി അഥവാ പൗരസമൂഹത്തിന്റെ നിലനിൽപ്പ് സംസ്കാരത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും സ്വാധീനശക്തിയെ ആശ്രയിച്ചിരിക്കുന്നു. ആദ്യമായി നമുക്ക് രാഷ്ട്രീയസമൂഹത്തിന്റെ ഘടന പരിശോധിക്കാം.

രാഷ്ട്രീയസമൂഹവും പൗരസമൂഹവും

മർദനോപാധികളാണ് ഭരണകൂടത്തിന്റെ ആത്യന്തികമായ ആശ്രയസ്ഥാനം. എന്നാൽ കാലദേശാവസ്ഥകൾ അനുസരിച്ച് ഈ മർദനവാഴ്ചയുടെ രൂക്ഷത ഏറിയോ കുറഞ്ഞോ ഇരിക്കും. ഉദാഹരണത്തിന്, "ഫാഷിസം" തുടങ്ങിയ സർവാധിപത്യ വ്യവസ്ഥകളിൽ പൗരാവലിയുടെ അവകാശങ്ങൾ എല്ലാം നിഷേധിക്കുകയും അവരുടെ ചുമതലകൾ നിർവഹിക്കാൻ മാത്രം അനുവദിക്കുകയും, അതിൽ പിഴവ് വരുത്തിയാൽ ദണ്ഡനോപാധികൾ നിർലോപം പ്രയോഗിക്കുകയും ചെയ്യും. ഇന്ത്യയിലെ അടിയന്തരാവസ്ഥക്കാലത്തെ "നാവടക്കൂ പണിയെടുക്കൂ" എന്ന കല്ലേപ്പിളർക്കുന്ന കൽപ്പന കുപ്രസിദ്ധമാണല്ലോ. എന്നാൽ ബൂർഷ്വാ സർവാധിപത്യത്തിന്റെ മറ്റൊരു രൂപം മാത്രമായ പാർലമെന്ററി ജനാധിപത്യത്തിൽ പ്രതിഷേധിക്കാനും പ്രകടനം നടത്താനും തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാനും ഭിന്നാഭിപ്രായം പുറപ്പെടുവിക്കാനും ബൂർഷ്വാ സൈദ്ധാന്തികർ അവകാശപ്പെടുന്ന അളവിലല്ലെങ്കിലും കുറെയൊക്കെ സ്വാതന്ത്ര്യം ഉണ്ട്. ഇന്ത്യയിലെ കരുതൽ തടങ്കൽ നിയമം പോലെയും ഭീകരപ്രവർത്തനം തടയൽ നിയമവും (പോട്ട) അത്യാവശ്യ സേവന

സംരക്ഷണ നിയമം (എസ്മ) എന്ന പണിമുടക്ക്‌വിരുദ്ധ നിയമവും പോലെ ഭരണഘടനയിൽ എഴുതിച്ചേർത്ത മൗലിക അവകാശങ്ങളെത്തന്നെ പരിമിതപ്പെടുത്തുന്ന നടപടികൾ സാധാരണയാണ്. എങ്കിലും ഈ പൗരാവകാശ നിഷേധങ്ങളെയും പരിമിതികളെയും ഫാഷിസം എന്നോ സൈനിക സർവാധിപത്യം എന്നോ വിശേഷിപ്പിക്കുന്നത് അത്യുക്തിയാകും.

എന്തുകൊണ്ട് ഇങ്ങനെ രണ്ടുതരം ബൂർഷ്വാ സർവാധിപത്യങ്ങൾ—കടുത്തതും മൃദുലവും—ഉണ്ടായത്? പാർലമെന്ററി വ്യവസ്ഥയിലെ പരിമിതമായ പൗരാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉപയോഗപ്പെടുത്തി തൊഴിലാളിവർഗവും മറ്റ് അധഃസ്ഥിത വിഭാഗവും തിരഞ്ഞെടുപ്പിലൂടെയോ മറ്റ് ജനകീയ സമരരീതികളിലൂടെയോ ബൂർഷ്വാവാഴ്ചയെ തകർക്കും എന്ന് വരുമ്പോൾ ബൂർഷ്വാവർഗം മൃദുലതയുടെയും ജനാധിപത്യത്തിന്റെയും ആടയാഭരണങ്ങൾ വലിച്ചെറിഞ്ഞ് അതിന്റെ തനിരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു—അതാണ് അടിയന്തരാവസ്ഥയും പട്ടാള സർവാധിപത്യവും, കുറെക്കൂടി കടന്ന് ഫാഷിസവുമായി രൂപാന്തരപ്പെടുന്നത്.

ഫാഷിസം എത്ര ദുഷ്ടവും ക്രൂരവും ആണെങ്കിൽപ്പോലും അതിനും ആദ്യ ഘട്ടത്തിലെങ്കിലും ജനപിന്തുണ ആവശ്യമാണ്. അതിന് അവർ തങ്ങളുടെ രാഷ്ട്രത്തോട് മറ്റാരെങ്കിലും യഥാർഥത്തിൽ ചെയ്തതോ, ചെയ്തതായി ആരോപിക്കപ്പെട്ടതോ ആയ അന്യായങ്ങളെയും അനീതികളെയുംകുറിച്ച് പെരുപ്പിച്ച് പ്രചരിപ്പിക്കും. അങ്ങനെ അന്യായം ചെയ്തതായി പറയപ്പെടുന്നവരോട് പ്രതികാരം ചെയ്യാൻ സൈനികമായും മറ്റും കരുത്ത് നേടണമെന്നും ഈ ദേശാഭിമാനപരമായ കർത്തവ്യ നിർവഹണത്തിന് പൗരസ്വാതന്ത്ര്യം മുതലായ ചില്ലറക്കാര്യങ്ങൾ ജനങ്ങൾ ത്യജിക്കണമെന്നും സർവാധിപത്യവാദികൾ ആഹ്വാനം ചെയ്യുന്നു. കൂടാതെ, ജനാധിപത്യം പോലെതന്നെ സോഷ്യലിസവും മാർക്സിസവും എല്ലാം ദേശീയ മഹത്വാകാംക്ഷയെ തകർക്കുന്നതായി അവർ പ്രചരിപ്പിക്കുന്നു. രാഷ്ട്രത്തിനകത്തെ ജൂതന്മാർ തുടങ്ങിയ ചില ന്യൂനപക്ഷങ്ങൾ ശത്രുക്കളുടെയും കമ്യൂണിസ്റ്റുകാരുടെയും ദല്ലാൾമാരെന്ന പ്രചാരണം നടത്തുകയും അവർക്കെതിരെ ശാരീരികമായി കടന്നാക്രമണം നടത്തുകയും ചെയ്യുന്നു. സംസ്കാരരാഹിത്യവും ദുഷ്ടവുമായ ഇത്തരം നിലപാടുകൾക്ക് അനുകൂലമായി ചരിത്രത്തെ വളച്ചൊടിച്ച് പുതിയ തലമുറയെ പഠിപ്പിക്കുകയും ഇക്കൂട്ടരുടെ പതിവാണ്. ഇത്തരം ആശയങ്ങൾ ചില ഘട്ടങ്ങളിൽ ജനമധ്യത്തിൽ ലഭിക്കുന്ന അംഗീകാരം ഫാഷിസ്റ്റുകളെ തിരഞ്ഞെടുപ്പുകളിൽപ്പോലും വിജയിപ്പിക്കുന്നതായി നാം കാണുന്നു.

ഇന്ത്യയിൽ കമ്യൂണിസ്റ്റുകാർക്കും മുസ്ലീങ്ങൾക്കും മതനിരപേക്ഷതയ്ക്കും എതിരെ ആർ എസ് എസ് തുടങ്ങിയ ഫാഷിസ്റ്റ് ഘടകങ്ങൾ നടത്തുന്ന പ്രചാരവേലയ്ക്ക് താൽക്കാലികമായെങ്കിലും ലഭിച്ച പിന്തുണ

അവരെ തിരഞ്ഞെടുപ്പിൽ വിജയിപ്പിച്ച് അധികാരത്തിൽ എത്തിച്ചത് നമുക്ക് അനുഭവമാണല്ലോ. ഈയിടെ (2002 ഡിസംബർ) ഗുജറാത്തിൽ ബി ജെ പിയുടെ നേതാവ് മുഖ്യമന്ത്രി നരേന്ദ്രമോദിക്കുണ്ടായ വമ്പിച്ച വിജയത്തിന്റെ അടിസ്ഥാനം അയാളുടെ പാർട്ടിയും സർക്കാരും മുസ്ലീം ന്യൂന പക്ഷത്തിനെതിരെ നടത്തിയ കൊടുംക്രൂരമായ നരമേധമാണെന്ന കാര്യം പൊതുവെ അംഗീകരിക്കപ്പെടുന്നതാണല്ലോ. അധികാരത്തിൽ എത്തിയ ശേഷം തിരഞ്ഞെടുപ്പും പാർലമെന്റും എല്ലാം നിർമാർജനം ചെയ്ത നാസി തലവൻ അഡോൾഫ് ഹിറ്റ്ലർ 1933-ൽ ജർമനിയിലും ബെനിറ്റോ മുസോളിനി 1932-ൽ ഇറ്റലിയിലും ആദ്യം അധികാരത്തിൽ എത്തിയത് തിരഞ്ഞെടുപ്പിൽ നേരിയതെങ്കിലും ആവശ്യമായ ഭൂരിപക്ഷം നേടിത്തന്നെയാണ്. ഇതെല്ലാം തെളിയിക്കുന്നത് ജനാധിപത്യവിരുദ്ധരും ഫാഷിസ്റ്റുകളും അധികാരത്തിൽ എത്താൻ നിയമവിരുദ്ധമായ നടപടികളും ബലപ്രയോഗവും ഒക്കെ കൈക്കൊള്ളാറുണ്ടെങ്കിലും ആശയരംഗത്താണ് ആദ്യം അവർ മേൽക്കോയ്മക്ക് ശ്രമിക്കുന്നതും നേടുന്നതും. അങ്ങനെ രാഷ്ട്രീയസമൂഹത്തെ കൈയടക്കുന്നതിനുമുമ്പ് പൗരസമൂഹത്തെ കൈയടക്കേണ്ടിയിരിക്കുന്നു.

ആശയങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും സംസ്കാരത്തിന്റെയും രംഗത്തെ പോരാട്ടത്തിലൂടെ ലഭിക്കുന്ന മേൽക്കോയ്മക്ക് 'ഹെജിമണി' എന്ന സാങ്കേതിക സംജ്ഞയാണ് ഗ്രാംഷി നൽകുന്നത്. വിപ്ലവകരമായ പരിവർത്തനത്തിന് പ്രത്യയശാസ്ത്രപരമായ ഹെജിമണി ആവശ്യമാണ് എന്നു മാത്രമല്ല, വിപ്ലാവനന്തര സംവിധാനം നിലനിർത്താൻ ഈ ഹെജിമണി തുടരുകയും ശക്തിപ്പെടുകയും വേണം. സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും സോഷ്യലിസ്റ്റ് വ്യവസ്ഥകളുടെ തകർച്ചയ്ക്ക് ശത്രുക്കളുടെ ഉപജാപം, സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ തിരോധാനം, സാമ്പത്തികരംഗത്തെ പരാജയം മുതലായ പല കാരണങ്ങളും ഉണ്ടെങ്കിലും സംസ്കാരത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും രംഗത്ത് സംഭവിച്ച അപചയം വളരെ നിർണായകമായിരുന്നു എന്ന് പല നിരീക്ഷകരും ചൂണ്ടിക്കാട്ടുന്നു. സംസ്കാരത്തിലും പ്രത്യയശാസ്ത്രത്തിലും മേൽക്കൈ നേടാനുള്ള നിരന്തരമായ പോരാട്ടം വിപ്ലവപ്രസ്ഥാനങ്ങളുടെ എന്നപോലെ പ്രതിവിപ്ലവ പ്രസ്ഥാനങ്ങളുടെ കർമപരിപാടിയിലും മുഖ്യസ്ഥാനം നേടുന്നതിന്റെ കാരണം ഇതാണ്: ആശയപരവും പ്രത്യയശാസ്ത്രപരവുമായ മേൽപ്പുര അടിത്തറയുടെ നിഷ്ക്രിയമായ ഒരു ഉൽപ്പന്നം മാത്രമല്ലെന്നും അടിത്തറയുടെ പരിവർത്തനത്തെ ത്വരിതപ്പെടുത്താനും മന്ദീഭവിപ്പിക്കാനും കഴിവുള്ള ഒരു ക്രിയാത്മക ഘടകമാണെന്നും ഉള്ള മാർക്സിസ്റ്റ് നിലപാടാണ് ഈ കാഴ്ചപ്പാടിന് ആധാരം. ■

3 തൊഴിലാളിവർഗവും ബുദ്ധിജീവികളും

ഇംഗ്ലീഷിൽ "ഇന്റലക്ചൽ" എന്ന പദത്തിന് മലയാളത്തിൽ സാധാരണയായി നാം ഉപയോഗിച്ചുവരുന്ന സമാനപദം "ബുദ്ധിജീവി" എന്നാണ്. ഈ വിവർത്തനം അത്ര തൃപ്തികരം അല്ലെന്നാണ് ഇ എം എസ് അഭിപ്രായപ്പെട്ടുപോന്നത്. അതുകൊണ്ട് ഈ ലേഖകനുമായി ചേർന്ന് അദ്ദേഹം എഴുതിയ *ഗ്രാംഷിയൻ വിചാരവിപ്ലവത്തിൽ* "ധൈഷണികർ" എന്ന പദമാണ് അദ്ദേഹം ഉപയോഗിച്ചത്. അദ്ദേഹത്തിന്റെ വാദത്തിൽ കഴമ്പുണ്ടെന്നാണ് തോന്നുന്നത് എങ്കിലും സാധാരണ ഉപയോഗിച്ചുവരാറുള്ള ബുദ്ധിജീവി എന്നതുതന്നെ സൗകര്യത്തിനായി ഇവിടെയും ഉപയോഗിക്കുന്നു.

മാർക്സ്-എംഗൽസ്-ലെനിൻ-മൗ-ഹോ ചി മിൻ തുടങ്ങിയ തൊഴിലാളിവർഗ ആചാര്യന്മാർ മിക്കവരും ഉന്നത നിലവാരത്തിലും ഗഹനമായും വിവിധ വിഷയപാരംഗതരും എഴുത്തുകാരും ആയിരുന്നു എങ്കിലും അവർ ഉൾപ്പെടെ പൊതുവെ കമ്യൂണിസ്റ്റുകാർ ബുദ്ധിജീവികളെ ഒരേസമയംതന്നെ ഇകഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യാറുണ്ട്. ബുദ്ധിജീവികളിൽ ബഹുഭൂരിപക്ഷവും അന്തോണിയോ ഗ്രാംഷിയുടെ ഭാഷയിൽ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയുടെ ഉൽപ്പന്നങ്ങളും സംരക്ഷകരും ആകയാൽ "പരമ്പരാഗത ബുദ്ധിജീവികളാണ്" (ട്രെഡിഷണൽ ഇന്റലക്ചൽസ്). ജനനംകൊണ്ട് നിലവിലുള്ള ഭരണാധികാരിവർഗത്തിന്റെ സന്തതിയാണെങ്കിലും ആഭിമുഖ്യംകൊണ്ടും വിവേചനശേഷികൊണ്ടും കാലോചിതമായ വിപ്ലവത്തിന്റെ വക്താക്കളും പ്രചാരകരും ആയി മാറുന്ന ബുദ്ധിജീവികളെ "ജൈവബുദ്ധിജീവി"കൾ (ഓർഗാനിക് ഇന്റലക്ചൽസ്) എന്നാണ് അദ്ദേഹം തരംതിരിച്ചത്. ബുദ്ധിജീവികളിൽ

ബഹുഭൂരിപക്ഷം പേരും പരമ്പരാഗത വിഭാഗത്തിൽ പെടുന്നവരാക യാൽ അവരെ അവിശ്വാസത്തോടും എതിർപ്പോടുംകൂടി ആചാര്യന്മാർ പരാമർശിച്ചതിൽ തെറ്റില്ല.

ഈ പരമ്പരാഗത ബുദ്ധിജീവികളിൽ ഗണ്യമായ വിഭാഗം "പെറ്റി ബൂർഷ്വാ" അഥവാ ഇടത്തരം ബൂർഷ്വാ വിഭാഗത്തിൽപ്പെട്ടവർ ആയി ട്ടാണ് കണ്ടുവരുന്നത്. മുതലാളിവർഗം മേലെയും തൊഴിലാളിവർഗം കീഴെയും ആയി ഒരു അന്തരാള ഘട്ടത്തിൽ കഴിയുന്ന പെറ്റിബൂർഷ്വാസി കുത്തകമുതലാളിത്ത വികാസത്തോടെ തൊഴിലാളിവർഗം അനുഭവി ക്കുന്ന പലതരം ചൂഷണത്തിനും അരക്ഷിതത്വത്തിനും ഇരയായിത്തീ രുന്നു. അതുമൂലം സാമ്പത്തികമായി തൊഴിലാളിവർഗത്തോട് ഇടകലർന്ന് പൊരുതാനുള്ള വാസന അവരിൽ ശക്തിപ്പെടുമ്പോഴും സമൂഹത്തിൽ സാമ്പത്തികമായും ധൈഷണികമായും മേൽക്കോയ്മ വഹിക്കുന്ന ഭര ണാധികാരിവർഗങ്ങളോടുള്ള പ്രതീക്ഷാനിർഭരമായ ആഭിമുഖ്യം അവ രിൽ പലരെയും തൊഴിലാളിവർഗത്തിന്റെ എതിർചേരിയിൽ എത്തിക്കുന്നു. ഈ ഇരുധ്രുവങ്ങളുടെ മധ്യേയുള്ള നിലമൂലം അവർ ഒരു ദോലകം പോലെ ഇടത്തോട്ടും വലത്തോട്ടും തരംപോലെ ആടിക്കളിക്കുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ മാർക്സിസ്റ്റ് ആചാര്യന്മാർ "പെറ്റിബൂർ ഷ്വാ ചെറ്റത്തര"ത്തെയും ചാഞ്ചാട്ടത്തെയും പലപ്പോഴും പരിഹസിച്ച് പരാമർശിക്കാറുണ്ട്. എങ്കിലും ഒരു വർഗം എന്ന നിലയിൽ തൊഴിലാ ളിവർഗത്തിന്റെ സഖ്യശക്തിയാക്കി അവരെ മാറ്റിയെടുക്കുക എന്ന കർ ത്തവ്യം അവർ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഈ ചെറ്റത്തരങ്ങളും ചാഞ്ചാട്ടങ്ങളും അവരുടെ ധൈഷണിക പ്രവർത്തന ങ്ങളിലും പ്രകടമാകാറുള്ളതുകൊണ്ട് അവരെ വിമർശിക്കുകയും ശാസി ക്കുകയും ചെയ്യുന്നതിൽ ആചാര്യന്മാർ അലംഭാവം കാട്ടാറില്ല.

അതേസമയം ബുദ്ധിജീവികളെ വിപ്ലവപ്രസ്ഥാനത്തിൽനിന്നും ആട്ടിയോടിക്കുകയാണ് പ്രസ്ഥാനത്തിന്റെ കർത്തവ്യം എന്ന് "സിൻഡി ക്കലിസ്റ്റു"കളുടെയും മറ്റും അബദ്ധധാരണയിൽ തങ്ങൾക്ക് പങ്കില്ലെന്ന് ഒരിക്കൽ വി ഐ ലെനിൻ വിപ്ലവസാഹിത്യകാരനായ മാക്സിം ഗോർ ക്കിക്ക് എഴുതി. 1908 ഫെബ്രുവരിയിൽ എഴുതിയ ഈ കത്ത് പ്രസിദ്ധ മാണ്. കൂടാതെ, പരമ്പരാഗത ബുദ്ധിജീവികളെ സ്വാധീനിച്ച് അവരെ "അപവർഗീകരി"ച്ച് വിപ്ലവപ്രസ്ഥാനത്തിന് മുതൽക്കൂട്ട് ഉണ്ടാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് *ഇടതുപക്ഷ കമ്യൂണിസം ഒരു ബാലാരിഷ്ടത* എന്ന കൃതിയിൽ ലെനിൻ വാദിക്കുന്നുണ്ട്. (ഡീക്ലാസ് എന്ന പദമാണ് അപവർഗീകരണം എന്ന് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. ചൂഷകവർഗത്തിൽ ജനിച്ചുവളർന്നവർ ചൂഷകവർഗത്തിന്റെ സംസ്കാര ത്തിൽനിന്നും ആശയങ്ങളിൽനിന്നും മോചനം നേടി തൊഴിലാളിവർ ഗത്തോട് ആശയപരമായും സാംസ്കാരികമായും ഇഴുകി ചേരുന്നതി

നെയാണ് ഡീക്ലാസിങ്ങ് അഥവാ അപവർഗീകരണം എന്നതുകൊണ്ട് അർഥമാക്കുന്നത്. മാർക്സ്, എംഗൽസ് തുടങ്ങിയ പ്രഥമ ആചാര്യന്മാർ മുതൽ "ജന്മിവർഗത്തിൽ ജനിച്ച താൻ തൊഴിലാളിവർഗത്തിന്റെ ദത്തു പുത്രനാണെന്ന്" വിവരിച്ച ഇ എം എസ് ഉൾപ്പെടെ നിരവധി സഖാക്കൾ ഏറിയും കുറഞ്ഞും അപവർഗീകരണ പ്രക്രിയക്ക് വിധേയരായവരാണ്.)

പ്രത്യയശാസ്ത്രത്തിനും ആശയങ്ങൾക്കും വിപ്ലവപ്രസ്ഥാനത്തിൽ ഉള്ള നിർണായകമായ പങ്ക് മനസിൽ കണ്ടുകൊണ്ടും ആശയങ്ങളുടെ ആവിഷ്കാരത്തിലും പ്രചാരണത്തിലും ധൈഷണികർക്കുള്ള പങ്ക് അംഗീകരിച്ചുകൊണ്ടും ആണ് ആചാര്യന്മാർ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നത്. ജീവിത അനുഭവങ്ങളും അവയിൽ മുഖ്യ ഘടകമായി വർത്തിക്കുന്ന വർഗസമരവും ഉൽപ്പാദന പ്രക്രിയയും എങ്ങനെ ആശയങ്ങളുടെ ആവിർഭാവത്തിന് സഹായകമായി വർത്തിക്കുന്നു എന്നും അവയുടെ മാറ്റങ്ങൾ എങ്ങനെ ആശയങ്ങളുടെ മാറ്റത്തിന് വഴിവയ്ക്കുന്നു എന്നും "അടിത്തറയും മേൽപ്പുരയും" എന്ന മുൻ അധ്യായത്തിൽ നാം കാണുകയുണ്ടായി. എന്നാൽ ഈ ആശയങ്ങളുടെ ആവിർഭാവവും വികാസ പരിണാമങ്ങളും വർഗസമരത്തിൽനിന്ന് സ്വമേധയാ ഉളവാകുന്നതല്ലെന്നും ആശയങ്ങൾക്ക് അവയുടേതായ അസ്തിത്വവും വികാസപരിണാമ നിയമങ്ങളും ഉണ്ടെന്നും എംഗൽസ് ബ്ലോഹിന് എഴുതിയ കത്തും നാം വായിച്ചു. പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഈ കാഴ്ചപ്പാടിനുള്ള പ്രാധാന്യം കുറെക്കൂടി വ്യക്തമായി *എന്തു ചെയ്യണം* (1901) എന്ന കൃതിയിൽ വി ഐ ലെനിൻ സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം ഇങ്ങനെ എഴുതുന്നു:

> സോഷ്യൽ ഡമോക്രാറ്റിക് ബോധം തൊഴിലാളികൾക്കിടയിൽ സാധ്യമല്ലായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞുവല്ലോ. അത് വെളിയിൽനിന്ന് അവർക്ക് എത്തിച്ചുകൊടുക്കാനേ സാധിക്കൂ. തൊഴിലാളിവർഗത്തിന് തനിച്ച് അതിന്റെ സ്വന്തം യത്നം കൊണ്ടുമാത്രം കേവലം ട്രേഡ് യൂണിയൻ ബോധമേ വളർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളൂവെന്ന് എല്ലാ രാജ്യങ്ങളുടെയും ചരിത്രം തെളിയിക്കുന്നു. യൂണിയനുകളിൽ സ്വയം സംഘടിക്കേണ്ടതിന്റെയും മുതലാളിമാരോട് പോരാടേണ്ടതിന്റെയും തക്കതായ തൊഴിൽ നിയമങ്ങളുണ്ടാക്കാൻ ഗവൺമെന്റിനെ നിർബന്ധിക്കേണ്ടതിന്റെയും ആവശ്യകതയെ സംബന്ധിച്ച ബോധമാണിത്. സോഷ്യലിസ്റ്റ് സിദ്ധാന്തമാകട്ടെ, വളർന്നുവന്നിട്ടുള്ളത് സ്വത്തുടമവർഗങ്ങളുടെ അഭ്യസ്തവിദ്യരായ പ്രതിനിധികൾ—അതായത് ബുദ്ധിജീവികൾ—സജ്ജമാക്കിയിട്ടുള്ള ദാർശനികവും ചരിത്രപരവും അർഥശാസ്ത്രപരവുമായ സിദ്ധാന്തങ്ങളുടെ ഉള്ളിൽനിന്നാണ്. ആധുനിക ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകന്മാരായ

> മാർക്സും എംഗൽസും തന്നെ, അവരുടെ സാമൂഹ്യപദവി നോക്കിയാൽ, ബൂർഷ്വാ ബുദ്ധിജീവികളായിരുന്നു. റഷ്യയിലും ഇതുപോലെ സോഷ്യൽ ഡമോക്രസിയുടെ സിദ്ധാന്തപരമായ വിജ്ഞാനം തൊഴിലാളിപ്രസ്ഥാനത്തിന്റെ സ്വതഃസിദ്ധമായ വികാസത്തിൽനിന്ന് തികച്ചും സ്വതന്ത്രമായിട്ടാണ് വളർന്നുപൊങ്ങിയത്; വിപ്ലവകാരികളായ സോഷ്യലിസ്റ്റ് ബുദ്ധിജീവികൾക്കിടയിലുള്ള ചിന്തയുടെ വളർച്ചയിൽനിന്നാണ് സ്വാഭാവികമായും അനിവാര്യമായും അത് ഉത്ഭവിച്ചത്. നാം ഇവിടെ പറയുന്ന ആ കാലത്ത്—അതായത്, 1890–1900 ന്റെ മധ്യത്തിൽ—ഈ സിദ്ധാന്തം തൊഴിലാളിവിമോചന ഗ്രൂപ്പിന്റെ പൂർണരൂപത്തിലുള്ള പരിപാടിയിൽ പ്രതിഫലിച്ചിരുന്നുവെന്നു മാത്രമല്ല, റഷ്യയിലെ യുവ വിപ്ലവകാരികളിൽ ഭൂരിപക്ഷത്തെയും അത് അതിന്റെ ഭാഗത്തേക്ക് ആകർഷിക്കുകയും ചെയ്തിരുന്നു. (അധ്യായം II)

ഉൽപ്പാദനോപാധികളുടെ വികാസവും അതുമായി പൊരുത്തപ്പെടാൻ കഴിയാത്ത ഉൽപ്പാദനബന്ധങ്ങളുടെ പരിമിതിയുമാണ് റെവല്യൂഷണറി ക്രൈസിസ് അഥവാ വിപ്ലവ പ്രതിസന്ധിക്ക് ജന്മം നൽകുന്നത് എന്ന് മാർക്സ് ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. സാമൂഹ്യവ്യവസ്ഥയും അതിന് ആധാരമായ ഉൽപ്പാദന ബന്ധങ്ങളും തകർച്ചയെ നേരിടുന്നതുപോലെ പഴയ സാമൂഹ്യബന്ധങ്ങളുടെ ഉൽപ്പന്നമായ പ്രത്യയശാസ്ത്രവും അപചയത്തെ നേരിടുന്നു. ആ ഘട്ടത്തിലാണ് പ്രത്യയശാസ്ത്ര നിർമാതാക്കളും സംരക്ഷകരും ആയ പരമ്പരാഗത ബുദ്ധിജീവികളുടെ ഇടയിലും പിളർപ്പ് പ്രത്യക്ഷമാവുന്നത്. ഓരോ സാമൂഹ്യവ്യവസ്ഥയിലും അതിന് ഉപയുക്തമായ പ്രത്യയശാസ്ത്ര കടമകൾ വളർന്നുവരുന്നു എന്നും ഓരോ കാലഘട്ടത്തിലും ആ കാലഘട്ടത്തിലെ ഭരണാധികാരിവർഗത്തിന്റെ പ്രത്യയശാസ്ത്രം ആ കാലഘട്ടത്തിലെ "ഹെജിമണി" അഥവാ മേൽക്കോയ്മ വഹിക്കുന്ന പ്രത്യയശാസ്ത്രമായി തീരുന്നു എന്നും *ജർമൻ പ്രത്യയശാസ്ത്രം* (1845) എന്ന ഗ്രന്ഥത്തിൽ മാർക്സ് പറയുന്നു. അദ്ദേഹം എഴുതി:

> ഓരോ യുഗത്തിലും ഭരിക്കുന്ന വർഗത്തിന്റെ ആശയങ്ങളാണ് ഭരിക്കുന്ന ആശയങ്ങൾ. അതായത്, സമൂഹത്തിന്റെ ഭരിക്കുന്ന ഭൗതികശക്തിയായ വർഗം അതേസമയംതന്നെ, അതിന്റെ ഭരിക്കുന്ന ബുദ്ധിപരമായ ശക്തിയും ആണ്. ഭൗതികോൽപ്പാദനത്തിന്റെ ഉപാധികൾ കൈവശമുള്ള വർഗം അതേസമയം മാനസികോൽപ്പാദനത്തിന്റെ ഉപാധികളെയും നിയന്ത്രിക്കുന്നു. അങ്ങനെ, സാമാന്യമായിപ്പറഞ്ഞാൽ, മാനസികോൽപ്പാദനത്തിന്റെ ഉപാധികൾ കൈവശമില്ലാത്തവരുടെ ആശയങ്ങൾ ആ നിയന്ത്രണത്തിന് വിധേയമാണ്. ഭരിക്കുന്ന ആശയങ്ങൾ, ആധിപത്യം വഹിക്കുന്ന

ഭൗതികബന്ധങ്ങളുടെ ആശയപരമായ പ്രകടരൂപമല്ലാത്ത ആശയങ്ങളെന്ന നിലയിൽ ഗ്രഹിക്കപ്പെടുന്ന ഭൗതികബന്ധങ്ങളല്ലാതെ, മറ്റൊന്നുമല്ല. അതുകൊണ്ട്, ഒരു വർഗത്തെ ഭരിക്കുന്ന വർഗമാക്കുന്ന ബന്ധങ്ങളുടെ പ്രകടരൂപമാണ്, ആ വർഗത്തിന്റെ ആധിപത്യത്തിന്റെ ആശയങ്ങളാണ്, ഭരിക്കുന്ന ആശയങ്ങൾ. (അധ്യായം III)

The ideas of the ruling class are in every epoch the ruling ideas; that is, the class which is the ruling material force of society is at the same time its ruling intellectual force. The class which has the means of material production at its disposal, has control at the same time over the means of mental production, so that thereby, generally speaking, the ideas of those who lack the means of mental production are subject to it. The ruling ideas are nothing more than the ideal expression of the dominant material relationships. (Chapter III)

പഴയ വർഗാധിപത്യം തളരുകയും പുതിയൊരു വർഗത്തെ അധികാരത്തിലേക്ക് നയിക്കാൻ ഉതകുന്ന വിപ്ലവശക്തികൾ വളരുകയും ചെയ്യുന്ന ഘട്ടത്തിലാണ് പഴയ ഭൗതികോൽപ്പാദന ഉപാധികൾ തളർന്ന് പുതിയ ഉൽപ്പാദന ഉപാധികൾ പഴയതിന്റെ ഗർഭത്തിൽത്തന്നെ രൂപം കൊള്ളുന്നത്. ഇതിന് സമാന്തരമായിത്തന്നെ ഈ പ്രക്രിയയുടെ പ്രത്യയശാസ്ത്രപരമായ പ്രതിഫലനമായി പഴയ മാനസികോൽപ്പാദന ഉപാധികളുടെ സ്ഥാനത്ത് പുതിയ മാനസികോൽപ്പാദന ഉപാധികളുടെ നാമ്പുകൾ ഉയരുന്നു. ഈ അവസ്ഥയാണ് പരമ്പരാഗത ബുദ്ധിജീവികളിൽ ഒരു വിഭാഗത്തെ വിപ്ലവ ബുദ്ധിജീവികളുടെ തലത്തിലേക്ക് ഉയർത്തുന്നത്. ഈ പ്രക്രിയയെക്കുറിച്ച് മാർക്സും എംഗൽസും *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യിൽ (1848) തന്നെ ഇപ്രകാരം രേഖപ്പെടുത്തി:

> അവസാനമായി, വർഗസമരത്തിന്റെ നിർണായകഘട്ടം ആസന്നമാകുമ്പോൾ ഭരണവർഗത്തിനകത്ത്—വാസ്തവം പറഞ്ഞാൽ പഴയ സമൂഹത്തിൽ അടിമുടി—നടക്കുന്ന ശിഥിലീകരണപ്രക്രിയ പ്രത്യക്ഷവും അതിരൂക്ഷവുമായ രൂപം കൈക്കൊള്ളുകയും തൽഫലമായി ആ വർഗത്തിലെ ഒരു ചെറിയ വിഭാഗം അതിൽനിന്നും സ്വയം വേർപെടുകയും വിപ്ലവകാരിയായ വർഗത്തിന്റെ—ഭാവിയുടെ ഭാഗധേയം സ്വന്തം കരങ്ങളിൽ വഹിക്കുന്ന വർഗത്തിന്റെ—ഭാഗത്ത് ചേരുകയും ചെയ്യുന്നു. അതുകൊണ്ട് മുമ്പൊരു ഘട്ടത്തിൽ നാടുവാഴി പ്രഭുക്കന്മാരിൽ ഒരു വിഭാഗം ബൂർഷ്വാസിയുടെ ഭാഗം ചേർന്നതുപോലെതന്നെ, ബൂർഷ്വാസിയിൽ ഒരു

ഭാഗം—വിശേഷിച്ചും ചരിത്രപരമായ ഈ പ്രസ്ഥാനത്തെയൊട്ടാകെ താത്ത്വികമായി ഗ്രഹിക്കാൻ കഴിവുണ്ടാകത്തക്ക നിലയിലേക്ക് സ്വയം ഉയർന്നിട്ടുള്ള ബൂർഷ്വാ പ്രത്യയശാസ്ത്രജ്ഞന്മാരിൽ ഒരു വിഭാഗം—തൊഴിലാളിവർഗത്തിന്റെ ഭാഗത്തേക്ക് നീങ്ങുന്നു. (അധ്യായം I)

In times when the class struggle nears the decisive hour, the process of dissolution going on within the ruling class_in fact, within the whole range of the old society_assumes such a violent, glaring character that a small section of the ruling class cuts itself adrift and joins the revolutionary class, the class that holds the future in its hands. Therefore, just as at an earlier period a section of the nobility went over to the bourgeoisie, so now a portion of the bourgeoisie goes over to the proletariat and in particular a portion of the bourgeois ideologists, who have raised themselves to the level of understanding theoritically the historical movement as a whole. (Chapter I)

പ്രത്യയശാസ്ത്രരംഗത്തെ ഈ ഭിന്നഘടകങ്ങൾ തമ്മിൽ ഹെജിമണിക്ക് അഥവാ മേൽക്കോയ്മയ്ക്കുവേണ്ടിയുള്ള മത്സരം നടക്കുന്നുവേദിയാണ് ഗ്രാംഷിയുടെ ഭാഷയിൽ സിവിൽ സൊസൈറ്റി അഥവാ പൗരസമൂഹം. ഈ പൗരസമൂഹത്തിൽ നടക്കുന്ന പഴമയും പുതുമയും തമ്മിലുള്ള പോരാട്ടത്തിൽ കേവലമായ ശാസ്ത്രചിന്തകളും പ്രത്യയശാസ്ത്രങ്ങളും മാത്രമല്ല പങ്കെടുക്കുന്നത്—സാഹിത്യാദികലകളും ഈ പോരാട്ടത്തിൽ പങ്കാളികളാണ്. കാരണം പ്രത്യയശാസ്ത്രസമരത്തിന് രണ്ട് മുഖങ്ങൾ ഉണ്ട്—ഒരു മുഖം ശാസ്ത്രത്തിന്റേതാണെങ്കിൽ മറ്റൊരു മുഖം കലയുടേതാണ്. ശാസ്ത്രവും കലയും പ്രകൃതിയെയും സമൂഹത്തെയും തന്നെ മനസിലാക്കാനും കർമപഥം കണ്ടുപിടിച്ച് മുന്നേറാനും മനുഷ്യരെ പ്രാപ്തരാക്കുന്ന രണ്ട് വിധത്തിലുള്ള ഉപാധികളാണ്. ശാസ്ത്രം കണ്ടുപിടിത്തങ്ങളിലൂടെയും വസ്തുതകളിലൂടെയും മനുഷ്യരുടെ യുക്തിബോധത്തിലേക്ക് പ്രവേശിക്കുമ്പോൾ കല മനുഷ്യരുടെ വികാരങ്ങളെ തട്ടിയുണർത്തി യാഥാർഥ്യത്തെ അനുഭവിപ്പിക്കുകയാണ് ചെയ്യുന്നത്. ശാസ്ത്രം അമൂർത്തതയിലൂടെ യാഥാർഥ്യസംവേദനം നടത്തുമ്പോൾ കല മൂർത്തതയിലൂടെ അനുഭൂതി പകർന്ന് യാഥാർഥ്യസംവേദനം നടത്തുന്നു.

അൽപ്പംകൂടി വിശദീകരിക്കാം. കാൾ മാർക്സ് പഴയ ഫാക്ടറി പരിശോധന റിപ്പോർട്ടുകളും കനേഷുമാരി കണക്കുകളും ഓഹരി വിപണിയിലെ സ്ഥിതിവിവരങ്ങളും പാർലമെന്ററി വിവാദങ്ങളും പരിശോധിച്ച് മുതലാളിത്തത്തിന്റെ വികസന ഗതിയെയും ക്രൂരമായ ചൂഷണ

വസ്തുതകളെയും അപഗ്രഥിച്ച് *മൂലധനത്തിലൂടെ* നമ്മെ പഠിപ്പിക്കുമ്പോൾ ചാൾസ് ഡിക്കൻസ് അദ്ദേഹത്തിന്റെ *ഒളിവർ ടിസ്റ്റ്*, *ഹാർഡ് ടൈംസ്* മുതലായ ആഖ്യായികകളിലൂടെ മുതലാളിത്തത്തിന്റെ ക്രൂരമായ ചൂഷണ വ്യഗ്രതയെ അവയ്ക്ക് ഇരയായ മനുഷ്യജീവികളുടെ മൂർത്തമായ അനുഭവങ്ങളിലൂടെ വായനക്കാരിലേക്ക് സംക്രമിപ്പിക്കുന്നു. അതുപോലെ വിപ്ലവപൂർവ റഷ്യയിലെ നാടുവാഴിത്ത വ്യവസ്ഥ തകർന്ന് മുതലാളിത്തവും അതോടൊപ്പം തൊഴിലാളിവർഗവും രൂപം കൊള്ളുന്നതും വ്യവസായവൽക്കരണവും നഗരവൽക്കരണവും ഗ്രാമീണ ദരിദ്രരെ നഗരങ്ങളിലെ ദുരിതപൂർണമായ ചേരിപ്രദേശങ്ങളിലേക്ക് നയിക്കുന്നതും പുതിയ സാഹചര്യങ്ങളും പുതിയ ചൂഷണ രൂക്ഷതയും ഒന്നിച്ചുകൂടി പണിയെടുക്കുന്നതിലൂടെ ഉരുത്തിരിയുന്ന കൂട്ടായ്മ ബോധവും അവരെ സാമ്പത്തിക-രാഷ്ട്രീയ സമരങ്ങളിലേക്ക് നയിക്കുന്നതും വി ഐ ലെനിൻ വിവരിക്കുമ്പോൾ അദ്ദേഹം ശാസ്ത്ര ശൈലിയാണ് അവലംബിക്കുന്നത്. കേവലവും സാമാന്യവൽക്കൃതവുമായ സമൂഹചിത്രമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. എന്നാൽ മാക്സിം ഗോർക്കി അദ്ദേഹത്തിന്റെ പ്രശസ്ത ആഖ്യായികയായ *അമ്മ*യിൽ പാവെൽ എന്ന ഒരു തൊഴിലാളിയുടെ സാമ്പത്തികാനുഭവങ്ങളും രാഷ്ട്രീയ വളർച്ചയും വിവരിക്കുകയും അവയുടെ പ്രതികരണം അയാളുടെ അമ്മയെയും വിപ്ലവത്തിലേക്കു നയിക്കുന്നതും വിവരിക്കുമ്പോൾ അദ്ദേഹം ഒരു സവിശേഷ കഥാപാത്രത്തിലൂടെ ലെനിൻ ആവിഷ്കരിച്ച സാമാന്യ സത്യത്തെ സിദ്ധവൽക്കരിച്ച് ലെനിന്റെ ശാസ്ത്രസിദ്ധാന്തം നമ്മെ ഒരു വൈകാരിക സത്തയിലേക്ക് സംക്രമിപ്പിക്കുന്നു. ശാസ്ത്രം അമൂർത്തവും സാമാന്യവും ആകുമ്പോൾ കല മൂർത്തവും വിശേഷവും ആകുന്നത് അങ്ങനെയാണ്.

കേരള ചരിത്രത്തെയും കാർഷിക-സമ്പദ്വ്യവസ്ഥകളെയും വസ്തുതകളും സംഭവങ്ങളും അണിനിരത്തി ഇ എം എസ് വിവരിക്കുന്നത്, അവയുടെ എല്ലാം ഇരകളായ കോരനിലൂടെ (*മണ്ണിന്റെ മാറിൽ*) ചെറുകാടും ചാത്തനിലൂടെ (*രണ്ടിടങ്ങഴി*) തകഴിയും അനുവാചകന്റെ വികാര തന്ത്രികളിൽ സ്പർശിച്ച് അനുഭവിപ്പിക്കുന്നു.

വർഗസമരം നടക്കുന്നത് മൂന്ന് തലങ്ങളിലാണ്—സാമ്പത്തികം, രാഷ്ട്രീയം, സാംസ്കാരികം അഥവാ പ്രത്യയശാസ്ത്രപരം. പ്രത്യയശാസ്ത്രരംഗത്തിന്റെ രണ്ടു വശങ്ങളാണ് ശാസ്ത്രവും കലയും. തൊഴിലാളിവർഗ ബുദ്ധിജീവികളും മുതലാളിവർഗ ബുദ്ധിജീവികളും ഈ രംഗത്തും ഏറ്റുമുട്ടുന്നു. ആ ഏറ്റുമുട്ടലിന്റെ വേദിയാണ് ഗ്രാംഷിയൻ "പൗരസമൂഹം". ഈ പൗരസമൂഹത്തിലെ "ഹെജിമണി"യാണ് തൊഴിലാളിവർഗത്തിന്റെ സമരലക്ഷ്യം—ആത്യന്തിക അധികാര മത്സരത്തിലേക്കുള്ള വഴിത്താര. ■

4 ഭരണകൂടവും സംസ്കാരവും

നിർവചനങ്ങൾ

ഭരണകൂടവും സർക്കാരും തമ്മിലുള്ള വ്യതിരേകം രാഷ്ട്രമീമാംസയിലെ ഹരിശ്രീയാണ്. പട്ടാളം, പൊലീസ്, കോടതി, ബ്യൂറോക്രസി (ഉദ്യോഗസ്ഥ ശ്രേണി) നികുതിപിരിവിനും നിയമസമാധാനപാലനത്തിനും വികസന പ്രവർത്തനങ്ങൾക്കും ഉള്ള കാര്യാലയങ്ങൾ, ഇവയെ നിയന്ത്രിക്കുകയും നിലനിർത്തുകയും നയിക്കുകയും ചെയ്യുന്ന നിയമസംഹിതകൾ തുടങ്ങി മിക്കവാറും സ്ഥിരമായി തുടരുന്ന ഭരണയന്ത്രസമുച്ചയമാണ് ഭരണകൂടം–ഇംഗ്ലീഷിൽ "സ്റ്റേറ്റ്". രാഷ്ട്രത്തിന്റെ പരമോന്നതമായ പരമാധികാര ഭരണയന്ത്രമാണ് ഭരണകൂടം. സർക്കാർ എന്ന് വ്യവഹരിക്കപ്പെടുന്നത് ഓരോ തിരഞ്ഞെടുപ്പും കഴിയുമ്പോൾ പുതുതായി രൂപീകരിക്കപ്പെടുന്ന മന്ത്രിസഭയും അതിന്റെ അകമ്പടിയും അനുസാരികളും പൊടിപ്പും തൊങ്ങലുകളും എല്ലാം.... രണ്ട് തിരഞ്ഞെടുപ്പുകൾക്കിടയിലെ വേളയിലും മന്ത്രിസഭാ മാറ്റമോ പുനഃസംഘടനയോ ഭരണകക്ഷി മാറ്റമോ ഉണ്ടാകാം. രാജാധിപത്യത്തിലും മറ്റു ജനാധിപത്യേതര സംവിധാനത്തിലും ഇങ്ങനെ സർക്കാർ മാറ്റങ്ങൾ രാജാവിന്റെയോ സമഗ്രാധിപതിയുടെയോ മരണം, സ്ഥാനചലനം മുതലായവയെത്തുടർന്ന് സംഭവിക്കാം.

1999–ൽ കേരള സർക്കാരിന്റെ സാംസ്കാരിക നയരൂപീകരണത്തിനുവേണ്ടി സമർപ്പിച്ച രേഖയാണ് ഈ പ്രബന്ധം. സ്വാഭാവികമായും ഇതിലെ ചില ഭാഗങ്ങൾ മറ്റ് അധ്യായങ്ങളുടെ ആവർത്തനമായി തോന്നാം. ഈ അധ്യായത്തിന്റെ പൂർണിമയ്ക്കുവേണ്ടി അവ എടുത്തുമാറ്റുന്നില്ല.

ആധുനിക ഭരണകൂടങ്ങളെ താങ്ങിനിർത്തുന്ന മൂന്ന് സ്തംഭങ്ങളുണ്ട്—ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി. ആധുനിക യുഗത്തിൽ മാധ്യമങ്ങൾ വഹിക്കുന്ന അഭൂതപൂർവമായ നിർണായക സ്വാധീനത്തെയും ധർമത്തെയും മുൻനിർത്തി മാധ്യമങ്ങളെ ഈ മൂന്ന് സംരംഭങ്ങളോടൊപ്പം പ്രാധാന്യം കൽപ്പിച്ച് "നാലാം എസ്റ്റേറ്റ്" എന്നും വിശേഷിപ്പിച്ചുവരുന്നു.

ഇംഗ്ലീഷിലെ "കൾച്ചറാ"ണ് മലയാളത്തിലെ സംസ്കാരം. സർവ സാധാരണയായി പരാമർശിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ് ഈ വാക്ക്. എങ്കിലും അതിന്റെ അർഥപരിണാമം ദുർഘടം പിടിച്ചതും അർഥവൈവിധ്യവും വ്യാപ്തിയും നിർവചനശ്രമങ്ങളെ കുഴയ്ക്കുന്നതുമാണ്. അർഥഗ്രഹണത്തിനും വിവരണത്തിനും ഏറ്റവും വിഷമകരമായ രണ്ടോ മൂന്നോ ഇംഗ്ലീഷ് വാക്കുകളിലൊന്നാണിതെന്ന് റെയ്മണ്ട് വില്യംസ് പറഞ്ഞത് മലയാളത്തിനും മറ്റ് ആധുനിക ഭാഷകൾക്കുംകൂടി ബാധകമാണ്. ആ ദുർഘട മാർഗങ്ങളെ ഒക്കെ കഴിയുന്നത്ര ഒഴിഞ്ഞുമാറി നമ്മുടെ ചർച്ചയ്ക്കാവശ്യമായ വിധം ചുരുക്കി ചില വിവരണങ്ങൾ നൽകാം. (മറ്റൊരു സന്ദർഭത്തിൽ മറ്റൊരാവശ്യത്തിനായി ഈ ലേഖകൻ എഴുതിയ ചില കാര്യങ്ങൾ അതേപടി ഇടയ്ക്കിടെ ആവർത്തിക്കുന്നത് ക്ഷമിക്കുക.)

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമിക വിശ്വാസങ്ങളും മൂല്യബോധവും ആചാരാനുചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. കുടുംബബന്ധങ്ങളായാലും ജാതിമത കെട്ടുപാടുകളായാലും അവയെല്ലാം സാംസ്കാരിക നൂലുകളാലാണ് ബന്ധിതമായിരിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ അനാദികാലം മുതൽക്കുതന്നെ സംസ്കാരം അതിന്റെ ഘടനയ്ക്ക് പ്രേരകമായും പോഷണമായും വർത്തിച്ചിരുന്നു. മതത്തിന്റെ പേരിലായാലും മാനവികതയുടെ പേരിലായാലും ധർമദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസിൽ മാറ്റം വരുത്തി സാംസ്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കു നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകരും മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്.

സംസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിതസാക്ഷാൽക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. സമൂഹത്തിൽ ഒരേ സമയംതന്നെ യാഥാസ്ഥിതികത്വത്തിന്റെ ഘടകങ്ങളെന്നപോലെ പുരോഗമനത്തിന്റെ ഘടകങ്ങളും മത്സരിച്ച് വർത്തിക്കുന്നതിനാൽ സംസ്കാരത്തിലും രൂപരീതി ഭേദങ്ങളുണ്ട്. ജാതിമത ഭിന്നതകളും ഭാഷാഭേദ

ങ്ങളും വർഗ വിഭജനവുമെല്ലാം വിവിധ സാംസ്കാരികധാരകൾക്ക് ജന്മം നൽകുന്നു. ഇവയെ വിശദീകരിച്ചും വിശകലനം ചെയ്തും പഠിച്ച് കാലോചിതമായി ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ നന്മയ്ക്കും മേന്മയ്ക്കുമായി തെരഞ്ഞെടുക്കുകയും അവയെ ഉയർത്തിപ്പിടിക്കുകയുമാണ് നമ്മുടെ കർത്തവ്യം.

നവയുഗസംസ്കൃതി

സ്വാതന്ത്ര്യം, ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം തുടങ്ങിയ ആദർശങ്ങളും ശാസ്ത്ര-സാങ്കേതിക വിദ്യ, വ്യവസായം തുടങ്ങിയ സംരംഭങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ലോകത്തിന്റെ മുഖഛായ ആകെ മാറ്റിത്തീർത്തിരിക്കുന്നു. ഈ മാറ്റങ്ങൾ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അന്ത്യദശകമായ ഈ കാലയളവിൽ അത്യത്ഭുതകരങ്ങളായ മാറ്റങ്ങൾക്കാണ് വഴിതുറക്കുന്നത്. ഈ മാറ്റങ്ങളെ വിപ്ലവമെന്ന് വിളിച്ചാൽ പോരെന്നു കരുതി ചിലർ വിസ്ഫോടനം എന്നുതന്നെ നാമകരണം ചെയ്തിരിക്കുന്നു. ഈ വിസ്ഫോടനത്തിന്റെ അലകളിളകി ആർത്തലയ്ക്കുന്ന വിവിധ രംഗങ്ങളിൽ സംസ്കാരം അതീവ പ്രാധാന്യം അർഹിക്കുന്നു.

സംസ്കാരത്തിന്റെ വാഹനം കമ്യണിക്കേഷൻ അഥവാ സംവേദന മാധ്യമമാണ്. സംവേദനത്തിന് മൂന്ന് രൂപങ്ങളുണ്ട്—വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ്. അതീതകാലം മുതൽക്കുതന്നെ നിലനിൽക്കുന്ന വരമൊഴിയിലൂടെയുള്ള സാംസ്കാരിക സംക്രമണം തലമുറകളിൽനിന്ന് തലമുറകളിലേക്കും മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കും പണ്ടും ഇന്നും നടന്നുവരുന്നു. ഗുരുകാരണവന്മാരിൽനിന്നും സംക്രമിച്ചുപോന്ന ഈ സംസ്കാരത്തിന് എഴുത്തും അച്ചടിയുമായി വരമൊഴി വന്നതോടുകൂടി പൂർവാധികം ഉറപ്പും വ്യക്തതയും പൗർവാപര്യ തുടർച്ചയും കൈവന്നു. എന്നാൽ ഈ മേന്മകൾ ന്യൂനപക്ഷത്തിനുമാത്രം അക്ഷരാഭ്യാസമുണ്ടായിരുന്ന ഉച്ചനീചത്വസമൂഹത്തിൽ ഭൂരിപക്ഷത്തിന് അനഭിഗമ്യമായി. പിന്നീട് വിദ്യാഭ്യാസം വ്യാപിക്കുകയും സാക്ഷരത പ്രചരിപ്പിക്കുകയും ചെയ്ത സമൂഹങ്ങളിൽപ്പോലും അക്ഷരമാധ്യമം സാർവജനീനമായി എന്നു പറഞ്ഞുകൂടാ. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ മുതലായവ പ്രചാരത്തിലെത്തിയതോടെ സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വളരെ വർധിച്ചു.

ഇതോടുകൂടി സാംസ്കാരിക സംക്രമണം ഗുരുകാരണവ കേന്ദ്രങ്ങളിൽനിന്നും കുടുംബഘടനകളിൽനിന്നും വേർപെട്ട് മാധ്യമമേഖലകളുടെ നിയന്ത്രണത്തിലായി. കൂട്ടുകുടുംബ സമ്പ്രദായങ്ങളും ഗ്രാമീണ കൂട്ടായ്മകളും അസ്തമിച്ച് അണുകുടുംബങ്ങളും പൊതുവിദ്യാലയ

ങ്ങളും രാഷ്ട്രീയപ്പാർട്ടികളും സംഘങ്ങളും നിലവിൽവന്നതോടെ സാംസ്കാരിക സംക്രമണശൈലിയാകെ കീഴ്മേൽമറിഞ്ഞു. ജാതിമത സംഘങ്ങളും യാഥാസ്ഥിതിക വിദ്യാകേന്ദ്രങ്ങളും പരമ്പരാഗതോത്സവങ്ങളും ആരാധനാലയങ്ങളും മറ്റും ഇപ്പോഴും പഴയ സാംസ്കാരിക സംക്രമണശൈലി തുടരാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവയും പടിപടിയായി ആധുനിക വാർത്താ മാധ്യമങ്ങളെയും സാങ്കേതിക വിദ്യയെയും കൂടുതൽ കൂടുതലായി ആശ്രയിച്ചുവരുന്നു.

ഈ മാറ്റങ്ങൾ സാർവജനീനതയ്ക്കും സാർവത്രികത്വത്തിനും വഴിവയ്ക്കുന്നുണ്ടെങ്കിലും അതേസമയംതന്നെ, ഈ മാധ്യമങ്ങളുടെ സവിശേഷസ്വഭാവം മൂലം അവ സമൂഹത്തിലെ മേൽത്തട്ടുകാർക്കും യാഥാസ്ഥിതികർക്കും ഉപയുക്തങ്ങളായ കരുക്കളായി മാറുകയും ചെയ്യുന്നു. അച്ചടിമാധ്യമങ്ങൾ കൈകാര്യം ചെയ്യാനാണെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങൾ നടത്തിക്കൊണ്ടുപോകാനാണെങ്കിലും വമ്പിച്ച മൂലധന ശേഷി ആവശ്യമായിരിക്കെ, അവ അധഃസ്ഥിതരായ അനേകലക്ഷങ്ങൾക്ക് അനഭിഗമ്യമായിത്തീരുന്നു. സാർവദേശീയരംഗത്തെ ബഹുരാഷ്ട്രകുത്തകകൾക്കും രാഷ്ട്രത്തിനകത്തെ ജാതി–മത–ധനിക വിഭാഗങ്ങൾക്കും അവയെ കൈപ്പിടിയിലൊതുക്കാൻ കഴിയുന്നു. ഈ ദുരവസ്ഥയാണ് ആധുനികയുഗത്തിലെ സാംസ്കാരികാപചയങ്ങൾക്ക് നിദാനം.

സർക്കാരും സംസ്കാരവും

ഇതുവരെ പറഞ്ഞതിൽനിന്നുതന്നെ ഒരു കാര്യം വ്യക്തമായി. സംസ്കാരമെന്നത് മനുഷ്യമനസുകളെയും സാമൂഹ്യസമ്പ്രദായങ്ങളെയും മൂല്യവ്യവസ്ഥകളെയും മറ്റും ബാധിക്കുന്നതാണെങ്കിലും സർക്കാരിനും സ്ഥാപനങ്ങൾക്കും നികുതിക്കും ബജറ്റ് നയങ്ങൾക്കും വ്യവസായത്തിനും വ്യാപാരത്തിനുമെല്ലാം സാംസ്കാരികപ്രക്രിയയിലും പ്രവർത്തനത്തിലും പങ്കുണ്ട്; ബജറ്റ് വകയിരുത്തലുകൾക്കും സർക്കാർ നയങ്ങൾക്കും എന്നപോലെ സ്വകാര്യ മൂലധനത്തിനും സ്വകാര്യ സംരംഭങ്ങൾക്കും പങ്കുണ്ട്. സംസ്കാരത്തിന്റെ ശ്രീകോവിലിൽ സർക്കാർ പ്രവേശിക്കുന്നത് അവിഹിതവും അവിശുദ്ധവുമാണെന്നു കരുതി മുഖം തിരിച്ചുനിന്നാൽ, ഫലം വൻമൂലധന ഉടമകൾക്ക് സംസ്കാരത്തിന്റെ ശ്രീകോവിലുകൾ സ്വൈരവിഹാരത്തിന് മലർക്കെ തുറന്നിടുക എന്നതായിരിക്കും. അവർക്കവരുടെ സ്വാർഥലക്ഷ്യങ്ങളോടല്ലാതെ മറ്റാരോടും പ്രതിബദ്ധതയോ ഉത്തരവാദിത്വമോ ഇല്ലതാനും. കക്ഷിതാൽപ്പര്യങ്ങളും സ്വകാര്യ പ്രലോഭനങ്ങളും സർക്കാരിനെയും സ്വാധീനിക്കുമെങ്കിലും ഏത് പിന്തിരിപ്പൻ സർക്കാരും ഏതെങ്കിലും അളവിൽ പൊതുജനങ്ങളോടും സമൂഹത്തോടും പ്രതിബദ്ധതയുണ്ടാകാതെ വയ്യ.

ഇക്കാരണങ്ങൾ കൊണ്ടായിരിക്കാം അതിപ്രാചീനകാലം മുതലേ സംഘടിത ഭരണകൂടങ്ങൾ—രാജാവിന്റെയോ ചക്രവർത്തിയുടെയോ ജനപ്രതിനിധികളുടെയോ—സാംസ്കാരികരംഗത്ത് എന്തെങ്കിലുമൊക്കെ പ്രവർത്തിച്ചുപോന്നത്. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സാഹിത്യകലാസദസുകൾ, പ്രാചീന തമിഴകത്തെ "സംഘം" (സംഘകാലം), വിക്രമാദിത്യന്റെ "നവരത്ന സഭ", സാമൂതിരിപ്പാടിന്റെ "പതിനെട്ടരക്കവി സദസ്" എന്നിവ ഓർക്കുക. സമൂഹഘടനയിലും അധികാരപ്രയോഗത്തിലും സംസ്കാരം വഹിക്കുന്ന പങ്കും ഇത്തരം സദസുകൾക്ക് പ്രേരകമായിരുന്നു. ബി പി സിംഗ് എഴുതുന്നത് നോക്കൂ:

സംസ്കാരവും ഭരണസംവിധാനവും

> സംസ്കാരം അധികാരമാണ്. നമ്മെ ഏറ്റവും കൂടുതൽ ബാധിക്കുന്ന സർവതിനെയുംകുറിച്ച് അറിയാൻ നടത്തുന്ന സമഗ്രമായ പരിശ്രമമാണത്. ഭാഷയും കലയും ദർശനവും മതവും വിദ്യാഭ്യാസവും ശാസ്ത്രവും ചലച്ചിത്രവും വർത്തമാനപത്രങ്ങളും റേഡിയോയും ടെലിവിഷനും സാമൂഹ്യശീലങ്ങളും ആചാരങ്ങളും രാഷ്ട്രീയ സ്ഥാപനങ്ങളും സാമ്പത്തിക സംഘടനകളും—എന്നിവയിലൂടെയെല്ലാം ആവിഷ്കൃതമാകുന്ന സംസ്കാരം വ്യക്തിയുടെയും സമൂഹത്തിന്റെയും വൈഭവങ്ങളെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉദാത്തവൽക്കരിക്കുന്നു. എന്തുകൊണ്ടെന്നാൽ, സംസ്കാരത്തിലൂടെയാണ് മനുഷ്യനും സമൂഹവും പൂർണതയെ ഗ്രഹിക്കുന്നത്. സംസ്കാരം എന്നത് കലയും സംഗീതവും നൃത്തവും നാടകവും മാത്രമല്ല. അത് ജീവിതത്തിന്റെ സർവാംഗീണമായ സമ്പ്രദായമാണ്. സംസ്കാരത്തിന്റെ മുഖ്യ അംശം സംസ്കരിക്കൽ അഥവാ കുറവ് തീർത്ത് ചെത്തിമിനുക്കി എടുക്കുന്ന പ്രക്രിയയാണ്. ഈ വിശാലമായ അർഥത്തിൽ വേണം സംസ്കാരത്തെ നോക്കിക്കാണാൻ.
>
> സമൂഹഘടനയെ ഭദ്രമായി നിലനിർത്തുന്നത് ഭരണസംവിധാനമാണ്. ഭരണകൂടത്തിന്റെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള ഉപാധിയാണത്. അത് മനുഷ്യബന്ധങ്ങളെ ക്രമീകരിക്കാനുള്ള ഉപാധിയാണ്, വ്യക്തിത്വത്തെ വികസിപ്പിക്കാനും ഉദ്ഗ്രഥിതമായ വിശേഷവ്യക്തിത്വത്തെ വളർത്തി എടുക്കാനും ഉള്ള ഉപാധികൂടിയാണ്. സമൂഹത്തിന്റെ കൂട്ടായ ലക്ഷ്യവും ആദർശവും സാക്ഷാൽക്കരിക്കാനായി സമൂഹത്തിലെ വ്യക്തികളെ നിയന്ത്രിക്കാനും ദിശാബോധം നൽകി ഏകോപിപ്പിക്കാനും ഉള്ളതാണ് ഭരണസംവിധാന കല. സമൂഹക്രമം നിലനിർത്താനുള്ള ചുമതലയാണ് ഭരണയന്ത്രം നിർവഹിക്കുന്നത്. അത് ചെയ്യാത്തപക്ഷം

സമൂഹത്തിൽ അരാജകത്വം നടമാടുകയും മനുഷ്യജീവിതം ഏകാന്തവും ദരിദ്രവും മൃഗീയവും ഹ്രസ്വവും ആയിത്തീരും. അങ്ങനെ സാംസ്കാരിക മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും സമൂഹം ലക്ഷ്യമാക്കുന്ന ആദർശങ്ങൾ സാക്ഷാൽക്കരിക്കാൻ ഉതകുന്ന നവീന മൂല്യങ്ങൾ ആവിഷ്കരിക്കുന്നതിലും ഭരണയന്ത്രം നിർണായക പങ്ക് വഹിക്കുന്നു. (*ഇന്ത്യാസ് കൾച്ചർ, ദി സ്റ്റേറ്റ്, ദി ആർട്സ് ആന്റ് ബിയോണ്ട്*, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, 1998)

CULTURE AND ADMINISTRATION

Culture is power. It is a pursuit of total perfection to know all that concerns us most. As expressed through language and art, philosophy and religion, education and science, films and newspapers, radio and television, social habits and customs, political institutions and economic organisations, culture heighens the skills of an individual and a society in its totality in all walks of life because it is by culture that a man or society gets an insight into the whole. Culture includes not only art, music, dance and drama, but a whole way of life. In part, culture is 'sanscrit' or a process of refinement. It is in this broader sense that culture has to be viewed.

Administration keeps the fabric of society intact. It is the tool of the state to achieve its goal. It is an instrument of ordering human relations to help individuals in developing their individuality and a consistent, coherent personality. The art of administration comprises direction, co-ordination, and control of persons constituting a society to achieve some collective purpose or objective. Administrative machinery is entrusted with the responsibility of keeping order in a society without which there would be anarchy and human life would be solitary, poor, nasty, brutish and short. Administration thus plays a vital role in the preservation of cultural values and the promotion of new value patterns consonant with the goals that the society sets for itself. (*India's Culture, The State, The Arts and Beyond*, B P Singh, Oxford University Press, 1998)

അതുകൊണ്ട് സർക്കാരും ഭരണകൂടവും സാംസ്കാരികരംഗത്ത് ഇടപെടരുത് എന്ന ചിലരുടെ വാദം ചരിത്രപരമായ സാധുതയോ സമകാലിക പ്രസക്തിയോ ഇല്ലാത്ത വീൺവാക്കുകളാണ്.

ഇന്ത്യൻ ഭരണയന്ത്രത്തിൽ സാംസ്കാരിക പ്രവർത്തനങ്ങളുമായി

ബന്ധപ്പെട്ട പല ചുമതലകളും ദീർഘകാലം വഹിച്ച ഉന്നതനായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ബി പി സിംഗിന്റെ നിരീക്ഷണങ്ങൾ വിലപ്പെട്ടതെങ്കിലും ബ്രിട്ടീഷ് രാഷ്ട്രമീമാംസയുടെ സ്ഥാപക പ്രതിഭകളായ തോമസ് ഹോബ്സിന്റെയും ജോൺ ലോക്കിന്റെയും മറ്റും വീക്ഷണത്തിൽനിന്ന് അദ്ദേഹം വിമുക്തനല്ല. അതുകൊണ്ട് ഈ പുസ്തകത്തിൽ പലയിടത്തും പരാമർശിക്കുന്ന ഭരണകൂടത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് വർഗവീക്ഷണം അദ്ദേഹത്തിന് അന്യമാണ്. എങ്കിലും സാധാരണ നാം ഇടപെട്ടുപോരുന്ന ഭരണയന്ത്രവും എപ്രകാരമാണ് സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചുപോരുന്നതെന്ന് മനസ്സിലാക്കാനും ശരിയായ വീക്ഷണം രൂപപ്പെടുത്താനും പരിചയസമ്പന്നനായ സിംഗിന്റെ പുസ്തകവും വീക്ഷണങ്ങളും സഹായകരമാണ്.

അങ്ങനെ സർക്കാരിന്റെയും ഭരണകൂടത്തിന്റെയും സാംസ്കാരികരംഗത്തെ "ഇടപെടൽ" ആശാസ്യം മാത്രമല്ല ആവശ്യം കൂടിയാണെന്ന് പറയുമ്പോൾത്തന്നെ ഭരണകൂടത്തിന്റെ ചിലതരം ഇടപെടലുകൾ അനാശാസ്യമാണെന്ന വസ്തുതകൂടി കാണേണ്ടതുണ്ട്. ഭരണകൂടം എപ്പോഴും നിലനിൽക്കുന്ന വ്യവസ്ഥയുടെ, അതിന്റെ യാഥാസ്ഥിതികത്വത്തിന്റെയും അനീതിയുടെയും മറ്റും സംരക്ഷണോപാധി കൂടിയാണ്. അതുകൊണ്ട് നിത്യവികസ്വരവും പുരോഗമനോന്മുഖവും ജനകീയവും ആയിരിക്കേണ്ട സംസ്കൃതിയുടെ സ്ഥാനത്ത് നേർവിപരീതസ്വഭാവത്തിലുള്ള സംസ്കൃതി മുൻകൈ എടുക്കും. സംസ്കൃതി എന്നത് സർവജനസമ്മതവും സ്ഥലകാലഭേദവും സകലർക്കും സ്വീകാര്യവുമായ ഒരു "പരബ്രഹ്മരൂപി"യല്ല. വർഗസമൂഹത്തിൽ ഭരണകൂടം പ്രതിനിധീഭവിക്കുന്ന സംസ്കാരം അധീശവർഗത്തിന്റേതായിരിക്കും. സ്ത്രീപുരുഷദ്വന്ദ്വം, ഭൂരിപക്ഷ-ന്യൂനപക്ഷദ്വന്ദ്വം, വംശീയ മേലാള-കീഴാളദ്വന്ദ്വം എന്നിങ്ങനെയുള്ള വേർതിരിവുകളിൽ അധീശസംസ്കാരം ഈ ദ്വന്ദ്വങ്ങളിലെ കീഴാളർക്ക് അതീതമായിരിക്കും. അതുകൊണ്ട് അവരുടെ സംസ്കാരം, ഏത് സംസ്കാരം പരിഗണനയർഹിക്കുന്നു എന്ന പ്രശ്നം വിവാദവിധേയമാകുന്നു. ഇതാണ് സംസ്കാരവും അധികാരഘടനയും എന്ന സമസ്യ.

സ്വതന്ത്ര ഇന്ത്യയിലെ സംസ്കാരം

കൊളോണിയൽ വാഴ്ചയിൽനിന്നും വിമുക്തമായശേഷം കഴിഞ്ഞ നാൽപ്പത് വർഷത്തെ ഇന്ത്യയുടെ വികസന പ്രക്രിയ ഒരു വിരോധാഭാസമാണ്. സമഗ്രമായ ഭൗതിക പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും സാംസ്കാരികമായ മന്ദതയും അതോടൊപ്പം അധോഗതി തന്നെയും പ്രകടമാണ്. ആന്തരികമായി കൊളോണിയൽ വാഴ്ചയുടെ ഞെരുക്കങ്ങൾ ഉണ്ടായിരുന്നിട്ടും ഭാരതീയ പ്രതിഭ നവോത്ഥാനത്തിന്റെ സംഘുല്ലതയിലേക്ക് എന്തുകൊണ്ട് മുന്നേറി? എന്തുകൊണ്ട് നാൽപ്പതുവർഷത്തെ സ്വാതന്ത്ര്യം ഒരു

സാംസ്കാരിക നവോത്ഥാനത്തിന് കാര്യമായ സംഭാവനകൾ നൽകാതെ പോയി? ഇന്ത്യയുടെ വികസന പ്രക്രിയ ജന്മം നൽകിയ പുത്തൻ പണക്കാരുടെയും പുത്തൻ മധ്യവർഗത്തിന്റെയും സമൂഹം എന്തുകൊണ്ട് സംസ്കാരദരിദ്ര പ്രകൃതക്കാരായിത്തീർന്നു? അക്കാലത്തെ ബ്രിട്ടനിലെ പുത്തൻ ഇടത്തരക്കാരെ വിശേഷിപ്പിക്കാൻ മാത്യു അർണോൾഡ് ഉപയോഗിച്ച "ഫിലിസ്റ്റൈൻ" എന്ന അപചയം ഇന്ത്യയിലെ പുത്തൻ മധ്യവർഗത്തിന് ബാധകമാകുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് ഇന്ത്യയിലെ പുത്തൻ മധ്യവർഗക്കാർ അനിയന്ത്രിതമായ ഉപഭോഗ സംസ്കാരത്തിന്റെയും സുഖലോലുപത്വത്തിന്റെയും അതോടൊപ്പംതന്നെ മത പുനരുജ്ജീവനത്തിന്റെയും സാമൂഹ്യ അന്ധവിശ്വാസങ്ങളുടെയും അടിമകളായി തീർന്നത്? എന്തുകൊണ്ടാണ് സംസ്കാരത്തിന്റെ ഇളം മുകുളങ്ങളെ ഉപഭോഗ സംസ്കാരത്തിന്റെയും പുനരുജ്ജീവനത്തിന്റെയും കളകൾ മൂടിക്കളയുന്നത്? ഈ സുപ്രധാന പ്രശ്നങ്ങളാണ് എല്ലാ മേഖലകളിലും ഉള്ള ചിന്താശീലരും ഹൃദയാലുക്കളുമായ ഭാരതീയരെ അലട്ടിക്കൊണ്ടിരിക്കുന്നത്. (*കൾച്ചർ, കമ്യൂണിക്കേഷൻ ആന്റ് സോഷ്യൽ ചേഞ്ച്*, പി സി ജോഷി, 1989)

CULTURE IN INDEPENDENT INDIA

India's development process during the last forty years of her freedom from colonial rule is characterised by a paradox: her impressive overall material progress is marked by a cultural lag or even retrogression. Why is it that in the pre-independence period India's genius flowered into a cultural renaissance despite the inner constraints arising from colonialism? Why is it that forty years of independence have not contributed significantly towards a new cultural renaissance? Why is it that the development process has thrown up a new middle class, the New Rich, who are stricken by the malady of what Mathew Arnold called philistinism, in sharp indictment of the middle classes of his times in England (Mathew Arnold 1932)? why is it that the rise of a new middle class in independent India is associated with the upsurge or unbridled consumerism, the pursuit of the pleasure principle at one end and the resurgence of religious revivalism and social, obscurantism at another? Why is it that the tender sproutings of a new culture are covered up by the weeds of consumerism of revivalism? These are vital questions which are agitating thoughtful and sensitive Indians in all walks of life. (*Culture, Communication and Social Change*, P C Joshi, 1989)

കേരളം ഉൾപ്പെടെയുള്ള ഇന്നത്തെ ഇന്ത്യയിൽ ഭരണകൂടത്തിന്റെ സാംസ്കാരികനയവും ഇടപെടലും പരിഗണിക്കുമ്പോൾ എന്ത് സംസ്കാരം, ആരുടെ സംസ്കാരം തുടങ്ങിയ പ്രശ്നങ്ങൾ ആശയവ്യക്തത നേടിക്കൊണ്ട് മുമ്പിലേക്ക് തിക്കിത്തിരക്കി കയറിവരുന്നു. ഇന്ത്യയുടെ സമകാലികസംസ്കാരം അഥവാ സംസ്കാരങ്ങൾ ഏതെല്ലാം വിധം, അവയിലേതൊക്കെ നിരുത്സാഹപ്പെടുത്തണം, ഏതെല്ലാം പ്രോത്സാഹനമർഹിക്കുന്നു, 21–ാം നൂറ്റാണ്ടിൽ അവയിൽ ഏതെല്ലാം തളരണം ഏതെല്ലാം വളരണം എന്നൊക്കെ ചികഞ്ഞെടുക്കാൻ ഈ സാംസ്കാരിക സങ്കീർണത അടിസ്ഥാനമായ സാമൂഹ്യഘടന എന്തെന്ന് കണ്ടെത്തണം. ഈ ഘടനയുടെ ഭാവരൂപങ്ങളെയും സവിശേഷതകളെയും കുറിച്ച് ഏറിയും കുറഞ്ഞുമുള്ള ശാസ്ത്രസാധ്യതയോടെ ധാരാളം പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും പണ്ഡിതന്മാർ രചിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ഹ്രസ്വമായ ഖണ്ഡിക ശാസ്ത്രീയമായ നിഷ്കർഷകൊണ്ടും ചരിത്രവീക്ഷണത്തോടുകൂടിയ സംഗ്രഹീത സ്വഭാവംകൊണ്ടും പ്രകൃതത്തിലെ അന്വേഷണത്തിന് വെളിച്ചം വിതറും എന്ന് എനിക്ക് തോന്നുന്നു.

ഇന്ത്യയിലെ മുതലാളിത്തവികസനം പടിഞ്ഞാറൻ യൂറോപ്പിലും മറ്റു വികസിത മുതലാളിത്തരാജ്യങ്ങളിലും ഉണ്ടായ തരത്തിലുള്ള ഒന്നല്ല. ഇന്ത്യൻ സമൂഹം മുതലാളിത്തപാതയിലൂടെയാണ് വളരുന്നതെങ്കിലും അതിൽ പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിലെ പ്രബലമായ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. വികസിത മുതലാളിത്തരാജ്യങ്ങളിൽ ഉയർന്നുവന്ന ബൂർഷ്വാസി നശിപ്പിച്ച പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെ ആ ചിതാഭസ്മത്തിന്മേലാണ് മുതലാളിത്തം വളർന്നു വികസിച്ചത്. എന്നാൽ ഇന്ത്യയിലാകട്ടെ, പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെമേൽ മാരകമായ പ്രഹരം ഏൽപ്പിക്കുന്നത് മുതലാളിത്തസമൂഹത്തിന്റെ സ്വതന്ത്രമായ വളർച്ചയ്ക്കും തുടർന്ന് അതിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് സമൂഹത്തിന്റെ ആവിർഭാവത്തിനും ആവശ്യമാണ്. എന്നാൽ ഒരു നൂറ്റാണ്ടിലേറെക്കാലം ഭരണം നടത്തിയ ബ്രിട്ടീഷ് കോളനി ഉടമകളോ 1947–ൽ അധികാരമേറ്റ ഇന്ത്യൻ ബൂർഷ്വാസിയോ പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയുടെമേൽ ഇത്തരമൊരു പ്രഹരം ഏൽപ്പിക്കുകയുണ്ടായില്ല. അതുകൊണ്ട് ഇന്നത്തെ ഇന്ത്യൻ സമൂഹം ജാതി–വർഗീയ–ഗോത്ര സ്ഥാപനങ്ങളും കുത്തക മുതലാളിത്താധിപത്യവും ഒന്നുചേർന്നിട്ടുള്ള ഒരു പ്രത്യേകതരം സംയോജനമാണ്. അങ്ങനെ പ്രാങ്മുതലാളിത്ത സാമൂഹ്യവ്യവസ്ഥയെ നശിപ്പിക്കുന്നതിൽ താൽപ്പര്യമുള്ള എല്ലാ പുരോഗമനശക്തികളെയും ഏകീകരിക്കുകയും ജനാധിപത്യവിപ്ലവം അതിവേഗം പൂർത്തീകരിച്ച് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന് കളമൊരുക്കാനുള്ള പ്രവർ

ത്തനം സുഗമമാക്കുകയും ചെയ്യത്തക്കവിധം സമൂഹത്തിലെ വിപ്ലവ ശക്തികളെ സംയോജിപ്പിക്കുകയും ചെയ്യുകയെന്നത് തൊഴിലാളിവർഗത്തിന്റെയും തൊഴിലാളിവർഗ പാർട്ടിയുടെയും ചുമതലയായിത്തീർന്നിരിക്കുന്നു.

ഇങ്ങനെ മുതലാളിത്തവും നാടുവാഴിത്തവും കൊളോണിയൽ അവശിഷ്ടങ്ങളും ഗോത്രവ്യവസ്ഥ മുതലായ പലതരം മുതലാളിത്തപൂർവ സമ്പ്രദായങ്ങളും ഇടകലർന്ന സാമൂഹിക-സാമ്പത്തിക ഘടനയും അതുപോലെതന്നെ കുഴഞ്ഞുമറിഞ്ഞ സാംസ്കാരിക പ്രവണതകളുമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഒന്നര നൂറ്റാണ്ടുകാലത്തെ കൊളോണിയൽ വികസനവും അരനൂറ്റാണ്ടുകാലത്തെ സ്വാതന്ത്ര്യാനന്തര മുതലാളിത്തവികസനവും പിന്നിട്ടിട്ടും പ്രാകൃത കമ്യൂണിസം തൊട്ട് അത്യാധുനിക കംപ്യൂട്ടർ സംസ്കാരം വരെ ഇവിടെ സഹവർത്തിക്കുന്നു. 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ ഇന്ത്യ രൂക്ഷമായി നേരിട്ടുകൊണ്ടിരിക്കുന്ന വർഗീയതയും ജാതീയതയും മതഭ്രാന്തും മറ്റും ഈ ജീർണ പൈതൃകത്തിന്റെ പ്രകടിത രൂപങ്ങളാണ്. അതോടൊപ്പം നമ്മുടെ സഹസ്രാബ്ദങ്ങൾ നീണ്ട പാരമ്പര്യത്തിൽ ശാസ്ത്ര ചിന്തയുടെയും യുക്തിബോധത്തിന്റെയും മാനവികതയുടെയും വിമോചനത്തിന്റെയും ധാരകളും ഉണ്ടായിരുന്നു. ഇവയെല്ലാം ചികഞ്ഞ് ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ ജീർണഘടകങ്ങളെ തിരസ്കരിക്കുകയും ജീവൽഘടകങ്ങളെ പുലർത്തുകയുമാണ് സാംസ്കാരിക നയത്തിന്റെ കർത്തവ്യം.

സാംസ്കാരിക പ്രതിസന്ധി

ഇന്ത്യ ഇന്നൊരു രാഷ്ട്രീയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത് എന്നതിന് ഒരു വിശദീകരണം ആവശ്യമില്ല. സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി തരണംചെയ്ത ഈ സന്ദർഭത്തിലും നമ്മുടെ സമ്പദ്വ്യവസ്ഥ ഗുരുതരമായ കുഴപ്പത്തിലാണ്. ബ്രിട്ടീഷ്കാലം തൊട്ടുള്ള വ്യാപകമായ ദാരിദ്ര്യവും ഭീകരമായ തൊഴിലില്ലായ്മയും ഇപ്പോഴും തുടരുകയാണ്. എന്നാൽ ഈ ഗുരുതരമായ പ്രതിസന്ധികളിൽനിന്ന് ഉയിർകൊള്ളുന്നതും അവയെ കൂടുതൽ രൂക്ഷമാക്കിത്തീർക്കുന്നതും ആയ ഒരു സാംസ്കാരിക പ്രതിസന്ധികൂടി ഉണ്ടെന്ന വസ്തുത പലപ്പോഴും ജനങ്ങളെന്നല്ല ആസൂത്രകരും ഭരണാധികാരികളുംപോലും ധരിക്കാറില്ല. മതവിശ്വാസിയായ മഹാത്മാഗാന്ധിയും മതവിശ്വാസിയല്ലാതിരുന്ന ജവഹർലാൽ നെഹ്റുവും ഉൾപ്പെടെ നമ്മുടെ പഴയ നേതൃനിര മുഴുവൻ മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനുംവേണ്ടി ഉറച്ചുനിൽക്കുകയും ഗാന്ധി അതിനായി ആത്മബലി നടത്തുകയും ചെയ്തു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? ശ്രീനാരായണനെയും

വിവേകാനന്ദനെയും ബുദ്ധനെയും അശോകനെയും അക്ബറിനെയും പ്രസവിച്ച ഈ നാട്ടിൽ വർഗീയ കോമരങ്ങൾ ഇളകിയാടുന്നു. ഈ അന്തരീക്ഷം ശുദ്ധീകരിക്കാതെ വികസനപ്രവർത്തനമെന്നല്ല ഒരുവക പുരോഗതിയും നേടാനാവില്ല. നമ്മുടെ മാധ്യമങ്ങൾ ഈ പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുകയാണ്. അതാണ് ഇന്ന് നമ്മെ തുറിച്ചുനോക്കുന്ന ഏറ്റവും വലിയ പ്രശ്നം.

ഈ സാംസ്കാരികാപചയത്തിന്റെ രാഷ്ട്രീയ വശമാണ് വർഗീയതയുടെയും ജാതീയതയുടെയും ചുരുക്കത്തിൽ ഫാസിസത്തിന്റെയും ഉയർച്ച പ്രതിഫലിപ്പിക്കുന്നത്. ബൗദ്ധിക കലാരംഗങ്ങളിൽ അത് ശാസ്ത്രത്തിൽനിന്നും യുക്തിചിന്തയിൽനിന്നുമുള്ള ഒളിച്ചോട്ടമായും അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ഉയർത്തെഴുന്നേൽപ്പായും കാണപ്പെടുന്നു. നാരായണഗുരുവും ബ്രഹ്മാനന്ദ ശിവയോഗിയും ആനന്ദതീർഥനും വിവേകാനന്ദനും വിഹരിച്ച മേഖലയിൽ വിദ്വേഷത്തിന്റെ വിഷപ്പുക പടരുന്നു. ഇതിനെതിരെ പ്രതികരിക്കാതെ പുരോഗതിയും വികസനവും അസാധ്യമാണ്.

സാംസ്കാരിക ചരിത്രത്തിൽ രണ്ട് മുഖ്യ പ്രവണതകളാണ് കണ്ടുവരുന്നത്. ഒന്നിനെ നവോത്ഥാനമെന്ന് വിളിക്കുമ്പോൾ മറ്റേതിനെ പുനരുജ്ജീവനം എന്ന് പേരിടുന്നു. ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ കാലഹരണപ്പെടാത്ത ഘടകങ്ങൾ മാത്രം കൈക്കൊണ്ട് കാലോചിതമായി ആചാര വിശ്വാസങ്ങളെ പരിഷ്കരിക്കുന്ന പ്രവണതയാണ് നവോത്ഥാനം. നവോത്ഥാനത്തിന് പലപ്പോഴും മതനവീകരണത്തിന്റെ പരിവേഷംകൂടി ഉണ്ടായിരിക്കും. മുഹമ്മദ് നബിയും യേശുക്രിസ്തുവും വിവേകാനന്ദനുമെല്ലാം അതിനുദാഹരണം. പുനരുജ്ജീവനം പരമ്പരാഗതമായ പുരോഗതിയുടെ ഘടകങ്ങളെ തിരസ്കരിക്കുകയും കാലഹരണം വന്നവയെ ഉയർത്തിക്കൊണ്ടുവരാൻ യത്നിക്കുകയും ചെയ്യുന്നു. മതമൗലികതാവാദികളും വർഗീയ-വിഘടനവാദികളും ശാസ്ത്രവിരോധികളും എല്ലാം ഈ വകുപ്പിൽപ്പെടുന്നവരാണ്. അതുകൊണ്ട് നവോത്ഥാന (റിനെയ്സൻസ്) പ്രവണതകളെ സ്വാംശീകരിക്കുകയും പുനരുജ്ജീവന (റിവൈവലിസം) പ്രവണതകളെ തിരസ്കരിക്കുകയുമാണ് നവയുഗ സംസ്കാരത്തിന്റെ കർത്തവ്യം.

നവോത്ഥാനത്തെയും പുനരുജ്ജീവനവാദത്തെയും കുറിച്ചുള്ള ഈ ചർച്ചയിൽനിന്നും നാം ചെന്നെത്തുന്ന നിഗമനം നവയുഗ സംസ്കാരവും മതവിരുദ്ധമായിക്കൊള്ളണം എന്നില്ല എന്നാണ്. മതത്തിന്റെ പേരിലുള്ള ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ചൂഷണത്തെയും ധൂർത്തിനെയും എതിർക്കുന്നതോടൊപ്പം ബഹുഭൂരിപക്ഷം മതവിശ്വാസികളുടെ വികാരങ്ങളെ സാംസ്കാരിക പ്രവർത്തകർ മുറിവേൽപ്പിക്കരുത്. തീർച്ചയായും ശാസ്ത്രബോധവും യുക്തിചിന്തയും

ദാർശനികമായ മതവിമർശനവും ഭൗതികവാദികളായവർക്ക് അവരുടെ വിശ്വാസവും പ്രചരിപ്പിക്കാൻ അവകാശമുണ്ട്. എന്നാൽ സാംസ്കാരിക പ്രവർത്തകർ ഒത്തുചേരുന്ന വേദികളും രൂപപ്പെടുത്തുന്ന സംഘടനകളും തീവ്രമായ പക്ഷപാതങ്ങളോ അന്യമത അസഹിഷ്ണുതയോ മൂലം വിഘടിതമായിക്കൂടാ.

ഈ വിധമുള്ള സഹിഷ്ണുതയും സംവാദ അന്തരീക്ഷവും സാഹിത്യകലാ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും ബാധകമാണ്. പ്രവർത്തനങ്ങൾക്കെല്ലാം കക്ഷി-മത-പ്രത്യയശാസ്ത്ര ഭേദമന്യേ ഒത്തുചേരാനും ഒത്തു പ്രവർത്തിക്കാനുമുള്ള വേദിയാകണം സാംസ്കാരിക മേഖല. തന്റെ കലയുടെ മേന്മയും യുക്തിയുടെ ശക്തിയും ആയിരിക്കണം നിലപാടുകളുടെ ന്യായീകരണം.

ഇതിൽനിന്നെല്ലാം ഉരുത്തിരിയുന്ന വസ്തുത ഇതാകണം: സംസ്കാരവും സാഹിത്യകലാദികളും ഗൗരവമേറിയ മറ്റെല്ലാപ്പണികൾക്കും ശേഷം ശ്രദ്ധിക്കേണ്ട വെറുമൊരു വിശ്രമ വിനോദ യത്നം മാത്രമല്ലെന്നും വിനോദത്തോടൊപ്പം വികസനത്തെയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപ ഘടകമാണെന്നും അറിയണം. നമ്മുടെ ആസൂത്രണ പ്രക്രിയയിലാകെയും ഗ്രാമസഭകളിലും മറ്റ് വികസന വേദികളിലും സംസ്കാരത്തിനും സാംസ്കാരിക സ്ഥാപനങ്ങൾക്കും സമർഹമായ സ്ഥാനം നൽകുന്നത് വികസന ലക്ഷ്യത്തിന്റെ വിജയത്തിനു തന്നെ ആവശ്യമാണ്.

സാംസ്കാരിക നയം

സർക്കാരും സംസ്കാരവും തമ്മിലുള്ള നികടമായ ബന്ധങ്ങളെ സംബന്ധിച്ചുള്ള ചർച്ചയിൽനിന്ന് ഉരുത്തിരിയുന്നത് മൂന്ന് വസ്തുതകളാണ്. അനിവാര്യത, അനാശാസ്യത, ആശാസ്യത എന്നീ മൂന്ന് വാക്കുകളിൽ ഈ മൂന്ന് കാര്യങ്ങൾ ഉരുത്തിരിയുന്നു.

ചരിത്രാരംഭകാലം തൊട്ടേ ഭരണകൂടവും—അത് ഏതുതരത്തിൽപ്പെട്ടതായാലും—സാംസ്കാരിക ജീവിതവും സാംസ്കാരിക സംവിധാനവും അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നാം നേരത്തെ കണ്ടതുപോലെ ഭരണചക്രത്തിന്റെ തിരുകുറ്റിയായ അധികാര ഘടനയുമായും സാമൂഹ്യവ്യവസ്ഥയുടെ ഉദയസ്ഥിതി ലയങ്ങളുമായും നാഭീനാള ബന്ധം കണക്കിലെടുക്കുമ്പോൾ അതിൽ അതിശയിക്കാൻ വകയില്ലെന്ന് കാണാം. എന്നാൽ ഈയിടെയായി ഭരണകൂടം സാംസ്കാരിക കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കണം എന്ന വാദം ഉയർന്നുവരാൻ കാരണമെന്ത്? ആ വാദത്തിൽ കഴമ്പെന്തെങ്കിലുമുണ്ടോ? അത് നടപ്പുള്ള കാര്യമാണോ?

ഭരണകൂടം നിലനിൽക്കുന്ന വ്യവസ്ഥയുടെ സംരക്ഷകരും പരിവർ

ത്തന വിരോധികളുമാകയാൽ ഭരണകൂടത്തിന്റെ സാംസ്കാരിക യത്നങ്ങൾ പുരോഗതിക്ക് വിഘാതമാവാനേ തരമുള്ളൂ. ആ നിലയ്ക്ക് പുരോഗമനേച്ഛുക്കൾ ഭരണകൂടത്തിന്റെ സാംസ്കാരിക ഇടപെടലുകളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നു. സ്വകാര്യ മുതലാളിത്തത്തെയും ഉദാരവൽക്കരണം എന്ന പേരിൽ ഇപ്പോൾ പരാമർശിക്കപ്പെടുന്ന നയങ്ങളെയും അനുകൂലിക്കുന്നവരാകട്ടെ നിവൃത്തിയുള്ളിടത്തോളം ജീവിതമേഖലകളിൽനിന്നും സംരംഭങ്ങളിൽനിന്നും സർക്കാരിനെ ഒഴിച്ചുനിർത്തണമെന്ന പക്ഷക്കാരാണ്. വ്യവസായം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയവയെല്ലാം സ്വകാര്യ വ്യക്തികൾക്കും ഗവൺമെന്റേതര സ്ഥാപനങ്ങൾക്കും വിട്ടുകൊടുക്കണമെന്നാണല്ലോ അവരുടെ പക്ഷം. ആധുനിക ജനാധിപത്യ വ്യവസ്ഥയിലെ വിവിധ കക്ഷിസമ്പ്രദായത്തിൽ മാറിമാറിവരുന്ന കക്ഷികൾ വീക്ഷണവ്യത്യാസംകൊണ്ടും സ്വാർഥതാൽപ്പര്യ സംരക്ഷണ വ്യഗ്രത കൊണ്ടും സർക്കാർ ഇടപെടലുകൾ സാംസ്കാരികരംഗത്തെ മലീമസമാക്കുമെന്നാണ് അവരുടെ ആശങ്ക. ഇതുകൊണ്ടാണ് ഒരുവശത്തുനിന്ന് പുരോഗമനവാദികളെയും മറുവശത്തുനിന്ന് "ഉദാരവൽക്കരണ"ക്കാരെയും ഒരേസമയം സർക്കാരിന്റെ ഇടപെടൽ അനാശാസ്യമായി കരുതാൻ പ്രേരിപ്പിക്കുന്നത്.

"അനിവാര്യത"യുടെയും "അനാശാസ്യത"യുടെയും പ്രശ്നങ്ങൾ കഴിഞ്ഞു. ഇനി "ആശാസ്യത"യുടെ കാര്യമാണ്. സമൂഹഘടനയുടെ ആരംഭം മുതൽ നിലനിൽക്കുന്നതും ഇന്നും തുടരുന്നതും ആയ നാം കണ്ട ഭരണകൂടത്തിന്റെ സാംസ്കാരിക ധർമം അനിവാര്യമാണെങ്കിൽ അത് ആശാസ്യമായാലും അനാശാസ്യമായാലും ഒഴിവാക്കാൻ പറ്റുന്നതല്ല. സമൂഹഘടനയുടെയും ഭരണകൂടത്തിന്റെയും നിലനിൽപ്പുമായി അഭേദ്യമായി ബന്ധപ്പെട്ട ഒന്നാണ് സാംസ്കാരിക രംഗത്തെ ഭരണകൂടപ്രവർത്തനം. എങ്കിൽ അതിന്റെ ദോഷങ്ങൾ കഴിയുന്നത്ര കുറച്ച് അതിനെ കഴിവുള്ളത്ര ആശാസ്യമാക്കുകയല്ലേ പ്രായോഗികം. അല്ലാതെ സിദ്ധാന്തങ്ങൾ ഉരുവിട്ട് ആകാശ കുസുമത്തെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് വ്യർഥ വ്യായാമമല്ലേ? ഭരണകൂടം, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കണമെന്ന വാദക്കാർ സാംസ്കാരികരംഗത്തും ആ ഒഴിഞ്ഞുനിൽക്കൽ തുടരണമെന്ന് വാദിക്കുന്നത് പൗർവാപര്യ തുടർച്ചയ്ക്ക് സഹായകംതന്നെ. വ്യവസായവും വിദ്യാഭ്യാസവും സ്വകാര്യമേഖലയ്ക്ക് വിടണം എന്നു പറയുന്നവർ ഫലത്തിൽ മൂലധനശേഷിയുള്ള സ്വകാര്യ സംരംഭകർക്ക് സ്വാർഥ ലക്ഷ്യങ്ങളെ മുൻനിർത്തി വ്യവസായത്തെയും വിദ്യാഭ്യാസത്തെയും ചൂഷണോപാധിയാക്കി കൊടുക്കുകയാണ്. ഭരണകൂടം സാംസ്കാരിക രംഗത്ത് ഇടപെടുമ്പോൾ അത് മാറിമാറിവരുന്ന ഭരണകക്ഷികളുടെ കളിപ്പാവകളോ ചൂഷണോപാധികളോ ആകും എന്ന് ഭയപ്പെടുന്നവർ

സാംസ്കാരികരംഗത്തെ സ്വകാര്യ താൽപ്പര്യങ്ങൾക്ക് വിട്ടുകൊടുക്കുമ്പോൾ അതിൽ അത്തരമൊരു കുഴപ്പം കാണാത്തതെന്ത്? ഇന്ത്യയിലും മറ്റ് മുതലാളിത്ത രാഷ്ട്രങ്ങളിലും ഇപ്പോൾത്തന്നെ ഭരണകൂടങ്ങൾ വൻതോതിൽ സാംസ്കാരിക രംഗത്ത് കൈകടത്തുന്നുണ്ട്. പുസ്തക-പത്രപ്രസാധനം, ചലച്ചിത്രനിർമാണം, ആർട്ട് ഗ്യാലറി നടത്തിപ്പ്, ടെലിവിഷൻ ചാനലുകൾ, ജ്ഞാനപീഠപുരസ്കാരം, സരസ്വതി സമ്മാൻ തുടങ്ങിയ സാഹിത്യകലാ പുരസ്കാരങ്ങൾ എല്ലാം ഇപ്പോൾത്തന്നെ സ്വകാര്യ താൽപ്പര്യക്കാരുടെയും മുതലാളിമാരുടെയും ഉടമസ്ഥതയിലാണ്. ഒരുതരത്തിലും സർക്കാർ സാംസ്കാരികരംഗത്ത് ഇടപെടുകയില്ലെന്ന് വന്നാൽ സാംസ്കാരികരംഗമാകെ മൂലധനശേഷിയുള്ള വ്യവസായികൾക്കും വർഗീയവാദികൾക്കും അഴിഞ്ഞാടാൻ മലർക്കെ തുറന്നുകൊടുക്കുക എന്നതായിരിക്കും ഫലം. സാധാരണ ജനങ്ങൾക്കോ സാമൂഹ്യസേവകർക്കോ സാംസ്കാരിക നായകർക്കോ പ്രവർത്തന സ്വാതന്ത്ര്യമോ സാഹചര്യമോ നൽകാൻ ഈ സ്വകാര്യമേഖലാ പ്രീണനം സഹായകമാവുകയില്ല. ഒരു കുട്ടിപ്പത്രം നടത്താനോ ഒരു കുട്ടി പ്രസാധനശാല സംഘടിപ്പിക്കാനോ ഒരു സാധാരണ വ്യക്തിക്ക് കഴിഞ്ഞേക്കാം. പക്ഷേ അച്ചടി മാധ്യമമായാലും ഇലക്ട്രോണിക് മാധ്യമമായാലും സമൂഹത്തിൽ കുഞ്ഞോളങ്ങളെങ്കിലും ഇളക്കാൻ കഴിവുണ്ടാകണമെങ്കിൽ മൂലധനം മുടക്കുകതന്നെ വേണം. അല്ലെങ്കിൽ സമൂഹത്തെയാകെ പ്രതിനിധീകരിച്ചുകൊണ്ട് സർക്കാർ നിയമം, നിക്ഷേപം, സഹായധനം മുതലായ വഴികളിലൂടെ സാംസ്കാരികരംഗത്ത് പ്രവർത്തനവും പ്രോത്സാഹന നടപടികളും കൈക്കൊള്ളണം. സർക്കാരിന്റെ ഒഴിഞ്ഞുമാറ്റം പൗരാവലിയെയോ പൗരസ്വാതന്ത്ര്യങ്ങളെയോ ശക്തിപ്പെടുത്തുകയില്ല. നേരേമറിച്ച്, സ്ഥാപിതതാൽപ്പര്യക്കാരെയും സ്വകാര്യ ലക്ഷ്യക്കാരെയും ശക്തിപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് സർക്കാരിന് ഒരു സാംസ്കാരിക നയം ഉണ്ടാവുക എന്നത് ആശാസ്യം മാത്രമല്ല ആവശ്യം കൂടിയാണ് എന്നുവരുന്നു. ■

5 സംക്രമം സംഘർഷം സമന്വയം

എല്ലാ ജൈവപ്രതിഭാസങ്ങളെയും പോലെ സമൂഹവും നിരന്തരമായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സാമൂഹ്യ പ്രതിഭാസമായ സംസ്കാരവും നിരന്തരമായ മാറ്റത്തിന് വിധേയമാണ്. ഈ നിരന്തര മായ പരിവർത്തന പ്രക്രിയ നടക്കുന്നത് മൂന്ന് രീതികളിലാണ്. സംക്രമം അഥവാ ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്കുള്ള പ്രവേശനം; സംഘർഷം അഥവാ വിവിധ ധാരകൾ തമ്മിൽ മേൽക്കോയ്മയ്ക്ക് വേണ്ടി നടത്തുന്ന പോരാട്ടം; സമന്വയം അഥവാ വിജയം വരിച്ച പ്രവ ണത പരാജയപ്പെട്ട പ്രവണതയിൽ നിന്ന് പ്രസക്തമായ ഘടകങ്ങൾ സ്വാംശീകരിക്കുക, മാർക്സിസ്റ്റ് ശൈലിയിൽ വിപരീതങ്ങളുടെ ഐക്യം. ഈ ദ്വന്ദ്വാത്മക പ്രക്രിയ വീണ്ടും ആവർത്തിക്കപ്പെടുന്നു, സംക്രമവും സംഘർഷവും സമന്വയവുമായി. എന്നാൽ ഈ ആവർത്തനം പിന്നിട്ട തിന്റെ വെറും പകർപ്പുകളായിട്ടല്ല സംഭവിക്കുക. കുറെക്കൂടി ഉയർന്ന രൂപത്തിലുള്ള പുരോഗതിയിലേക്കാണ് ഈ പ്രക്രിയ നയിക്കുക. അതാ യത് ഈ മാറ്റങ്ങളുടെ പൊതു സ്വഭാവം ചാക്രികമല്ല.

താഴ്ന്ന രൂപത്തിൽ നിന്ന് കുറെക്കൂടി ഉയർന്ന രൂപത്തിലേക്കുള്ള വികാസമാണ് ഈ വൈരുധ്യാത്മക അഥവാ ദ്വന്ദ്വാത്മക പ്രക്രിയയുടെ മൊത്തം ഫലം എന്നു പറയുമ്പോൾ ചില ചരിത്ര കാലങ്ങളിൽ അപ ചയം അനുഭവപ്പെടുന്നില്ല എന്ന് ധരിക്കരുത്. ചെറിയ അപചയം വലിയ അപചയത്തിലേക്കും വീണ്ടും ചെറിയ അപചയത്തിലേക്കും ഒക്കെ തിരിഞ്ഞും മറിഞ്ഞും വരാമെങ്കിലും നീണ്ട കാഴ്ചപ്പാടിൽ അത് പുരോഗ തിയും മേൽഗതിയും ആയിരിക്കും.

ഗ്രീക്ക് സംസ്കാരത്തിന്റെ തകർച്ചയെ തുടർന്ന് അതിന്റെ ജൈവാംശങ്ങൾ ഉൾക്കൊള്ളുന്ന റോമൻ സംസ്കാരം വളർന്നതും ക്രിസ്തുവിന് ശേഷം അഞ്ചാം നൂറ്റാണ്ടോടുകൂടി വടക്കുനിന്നുള്ള ഗോത്രവർഗക്കാരുടെ ആക്രമണത്തിൽ റോമൻ ആധിപത്യം തകർന്നതും യൂറോപ്പാകെ ഏതാനും നൂറ്റാണ്ടുകളിലേക്ക് ഒരു ഇരുണ്ട യുഗത്തിലേക്ക് നിപതിച്ചതും 14–ാം നൂറ്റാണ്ടോടുകൂടി ഗ്രീക്ക് റോമൻ ക്ലാസിക്ക് സംസ്കാരത്തിന്റെയും അറേബ്യൻ നാഗരികതയുടെയും അംശങ്ങളിൽ നിന്ന് പുതുജീവൻ നേടി ഈ മൂന്ന് സംസ്കാരങ്ങളെയും പിന്തളളിയ യൂറോപ്യൻ നവോത്ഥാന യുഗം ആധുനിക വിശ്വനാഗരികതയ്ക്ക് വഴിതുറന്നതുമൊക്കെ ഈ കയറ്റിറക്ക പാതയിലൂടെയുള്ള ഉയർച്ചയുടെ ഉദാഹരണമാണ്.

ഓരോ ദശാന്തരപ്രാപ്തിയും വിവിധ ധാരകൾ തമ്മിലുള്ള സംഘർഷങ്ങളുടെ ഫലമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സംഘർഷത്തിൽ ഏതെങ്കിലും ഒരു ധാര വിജയം നേടുമ്പോഴും പരാജിത ധാരകളെ മുഴുവൻ തിരസ്കരിച്ചുകൊണ്ടല്ല അവയിലെ ചില ജൈവാംശങ്ങൾ സ്വാംശീകരിച്ചുകൊണ്ടും സമന്വയിച്ച് കൊണ്ടും ആണ് പുതിയ ദശ സമാരംഭിക്കുക. വിപരീതങ്ങളുടെ വൈരുധ്യവും സമന്വയവും എന്ന മാർക്സിസ്റ്റ് സങ്കൽപ്പനവും നിഷേധവും നിഷേധത്തിന്റെ നിഷേധവും എന്ന മാർക്സിസ്റ്റ് വൈരുധ്യാത്മക കാഴ്ചപ്പാടും എല്ലാ പരിവർത്തനങ്ങളുടെയും സമ്പ്രദായത്തെ എന്നപോലെ സംസ്കാരത്തിന്റെ സംക്രമസമ്പ്രദായത്തെയും വിവരിച്ചുതരുന്നുണ്ട്.

ജൈവ പ്രകൃതിയിലും സാമൂഹ്യ പരിണാമത്തിലും ഈ പ്രക്രിയ നടക്കുന്നുണ്ടെങ്കിലും ഈ പുസ്തകത്തിലെ വിഷയത്തിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് സംസ്കാരം, സാഹിത്യം, കല തുടങ്ങിയ രംഗങ്ങളിൽ ഈ പരിണാമനിയമം എങ്ങനെ പ്രാവർത്തികമാകുന്നു എന്നുമാത്രം പരിശോധിക്കാം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം മലയാള സാഹിത്യലോകത്തെ ഇളക്കിമറിച്ച ഒരു വാദകോലാഹലം ആയിരുന്നു ദ്വിതീയാക്ഷരപ്രാസവാദം. ദ്വിതീയാക്ഷരപ്രാസം മാത്രമല്ല സജാതീയ ദ്വിതീയാക്ഷരപ്രാസം തന്നെ ഉണ്ടെങ്കിലേ മലയാള കവിത കവിതയാകൂ എന്ന് അക്കാലത്തെ സാഹിത്യ സാർവഭൗമനായി പരിഗണിക്കപ്പെട്ടിരുന്ന കേരളവർമ വലിയകോയിത്തമ്പുരാനും അദ്ദേഹത്തിന്റെ അനുയായി വൃന്ദത്തിൽപ്പെട്ട ഉള്ളൂർ എസ് പരമേശ്വര അയ്യരും മറ്റും വാദിച്ചു. കേരളവർമയുടെ വത്സല ഭാഗിനേയനും ശിഷ്യനും ആയിരുന്ന എ ആർ രാജരാജവർമയും അനുയായികളായ കെ സി കേശവപിള്ള പ്രഭൃതികളും എതിർചേരിയിൽ അണിനിരന്നു. പ്രാസനിഷ്കർഷയെ ചൊല്ലിയായിരുന്നു ഈ വിവാദം എങ്കിലും അതിന്റെ അന്തർധാര കവിതയിൽ ശബ്ദഭംഗിക്കുവേണ്ടി അർഥം ബലികഴിക്കുന്നത് ഉചിതമാണോ എന്നും കലാസൃഷ്ടിയുടെ ഭാവരൂപ മത്സരത്തിൽ ഏതെങ്കിലും ഒന്നിന് മറ്റേതിനെ

ക്കാൾ പ്രാമുഖ്യം കൽപ്പിക്കുന്നത് ഉചിതമാണോ എന്നും മറ്റുമുള്ള പ്രശ്നങ്ങളായിരുന്നു. കുറെനാൾ നീണ്ടുനിന്ന ഈ വിവാദം സഭാതലങ്ങളിൽനിന്നും പത്രമാസികകളിൽനിന്നും വ്യക്തിബന്ധങ്ങളിലേക്കുകൂടി കടന്ന് അന്തരീക്ഷമാകെ കലുഷമായപ്പോൾ മധ്യസ്ഥ ശ്രമങ്ങൾ ആരംഭിച്ചു. രാജരാജവർമയാണ് മധ്യസ്ഥതയ്ക്ക് നിയോഗിക്കപ്പെട്ടത്. ആ നിയോഗം തന്നെ രാജരാജവർമ പക്ഷത്തിന്റെ അസന്നിഗ്ധമായ വിജയത്തെ ആണ് കുറിച്ചത്. തന്റെ നിലപാട് ശക്തിയുക്തം സമർഥിച്ചുകൊണ്ട് വിധിയെഴുതിയ രാജരാജവർമ "സജാതീയ ദ്വിതീയാക്ഷര പ്രാസം കൈരളീമഹിളതൻ മംഗല്യമെന്നോർക്കണം" എന്നുകൂടി വിധിന്യായത്തിൽ അനുബന്ധമായി എഴുതിച്ചേർത്തപ്പോൾ പരാജിതപക്ഷത്തിന്റെ വാദത്തിൽ അടങ്ങിയ നിരുപദ്രവമെങ്കിലും പ്രസക്തി പൂർണമായും നശിക്കാത്ത ഒരു ഘടകത്തെ സൗന്ദര്യത്തിന്റെ പേരിൽ സ്വാംശീകരിക്കുകയായിരുന്നു. ഉറച്ച രാജരാജപക്ഷപാതിയായിരുന്ന മഹാകവി കുമാരനാശാൻ ഉൾപ്പെടെ പലരും അവരുടെ കവിതകളിൽ ദ്വിതീയാക്ഷരപ്രാസദീക്ഷ ഈ തർക്ക പരിണാമത്തിനുശേഷവും പൂർണമായി ഉപേക്ഷിച്ചിരുന്നില്ല. മറ്റൊരു ഉദാഹരണമാണ് 1948-കളുടെ അവസാനവും അമ്പതുകളുടെ ആദ്യവും പുരോഗമന സാഹിത്യപ്രസ്ഥാനത്തിനകത്ത് രൂപഭദ്രതാവാദത്തെ ചൊല്ലി നടന്ന രൂക്ഷവും ദീർഘവുമായ വിവാദം. രൂപഭദ്രതയുടെ വക്താവ് ജോസഫ് മുണ്ടശേരിയും ഭാവഭദ്രതയുടെ മുഖ്യ വക്താവ് ഇ എം എസ് നമ്പൂതിരിപ്പാടും ആയിരുന്നു. ഈ വാദപ്രതിവാദത്തിന് ഔപചാരികമായ പരിസമാപ്തി ഒന്നും പ്രഖ്യാപിക്കപ്പെട്ടില്ലെങ്കിലും മുണ്ടശേരി സാഹിത്യപ്രശ്നങ്ങളിൽ എന്നപോലെ രാഷ്ട്രീയ കാര്യങ്ങളിലും ഇടതുപക്ഷവുമായും ഇ എം എസുമായും അടുക്കാനും സഹകരിക്കാനും തുടങ്ങിയതോടെ തർക്കം പൊതുരംഗത്തുനിന്നും അപ്രത്യക്ഷപ്പെട്ടു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ കടുത്ത എതിരാളികൾ രൂപഭദ്രതാപക്ഷത്തിൽ ഉറച്ചുതന്നെ നിന്നു. എങ്കിലും അവർക്കാർക്കും മുണ്ടശേരിയുടെ പാണ്ഡിത്യവും വാക്സാമർഥ്യവും ഇല്ലാത്തതിനാലാവാം അവരൊന്നും പിന്നീട് ഈ വാദം കുത്തിപ്പൊക്കാനൊന്നും മിനക്കെട്ടില്ല. ഇ എം എസ് ആണ് വാദത്തിൽ ജയിച്ചതും എതിർപക്ഷക്കാരനെക്കൂടി തന്റെ പ്രവർത്തന മേഖലയിലേക്ക് ആകർഷിച്ചതും എന്ന പ്രതീതിയാണ് പരന്നത്.

പിൽക്കാലത്ത് ഇ എം എസ് ഈ തർക്കവിഷയം വീണ്ടും പരാമർശവിധേയമാക്കിയപ്പോൾ തന്റെ നിലപാട് നൂറ് ശതമാനവും ശരിയായിരുന്നു എന്ന് സ്ഥാപിക്കാനല്ല പരിശ്രമിച്ചത്. തന്റെയും മുണ്ടശേരിയുടെയും വ്യത്യസ്ത വാദമുഖങ്ങൾ രണ്ടിലും ഭാഗികമായി ശരിയും തെറ്റും ഉണ്ടായിരുന്നു എന്നാണ് ഇ എം എസ് വിമർശനവും ആത്മവിമർശനവും നടത്തിയത്. മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രസിദ്ധാന്തപ്രകാരം

കലാസൃഷ്ടിയുടെ ഭാവരൂപങ്ങൾ തമ്മിൽ ദ്വിത്വം കൽപ്പിക്കുന്നത് പിശകാണെന്നും ഭാവരൂപങ്ങളുടെ ഐക്യമാണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ ഹൃദയമെന്നും അദ്ദേഹം വ്യക്തമാക്കി. അക്കാലത്ത് കോഡ്വെൽ, ഫോക്സ്, ലൂക്കാച്ച് മുതലായ മാർക്സിസ്റ്റ് കലാസൈദ്ധാന്തികരുടേത് എന്നല്ല മാർക്സ്, എംഗൽസ്, ലെനിൻ മുതലായവരുടെ തദ്വിഷയകമായ കൃതികൾപോലും ഇന്ത്യയിൽ കിട്ടിത്തുടങ്ങിയിരുന്നില്ലെന്നും അതുകൊണ്ട് വന്ന പാകപ്പിഴയാണ് രൂപഭദ്രതാവാദത്തെ അടച്ചാക്ഷേപിക്കാൻ കാരണമായതെന്നും ഇ എം എസ് സമ്മതിക്കുകയുണ്ടായി. അങ്ങനെ തനിക്കും പ്രസ്ഥാനത്തിനും സംഭവിച്ച പിശക് ഏറ്റുപറയുന്നതോടൊപ്പം ഭാവത്തെ അവഗണിച്ച് രൂപത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ച മുണ്ടശേരിക്കും തെറ്റ് പറ്റിയെന്ന് ഇ എം എസ് ചൂണ്ടിക്കാട്ടി. ഭാവത്തെ സമ്പൂർണവും സുന്ദരവുമായി ആവിഷ്കരിക്കാൻ പറ്റിയ രൂപമാണ് 'രൂപഭദ്രത'. അതേസമയം ഭാവം അർഥവത്തും മൂല്യനിർഭരവും ആകാതെ രൂപംമാത്രം സുന്ദരമായാൽ അത് കാക്കപ്പൊന്നുപോലെ വിലകെട്ടതായി പോകും. ഈ ആദിമ നിഗമനത്തിലും വിപരീതങ്ങളുടെ ഐക്യം എന്ന സങ്കൽപ്പനം സാക്ഷാൽക്കരിക്കപ്പെടുന്നു.

ഇപ്പറഞ്ഞതിനെക്കാളൊക്കെ ഗഹനവും അർഥസമ്പുഷ്ടവും ആണ് വർഗസമൂഹത്തിന്റെ ആരംഭം മുതൽക്കുതന്നെ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ട 'എലീറ്റ്' അഥവാ 'വരേണ്യകലകളും' 'ഫോക്ക്' അഥവാ 'നാടോടി ജനകീയ കലകളും' തമ്മിലുള്ള സംഘർഷവും സമന്വയവും. ചരിത്രപരമായ ഭൗതികവാദ വീക്ഷണപ്രകാരം സമൂഹം വർഗങ്ങളായി തിരിയുന്നതിനുമുമ്പ് 'പ്രിമിറ്റീവ് കമ്യൂണിസ്റ്റ്' അഥവാ ആദിമ കമ്യൂണിസ്റ്റ് അഥവാ പ്രാകൃത കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയാണ് നിലനിന്നത്. ആ ദശയിലെ വൈരുധ്യങ്ങൾ വർഗങ്ങൾ തമ്മിൽ ഉള്ളതായിരുന്നില്ല. മനുഷ്യസമൂഹവും പ്രകൃതിശക്തികളും തമ്മിലായിരുന്നു സംഘർഷവും സമന്വയവും. എന്നാൽ ഉൽപ്പാദനോപാധികളുടെ പുരോഗതിയും ഉൽപ്പാദനക്ഷമതയുടെ വളർച്ചയും ഒരു വ്യക്തിക്ക് അയാളുടെ ഉപഭോഗത്തിന് ആവശ്യമുള്ളതിനെക്കാൾ കൂടുതൽ ഉൽപ്പാദിപ്പിച്ച് മിച്ചം വയ്ക്കാൻ കഴിയുകയും ചെയ്തതോടുകൂടി പഴയ നാടോടി വേട്ടക്കാരുടെ സമൂഹം സ്ഥിരതാമസക്കാരായ കർഷകരുടേതായി മാറുകയും സമൂഹത്തിൽ മിച്ചം ചൂഷണം ചെയ്ത് ജീവിക്കാൻ തുടങ്ങിയ ഒരു വിഭാഗം ഉണ്ടാവുകയും ചെയ്തു. അങ്ങനെ ഉണ്ടായ വർഗവിഭജനം പ്രത്യയശാസ്ത്ര സമീപനങ്ങളിലും കലാസൃഷ്ടികളുടെ ഉൽപ്പാദനാസ്വാദനങ്ങളിലും പ്രത്യക്ഷപ്പെട്ടതോടെ സംസ്കാരത്തിലും കലയിലും വേർതിരിവ് പ്രകടമായി.

അങ്ങനെയാണ് 'ഫോക്ക് കൾച്ചർ' എന്നും 'എലീറ്റ് കൾച്ചർ' എന്നും രണ്ട് സമാന്തര സാംസ്കാരിക ധാരകൾ ഉളവാകുന്നത്. എലീറ്റ്

എന്നാൽ ഉപരിവർഗക്കാർ അഥവാ വരേണ്യർ. ഇന്ത്യയിലെ സവിശേഷമായ വർഗവിഭജന വ്യവസ്ഥയിൽ വരേണ്യർ എന്ന് പറയുമ്പോൾ അവരിൽ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യാദികളായ സവർണവിഭാഗം ഉൾപ്പെടുന്നു. ഇംഗ്ലീഷിലെ ഫോക്ക് കൾച്ചറിന് നാടോടി സംസ്കാരം അഥവാ നാടോടി സംസ്കൃതി എന്നാണ് പൊതുവെ വിവർത്തനം ചെയ്തുവരുന്നത്. ഫോക്ക് എന്നതിന് നാടോടി എന്ന വിവർത്തനം അത്ര ശരിയാണെന്ന് തോന്നുന്നില്ല. നാടോടികൾ എന്നു വിളിക്കപ്പെടുന്നവർ ഒരു സ്ഥലത്തും സ്ഥിരതാമസമാക്കാതെ അലഞ്ഞുതിരിഞ്ഞ് നടന്ന് ഉപജീവനം നിർവഹിക്കുന്നവരാണ്. യൂറോപ്പിലും മറ്റുമുള്ള 'ജിപ്സി'കളെപ്പോലെ. അവരും വരേണ്യരിൽനിന്ന് വ്യത്യസ്തരും അധഃസ്ഥിതരും ആയതിനാൽ അവരും ഫോക്ക് ആണെങ്കിലും കീഴ്ജാതിക്കാരും അധഃസ്ഥിതരും ചൂഷിതരും ആയ എല്ലാവരും നാടോടികളായിക്കൊള്ളണം എന്നില്ല. യജമാനവർഗങ്ങളുടെ കീഴിൽ സ്ഥിരമായി താമസിച്ച് അടിമവേലയും കൂലിവേലയും എടുത്ത് കഴിയുന്നവരും അവരിലുണ്ട്. അതുകൊണ്ടായിരിക്കണം മറ്റ് ഇന്ത്യൻ ഭാഷകളിൽ നാടോടി എന്നതിനുപകരം ജനസംസ്കൃതി എന്നും ജനപദസംസ്കൃതി എന്നും മറ്റും പ്രയോഗിച്ചുകാണുന്നത്. മലയാളത്തിലും അങ്ങനെ ഉപയോഗിക്കുന്നതാവും കൂടുതൽ ശരിയെങ്കിലും സാധാരണ പ്രയോഗിച്ചുവരുന്ന നാടോടി സാഹിത്യം നാടോടി കല, നാടോടി സംസ്കൃതി മുതലായ പ്രയോഗങ്ങൾ ഇവിടെ ഉപേക്ഷിക്കുന്നില്ല.

മുകളിൽ പരാമർശിച്ച വർഗരഹിതമായ ആദിമ കമ്യൂണിസ്റ്റ് വ്യവസ്ഥ അതേ തരത്തിൽ തുടർന്നു എന്ന് പറഞ്ഞുകൂടെങ്കിലും മിക്കവാറും അതുമായി വളരെ സാമ്യമുള്ളതാണ് നമ്മുടെ ഗിരിജനങ്ങളുടെയും ഗോത്രവർഗങ്ങളുടെയും ജീവിതശൈലി. അതുകൊണ്ട് അവരുടെ സംസ്കാരത്തെയും സാഹിത്യ നൃത്തകലാദികളെയും ആരാധനാ സമ്പ്രദായങ്ങളെയും ഈ ഫോക്ക് വിഭാഗത്തിൽ പെടുത്തുന്നത് ശാസ്ത്രയുക്തമായിരിക്കും.

സാഹിത്യാദികലകളിലെ ഈ രണ്ട് ധാരകൾ തമ്മിലുള്ള മുഖ്യമായ വ്യത്യാസം അധഃസ്ഥിത വിഭാഗങ്ങളുടേത് വാമൊഴിയായ് കേട്ടും കേൾപ്പിച്ചും പ്രചരിപ്പിക്കുമ്പോൾ വരേണ്യരുടേത് വരമൊഴിയായി എഴുതിയും എഴുതിപ്പിച്ചും കൂടി പ്രചരിപ്പിക്കുന്നു എന്നതാണ്. ഇതിനർഥം നാടോടി സാഹിത്യം ഒരിക്കലും എഴുതപ്പെടാറില്ല എന്നല്ല വളരെ അപൂർവമായി പണ്ടും എഴുതപ്പെടാറുണ്ട്. അതിനു പുറമെ ആധുനിക കാലത്ത് ഗവേഷകരും സഹൃദയരും വിവിധതരം പൈതൃകങ്ങൾ അന്വേഷിച്ച് കണ്ടെത്തി പകർത്തി എഴുതുകയും അച്ചടിച്ച് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിഷയ സ്വീകരണങ്ങളിലും മൂല്യവ്യവസ്ഥയിലും നാടോടി കലകളും വരേണ്യ കലകളും പരസ്പരം ഇടകലരുന്ന സന്ദിഗ്ധ മേഖലകളും ഉണ്ട്. വാസ്തവം പറഞ്ഞാൽ, സമൂഹത്തിന്റെ

വൈരുധ്യാത്മക പരിണാമവും നിഷേധങ്ങളുടെ നിഷേധവും വൈപരീത്യങ്ങളുടെ സമന്വയവും എല്ലാം സാംസ്കാരിക ചരിത്രത്തിൽ ഉടനീളം സംഭവിച്ചുകൊണ്ടിരിക്കുന്നു.

വരേണ്യകലകളും സാഹിത്യവും ഉപരിവർഗക്കാരുടെ ആരാധനാസമ്പ്രദായങ്ങളെയും രാഷ്ട്രമീമാംസാ മൂല്യങ്ങളുടെ വർഗാധിപത്യത്തെയും സമർഥിക്കാൻ ശ്രമിക്കുമ്പോൾ അധഃസ്ഥിത കല ഈ മൂല്യങ്ങൾക്കെതിരെ കലാപം നടത്തുന്നു. ഈ കലാപം ഉള്ളടക്കങ്ങളിലും മൂല്യങ്ങളിലും ആയി ഒതുങ്ങുന്നില്ല. ഭാവത്തെ എന്നപോലെ രൂപത്തെയും കലാപം ബാധിക്കുന്നു. അംഗീകൃതമായ അലങ്കാര ശാസ്ത്രങ്ങളെയും രൂപനിബന്ധനകളെയും കീഴാളർ കലകൾ ലംഘിക്കുന്നു. ഇംഗ്ലീഷിൽ 'കാനൻ' അഥവാ കാനോനിക്കൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന അലങ്കാര ശാസ്ത്രങ്ങളെയും ലാവണ്യ സിദ്ധാന്തങ്ങളെയും ശിൽപ്പ മാതൃകകളെയും ലംഘിക്കുന്ന കീഴാളർ കലകൾ ഉച്ഛൃംഖലമായ പ്രതിഭയെയും ഭാവനയെയും കെട്ടഴിച്ചുവിട്ട് നവംനവങ്ങളായ പരീക്ഷണങ്ങൾക്ക് വഴിയൊരുക്കുന്നു. അതേസമയം അംഗീകൃതം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ചിട്ടവട്ടങ്ങൾ ലംഘിക്കാതെ സർഗക്രിയ നടത്തുന്ന വരേണ്യസൃഷ്ടികൾ ആവർത്തനവിരസവും മുരടിപ്പ് മൂലം മുഷിപ്പനുമായി തരംതാഴുന്നു. പരമ്പരാഗതമായ രൂപനിബന്ധനകൾ പ്രതിഭയ്ക്ക് കൂച്ചുവിലങ്ങിടുകയും കൃതികളെ ഗതാനുഗതികത്വത്തിന്റെ മരുഭൂമിയിലേക്ക് തള്ളിയിടുകയും ചെയ്യുന്നു.

സാമൂഹ്യവും രാഷ്ട്രീയവുമായ ചലനങ്ങളും പുതിയ വർഗങ്ങളുടെയും സംസ്കാരങ്ങളുടെയും ആവിർഭാവവും ഈ പഴയ സ്തംഭനാവസ്ഥയിൽനിന്ന് വിമുക്തി നേടാൻ കഴിവുള്ള പുത്തൻ പ്രതിഭകൾക്ക് ജന്മം നൽകുന്നു. ചെളിയിൽനിന്ന് താമര മുകുളം പോലെ പഴമയുടെ ജീർണതയിൽനിന്ന് പുതുനാമ്പുകൾ ഉയരുന്നു. ഈ പുതുനാമ്പുകൾ സാമൂഹ്യ, രാഷ്ട്രീയ പരിവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നു. അങ്ങനെയാണ് ഇറ്റലിയിൽ ദാന്തെയും ഇംഗ്ലണ്ടിൽ ചോസറും ഷേക്സ്പിയറും റഷ്യയിൽ പുഷ്കിൻ തുടങ്ങിയവരും ഇന്ത്യയിൽ എഴുത്തച്ഛൻ, കമ്പർ, കൃത്തിവാസസ്, തുളസീദാസ്, ബസവേശ്വരൻ തുടങ്ങിയവരും സാംസ്കാരിക നവോത്ഥാനങ്ങൾക്ക് തിരികൊളുത്തിയത്.

ഈ നവോത്ഥാനങ്ങൾക്കും യുഗസംക്രമങ്ങൾക്കും ജന്മവും ജീവനും നൽകുന്നത് കീഴാളരുടെ സമാന്തര കലകളും ആവിഷ്കാര ശൈലികളും ഭാഷയും ആണ്. ദാന്തെ സാധാരണക്കാരുടെ ഇറ്റാലിയൻ സംസാര ഭാഷയിൽ *ഡിവൈൻ കോമഡി* എഴുതിയതും *കാന്റർബറി കഥകളിൽ* സാധാരണക്കാർ സംസാരിക്കുന്ന ഇംഗ്ലീഷ് ഭാഷയ്ക്ക് ജ്യോഫ്രി ചോസർ മാന്യത കൽപ്പിച്ചതും അലക്സാണ്ടർ പുഷ്കിൻ റഷ്യൻ സംസാര ഭാഷയെ അരങ്ങത്തേക്ക് എഴുന്നള്ളിച്ചതും എഴുത്തച്ഛൻ ആധുനിക മലയാള ഭാഷയുടെ പിതാവായിത്തീർന്നതും മേൽച്ചേർത്ത ഭക്തിപ്രസ്ഥാന

നായകർ താന്താങ്ങളുടെ ജനകീയ ഭാഷകളെ സമുദ്ധരിച്ചതുമെല്ലാം ഈ സംക്രമയുഗത്തിന് കീഴാളർ സംസ്കാരം നൽകിയ സംഭാവനകളുടെ തെളിവാണ്. എഴുത്തച്ഛൻ നാടോടിപ്പാട്ടുകളുടെ കിളിപ്പാട്ട് വൃത്തവും കുഞ്ചൻനമ്പ്യാർ അധഃസ്ഥിത വർഗക്കാരുടെ പറയൻ തുള്ളലും ശീതങ്കൻതുള്ളലും തന്റെ ആവിഷ്കാര മാധ്യമമായി സ്വീകരിച്ച് ജനപ്രീതി നേടിയതും ഓർക്കുക.

സാംസ്കാരിക സംക്രമത്തിന്റെയും വേലിയേറ്റത്തിന്റെയും കാലയളവിൽ പുതുമയും പരീക്ഷണവുമായി അനുഭവപ്പെടുന്ന ഈ കീഴാളർ ശൈലികളുമായി സമന്വയിച്ച സാഹിത്യവും കലയും വേലിയിറക്കം ആരംഭിക്കുമ്പോഴേക്കും ആവർത്തന വിരസവും പകർത്തിയെഴുത്തും ആയി മരവിക്കുകയും വീണ്ടും വരേണ്യധാരയും ജനകീയ ധാരയും സമാന്തരമായി പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തു. ഈ പ്രക്രിയ തന്നെ ആവർത്തിക്കുമ്പോൾ അടുത്ത സംക്രമത്തിന്റെ കാലമായി എന്നു കരുതാം.

ഈ ചരിത്രവസ്തുത കണക്കിലെടുത്താണ് വിശ്വസാഹിത്യത്തിലെ പ്രകൃഷ്ട മഹാകാവ്യങ്ങളും കഥാസമാഹാരങ്ങളും എല്ലാം നാടോടി പാരമ്പര്യത്തിൽനിന്നാണ് ഉത്ഭവിച്ചത് എന്നും പിൽക്കാലത്ത് അവ ഇന്നത്തെ രൂപത്തിൽ എഡിറ്റ് ചെയ്ത് രൂപപ്പെടുത്തിയതാണെന്നും മാക്സിം ഗോർക്കി അഭിപ്രായപ്പെട്ടത്. നമ്മുടെ *മഹാഭാരതം*, *രാമായണം* മുതലായവയും ഹോമറുടെ *ഇലിയഡ്*, *ഒഡീസി* മുതലായവയും മറ്റും ഇപ്രകാരം വാമൊഴി പാരമ്പര്യത്തിൽനിന്നുമാണ് രൂപംകൊണ്ടതെന്ന് അതിനകത്തുതന്നെയുള്ള തെളിവുകളിൽനിന്ന് മനസ്സിലാക്കാം. നമ്മുടെ ആദികാവ്യമായ *വാൽമീകി രാമായണം* ലവകുശന്മാർ പാടി നടന്ന പാട്ടുകളാണെന്നത് പ്രസിദ്ധമാണല്ലോ. അതുപോലെ സൂതന്മാരും പിന്മുറക്കാരും പൂർവികരിൽനിന്ന് കേട്ട് പഠിച്ച് ജനപഥങ്ങളിലും രാജകൊട്ടാരങ്ങളിലും യജ്ഞവേദികളിലും പല തലമുറകളിൽ പാടി കേൾപ്പിച്ച് പോന്നതാണ് *മഹാഭാരതം* എന്ന് അതിൽത്തന്നെ പറയുന്നുണ്ട്. അങ്ങനെ വരേണ്യവർഗങ്ങളുടെയും ജാതികളുടെയും "ഉൽക്കൃഷ്ട" കഥകളും പ്രമേയങ്ങളും നാടോടി ജനതയുടെ "അപകൃഷ്ട" ഭാഷയിലേക്കും ശൈലികളിലേക്കും പകരുന്നതുപോലെ മേലാളവർഗത്തിന്റെ കഥകളും പ്രമേയങ്ങളും കീഴാളവർഗത്തിന്റെ സൃഷ്ടികളിലേക്ക് നുഴഞ്ഞുകയറി പതഞ്ഞ് പൊങ്ങുകയും ചെയ്യുന്നുണ്ട്. ചിലപ്പോൾ കീഴാള വീരനായകരെയും നായികമാരെയും മേലാളവേഷം കെട്ടിച്ച് മേലാളരുടെ സ്വന്തമാക്കി അവരെ ഉപയോഗപ്പെടുത്തി കീഴാളരുടെമേലുള്ള പ്രത്യയശാസ്ത്ര ആധിപത്യം സ്ഥാപിക്കലും ചരിത്രത്തിൽ അനുഭവപ്പെടാറുണ്ട്. എം എൻ ശ്രീനിവാസനെപ്പോലുള്ള ചില ചിന്തകർ ഈ പ്രക്രിയയെ സാൻസ്ക്രിട്ടൈസേഷൻ (സംസ്കൃതവൽക്കരണം) എന്ന സാങ്കേതിക സംജ്ഞ

കൊണ്ടാണ് വിശേഷിപ്പിക്കുന്നത്. സംസ്കൃതവൽക്കരണം, നവോത്ഥാന പ്രക്രിയയുടെ വേലിയിറക്കത്തെ കുറിക്കുമ്പോൾ മേലാള സംസ്കാരത്തിന്റെ കീഴാളവൽക്കരണം വേലിയേറ്റത്തെ പ്രതിനിധീഭവിക്കുന്നു. വിപ്ലവകരമായ ബുദ്ധമതം കീഴാളരുടെ ഹീനയാനവും മേലാളരുടെ മഹായാനവും ആയി വേർതിരിഞ്ഞപ്പോൾ മഹായാനക്കാർ മേലാളരുടെ സംസ്കൃത ഭാഷയെ ആശ്ലേഷിക്കുകയും കീഴാളർ ബുദ്ധൻ ഉപയോഗിച്ചതും സാധാരണക്കാരുടേതും ആയിരുന്ന പ്രാകൃതത്തിൽ അഥവാ പാലിയിൽത്തന്നെ ഉറച്ചുനിന്നതും ഈ വേലിയിറക്ക പ്രവണതയെയും വേലിയേറ്റ പ്രവണതയെയും ഉദാഹരിക്കുന്നു.

സാംസ്കാരികരംഗത്ത് ഈ കീഴാള-മേലാള വ്യതിരേകങ്ങൾ അടുത്ത അധ്യായത്തിൽ നമുക്ക് പരിശോധിക്കാം. ■

6 നാടോടി പാരമ്പര്യത്തിലെ പ്രതിസംസ്കൃതി

ഇരുപതാം നൂറ്റാണ്ടിലെ 1960-കൾ രാഷ്ട്രീയ രംഗത്ത് എന്ന പോലെ സാംസ്കാരികരംഗത്തും വമ്പിച്ച മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. വിയത്നാമിനെതിരെയുള്ള അമേരിക്കൻ ആക്രമണ യുദ്ധം, അമേരിക്ക ഉൾപ്പെടെ ലോകമെങ്ങും അലയടിച്ചുയർന്ന യുദ്ധവിരുദ്ധ പ്രക്ഷോഭം, അമേരിക്കയിലെ കറുത്തവർഗക്കാരുടെ പൗരസമത്വസമരം, ആഫ്രിക്കൻ വൻകരയിലും ഏഷ്യയിലും വ്യാപിച്ച രൂക്ഷമായ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങൾ, വനിതാവിമോചന പ്രസ്ഥാനത്തിന്റെ പുതിയ മുന്നേറ്റം, 1968-ലെ ഫ്രഞ്ച് വിദ്യാർഥി-യുവജനകലാപം, അതിന്റെ പ്രചോദനം ഉൾക്കൊണ്ട് യൂറോപ്പിലും അമേരിക്കയിലും വളർന്ന യുവജന-വിദ്യാർഥി മുന്നേറ്റം, മാർക്സിസത്തിനും ബന്ധപ്പെട്ട വിപ്ലവ സിദ്ധാന്തങ്ങൾക്കും അനുഭവപ്പെട്ട നവവസന്തം, ചൈനയിലെ സാംസ്കാരിക വിപ്ലവം എന്നിങ്ങനെ പോകുന്നു ഈ പതിറ്റാണ്ടിനെ ചരിത്രത്തിന്റെ വഴിത്തിരിവാക്കിയ സംഭവപരമ്പരകൾ. ഈ സംഭവപരമ്പരകളുടെ ഉപോൽപ്പന്നങ്ങളിൽ ഒന്നായിരുന്നു പ്രധാനമായി പടിഞ്ഞാറൻ വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലും കുറെയൊക്കെ അവയുടെ സ്വാധീനത്തിൽപ്പെട്ട പിൻനില രാഷ്ട്രങ്ങളിലും പ്രത്യക്ഷപ്പെട്ട "ഹിപ്പി", "ബീറ്റിൽസ്" യുവജന-സാംസ്കാരിക പ്രതിഭാസങ്ങളും പ്രതിഷേധങ്ങളും. മുടി നീട്ടിവളർത്തി വ്യത്യസ്തമായ വികൃത വസ്ത്രധാരണങ്ങളോടെ പുതുമകൾ തേടി പലപ്പോഴും പ്രതിഷേധ സൂചകമായി സാധാരണ സമ്പ്രദായങ്ങളിൽനിന്നും വ്യത്യസ്തരായി, അരാജക ശീലങ്ങളോടെ മയക്കുമരുന്നും അകൃത പെരുമാറ്റങ്ങളും ആയി അലഞ്ഞുനടന്ന ഹിപ്പികൾ അക്കാലത്തെ പഴമക്കാരെ പ്രകോപിപ്പിക്കുകയും കാഴ്ച

ക്കാരുടെ കൗതുകം ഉണർത്തുകയും ചെയ്തിരുന്നു. ഇവയുടെ എല്ലാം ഒരു അസംസ്കൃത ചേരുവയായിട്ടാണ് "കൗണ്ടർ കൾച്ചർ" അഥവാ പ്രതിസംസ്കൃതി എന്നൊരു പദപ്രയോഗം പ്രചാരത്തിൽ വന്നത്.

പിൽക്കാലത്ത് അംഗീകൃത സംസ്കാര ധാരകൾക്കും മേലാള സംസ്കാരത്തിനും എതിരെയുള്ള പ്രവണതകൾക്കെല്ലാം ഈ പ്രതി സംസ്കൃതി എന്ന വിശേഷണം വാർന്നുവീണു. വാസ്തവം പറഞ്ഞാൽ, ഈ പ്രതിസംസ്കൃതി പ്രവണത അഥവാ മേലാള സംസ്കൃതിക്കെതി രെയുള്ള പ്രതിഷേധ പ്രവണത വർഗങ്ങളായി വിഭജിക്കപ്പെട്ട സമൂഹ ങ്ങളിലെല്ലാം നിലനിന്നിരുന്നു എന്ന് സാംസ്കാരിക ചരിത്രം സാക്ഷ്യ പ്പെടുത്തുന്നു. കഴിഞ്ഞ അധ്യായത്തിൽ നാം ചർച്ച ചെയ്ത നാടോടി അഥവാ ജനകീയ സംസ്കൃതിയെ ഈ പ്രതിസംസ്കാര വിഭാഗത്തിൽ പെടുത്താവുന്നതാണ്. ആധുനിക കാലത്ത് ജനാധിപത്യ പുരോഗതിയും ജനകീയ സംസ്കാര മുന്നേറ്റവും കീഴാളവർഗ സംസ്കാരത്തിന് അംഗീ കാരവും മാന്യതയും വർധിപ്പിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മേലാള സംസ്കാരത്തിന്റെ വക്താക്കളും വ്യാഖ്യാതാക്കളും അതുമായി പൂർണ മായി പൊരുത്തപ്പെട്ടിട്ടില്ല. പൂണൂൽക്കാരായ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ ജാതികളിൽപ്പെട്ട ദ്വൈവർണികരുടെ ഭാഷ "ഉൽക്കൃഷ്ട"മാ ണെന്നും കീഴാളരുടേത് അപകൃഷ്ടമാണെന്നും ഉള്ള ലീലാതിലകകാ രന്റെ നിലപാട് അംഗീകരിക്കുന്ന വടക്കുംകൂർ രാജരാജവർമയെപ്പോലെ ഇപ്പോഴും അനേകരുണ്ട്. എ ആർ രാജരാജവർമയുടെ *കേരള പാണിനീയം* രണ്ടാം പതിപ്പ് 1917-ൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് വ്യാകരണത്തിലും ഈ ഉൽക്കൃഷ്ട ഭാഷാപക്ഷപാതം ഉണ്ടായിരുന്നു. അതുവരെ വ്യാക രണം എന്നാൽ ഭാഷാപ്രയോഗം എങ്ങനെയൊക്കെ ആയിരിക്കണം എന്ന് ചില മുൻകാല മുൻവിധികളെയും പ്രമാണങ്ങളെയും ആസ്പദ മാക്കി വിധികൽപ്പിക്കുകയോ ലെജിസ്ലേറ്റ് അഥവാ നിയമനിർമാണം നടത്തുകയോ ചെയ്യുന്ന ഏർപ്പാടായിരുന്നു. പാണിനിയും പതഞ്ജ ലിയും എല്ലാം സംസ്കൃതത്തിനുവേണ്ടി ഉണ്ടാക്കിയ വ്യാകരണം അത്ത രത്തിലായിരുന്നു. അങ്ങനെയുള്ള വിധിനിഷേധങ്ങൾ അടങ്ങുന്നതായി രിക്കരുത് ചലനാത്മകമായ സജീവ ഭാഷയുടെ വ്യാകരണമെന്നും ജന സാമാന്യം ദൈനംദിന ജീവിതത്തിൽ ഉപയോഗിച്ചുവരുന്ന ഭാഷാപ്ര യോഗങ്ങളെ കണ്ടറിഞ്ഞ് അപഗ്രഥിക്കുകയും അതിൽനിന്ന് നിയമങ്ങൾ വാർത്തെടുക്കുകയും ആണ് ആധുനിക വൈയാകരണൻ ചെയ്യേണ്ട തെന്നും രാജരാജവർമ നിർദേശിക്കുന്നു. 1896-ൽ എഴുതിയ *കേരള പാണിനീയ*ത്തിന്റെ ഒന്നാം പതിപ്പിലെ ഈ വരേണ്യപക്ഷപാതം ഉപേ ക്ഷിച്ചുകൊണ്ടാണ് രണ്ടാം പതിപ്പ് അദ്ദേഹം തയ്യാറാക്കിയത്. അഭ്യൂഹികം (ഡിഡക്ടീവ്) എന്നദ്ദേഹം വിശേഷിപ്പിച്ച ഈ പഴയ സമ്പ്രദായം "രാജാധി പത്യപരവും" ആഗമികം (ഇൻഡക്ടീവ്) എന്ന് അദ്ദേഹം വിശേഷിപ്പിച്ച

രണ്ടാം പതിപ്പിലെ സമീപനം പൗരാധിപത്യപരവും ആണെന്ന് രാജ രാജവർമ പീഠികയിൽ വിശദീകരിക്കുന്നു. (കൂടുതൽ ചർച്ചയ്ക്ക് ഈ ലേഖകൻ എഴുതിയ *സാഹിത്യം: അധോഗതിയും പുരോഗതിയും* എന്ന പുസ്തകത്തിലെ ഏഴാം അധ്യായം കാണുക.)

നാടോടി ജനകീയ സാഹിത്യത്തിലും മറ്റും ഈ വിധം സാമാന്യ ജനങ്ങളുടെ ഭാഷ ഉപയോഗിക്കുന്നതിനെയും വരേണ്യ ലാവണ്യ ശാസ്ത്രവിധികളെ തിരസ്കരിക്കുന്നതിനെയും പല പ്രാമാണികരും വിമർശിച്ചിട്ടുണ്ട്. നാടോടി സാഹിത്യത്തോട് സഹിഷ്ണുത പുലർത്താൻ ശ്രമിക്കുന്ന മഹാകവി ഉള്ളൂർ എന്ന പരമേശ്വര അയ്യർക്കുപോലും തന്റെ മേലാള പ്രകൃതിയും അഭിരുചിയും മറച്ചുവയ്ക്കാൻ കഴിയുന്നില്ല. *കേരള സാഹിത്യ ചരിത്രത്തിൽ* അദ്ദേഹം എഴുതുന്നത് നോക്കുക:

> ആ സാഹിത്യത്തിന് പണ്ഡിതദൃഷ്ടിയിൽ യാതൊരു മെച്ചവുമില്ല: അതിലെ സംഗീതം അങ്ങനെയൊരു പേർ അർഹിക്കുന്നില്ല. എങ്കിലും ആ ഗാനപ്രപഞ്ചത്തിനുമുണ്ട് ശൈശവ മധുരമായ ഒരു സൗന്ദര്യം. അത് സഹൃദയന്മാരെ അന്തരാന്തരാ രസിപ്പിക്കുന്നു; ഗാനരസികന്മാരെ ആനന്ദിപ്പിക്കുന്നു. ഓലയുടെയും നാരായത്തിന്റെയും ഒത്താശ കൂടാതെ നാടെങ്ങും പ്രചരിപ്പിക്കുന്നു. (ഒന്നാം ഭാഗം)

മലയാളത്തിൽ മാത്രമല്ല, ലോക ഭാഷകളിലെല്ലാം നാടോടി സാഹിത്യം അധഃസ്ഥിത വിഭാഗങ്ങളുടെ അസംതൃപ്തിയെയും അസ്തിത്വ സമർഥനത്തെയും സ്വത്വാന്വേഷണത്തെയും പ്രതിഫലിപ്പിച്ച് വരേണ്യരുടെ എതിർപ്പിന് ഇരയായിട്ടുണ്ട്. ഇംഗ്ലീഷ് നാടോടി സാഹിത്യത്തെക്കുറിച്ച് കാവ്യമർമജ്ഞനായ ജെയിംസ് റീവ്സ് എഴുതുന്നു:

> നാടൻപാട്ടുകൾ പലപ്പോഴും കലാപ്രവണതയെയും മാന്യന്മാരുടെ ഉയർന്ന സമൂഹത്തിന്റെ മർദക മാനദണ്ഡങ്ങളുടെ തിരസ്കാരത്തെയുമാണ് പ്രതിഫലിപ്പിക്കുന്നത്. നാടൻപാട്ടുകളിലെ കഥാനായകൻ സാധാരണ സിവിൽ ജീവനക്കാരനോ സർക്കാർ ഉദ്യോഗസ്ഥനോ നിലവിലുള്ള വ്യവസ്ഥയുടെ ദല്ലാളോ ആയിരിക്കുകയില്ല. അയാൾ സ്വന്തമായ വ്യക്തിത്വമുള്ളവനായിരിക്കും, കലാപകാരിയായിരിക്കും. നാടൻപാട്ടുകളുടെ വിഷയം വെറും പള്ളിയിൽ പോക്കും സാധാരണമായ ഉപജീവനമാർഗം തേടലും കുടുംബജീവിതവും ഒന്നും ആയിരിക്കുകയില്ല. അവ പലപ്പോഴും പുതുമാർഗങ്ങൾ വെട്ടിത്തെളിക്കലും നിയമവിരുദ്ധവുമായ വേട്ടയാടലും നിയമലംഘനവും സംഘർഷവും സംഘട്ടനവും അപകടത്തിൽ കലാശിക്കുന്നതോ അല്ലാതെയോ ഉള്ള വഴിവിട്ട പ്രേമവും മറ്റുമായിരിക്കും. സ്വാതന്ത്ര്യ പൂർണജീവിതത്തിനുള്ള അവകാശം, മൗലികമായ ആത്മാവിഷ്കാരം എന്നിവയ്ക്കായി സകല

മാന സ്ത്രീകളും പുരുഷന്മാരും അഭിലഷിക്കുന്നതിൽ നിന്നാണ് നാടൻപാട്ടുകൾ ഉറവെടുക്കുന്നത്. നാടൻപാട്ടുകൾ പൊതു സദാചാരനിയമങ്ങളെ നശിപ്പിക്കും എന്നാരോപിച്ച് അവയെ അടിച്ചമർത്താൻ പള്ളിയും ഭരണകൂടവും ഉൾപ്പെടെ വ്യവസ്ഥാപിതാധികാരത്തിന്റെ പ്രതിനിധികൾ ഇംഗ്ലീഷ് ചരിത്രത്തിലുടനീളം ശ്രമിച്ചുപോന്നിട്ടുണ്ട് എന്ന വസ്തുത ചിലപ്പോഴൊക്കെ വിസ്മരിക്കപ്പെട്ടുപോകുന്നു. അങ്ങനെ കുടിലുകളിൽനിന്നും വയലുകളിൽനിന്നും ആട്ടിപ്പായിക്കപ്പെട്ട നാടൻപാട്ടുകൾ ഗ്രാമീണ മദ്യശാലകളിൽ അഭയംതേടി. അവയ്ക്കുപകരം കുട്ടികളെ പഠിപ്പിച്ചുവന്നത് മന്ത്രങ്ങളും സങ്കീർത്തനങ്ങളുമാണ്. പക്ഷേ അവയെ പൂർണമായി നിഷ്കാസനം ചെയ്യാൻ ആർക്കും കഴിഞ്ഞില്ല. അവയെ വീണ്ടെടുത്ത് എഴുതിവയ്ക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചവർ രംഗത്തു വരുന്നതുവരെ അവയിൽ മിക്കവയും പാവപ്പെട്ട വൃദ്ധജനങ്ങളുടെ സ്മരണയിൽ മാത്രമായി തങ്ങിനിന്നു. അതുകൊണ്ട് അവ നശിപ്പിക്കപ്പെട്ടില്ല. നാടൻ പാട്ടിന് അതിന്റേതായ ഒരു ജീവസുണ്ട്. മനുഷ്യാത്മാവിന്റെ മരണത്തോടെ മാത്രമേ അത് മരിക്കുകയുള്ളൂ. (*Understanding of Poetry*)

പ്രതിസംസ്കൃതിയുടെ ഈ പ്രതിഫലനം നാടൻപാട്ടുകളിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും അവ പലപ്പോഴും വരേണ്യ ദേവതകളുടെയും ആരാധനാക്രമങ്ങളുടെയും ഇടയിൽ ഞെരുങ്ങിപ്പോകാറുണ്ട്. അധഃസ്ഥിത വീരനായകരെ മഹേശ്വരവേഷം കെട്ടിക്കാനും കീഴാള വീരവനിതയെ ശ്രീപാർവതിയുടെ ഉടയാട ധരിപ്പിക്കാനും മേലാളരുടെ സാംസ്കാരിക ഹെജിമണി സമ്മർദം ചെലുത്തുന്നു. എങ്കിലും ഈ വരേണ്യ മൂടുപടങ്ങളെ തള്ളിനീക്കി വർഗസമരങ്ങളുടെ വിശ്വരൂപവും സ്വത്വപ്രഖ്യാപനങ്ങളുടെ കാഹളം വിളികളും അരങ്ങത്ത് എത്താറുണ്ട്. ഉദാഹരണത്തിന്, വളരെ പ്രസിദ്ധമായ ഈ നാടൻപാട്ട് ശ്രദ്ധിക്കുക:

നേരംപോയ് നേരംപോയ്
പൂക്കൈത മറപറ്റി
കാനം കോഴി കൊളക്കോഴി
തത്തി തത്തിച്ചാടുന്നേ!
നേരം പോയ നേരത്തും
കൊല്ലാക്കൊല കൊല്ലണിയേ!
അരമുറി കരിക്കും തന്നേ
കൊല്ലാക്കൊല കൊല്ലണിയേ!
അരത്തൊണ്ടും കള്ളും തന്നേ
കൊല്ലാക്കൊല കൊല്ലണിയേ?
ഏനിവിടെ വന്നപ്പം—വന്നപ്പം

ഈടില്ല, മൂടില്ല.....
ഏനിവിടെ വന്നേപ്പിന്നെ
കെട്ടാപ്പുര കെട്ടിച്ചേ
നേരംപോയ് നേരംപോയ്
പൂക്കൈത മറപറ്റി.....

മെച്ചപ്പെട്ട സേവനവ്യവസ്ഥയ്ക്കുവേണ്ടി തൊഴിലാളി പാടുന്ന ഈ ഈരടികൾക്ക് ചമൽക്കാരവും ഹൃദയദ്രവീകരണശക്തിയും ഇല്ലെങ്കിൽ പിന്നെയേത് കവിതയ്ക്കാണ് അതുള്ളതെന്ന് ചോദിക്കാൻ തോന്നിപ്പോകും. കുഞ്ഞുങ്ങളെ ഉറക്കാൻ പാടുന്ന താരാട്ട് പാട്ടുകളിൽപ്പോലും ഈ പ്രതിഷേധസ്വരം ചിലപ്പോൾ മുഴങ്ങിക്കേൾക്കാം. ഗോത്രവംശജരായ പണിയരുടെ ഇടയിൽ പ്രചരിച്ചുവരുന്ന ഒരു താരാട്ട് പാട്ട് പരാവർത്തനത്തോടെ ഡോ. പി സോമശേഖരൻനായർ നമുക്ക് സമ്പാദിച്ച് തന്നിട്ടുണ്ട്. അച്ഛനമ്മമാർ പണിക്ക് പോയിരിക്കുമ്പോൾ വിശന്നു കരയുന്ന കുഞ്ഞിനെ മുതിർന്ന കുട്ടി താരാട്ട് പാടി ആശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ്:

ബാവോം ബാവോം.....
മോളുകുട്ടി ബാവോം ബാവോം.....
അമ്മെ യിലാമ പെരുപ്പാണും
നാട്ടി നടുവാണും പോയുളോ
(അമ്മ ഞാറു പറിക്കാനും നടാനും പോയിരിക്കുന്നു എന്ന്. എന്നിട്ട് പാടത്ത് പണിക്കുപോയിരിക്കുന്ന അമ്മയോട് വിളിച്ചു പറയുന്ന രീതിയിൽ പാട്ട് തുടരുന്നു:)
അമ്മോ പുള്ളെ ഇലാത്തെ
പയിച്ചാണ്ടു കിരഞ്ചോ.....
മുലേക്ക് ബേം ബാ
(അമ്മേ കുട്ടി വിശന്ന് കരയുന്നു. മുല കൊടുക്കാൻ വേഗം വരൂ എന്ന്. ഇനി പാടത്തുനിന്ന് അമ്മ പ്രതികരിക്കുന്ന മട്ടിലാണ് തുടരുക:)
നിൻതാ, നിൻതാ
ഇങ്ക ഞാറു പെരിച്ചും കൂടി
തീരുവാങ്കണെ
അവോ മുന്നേലി പുള്ളയ്ക്ക്
മുലെ കൊടുപ്പ ബിളിക്കിഞ്ചിരി
കുത്തകെ തീരടെ പോയെലോ
തമ്പിരാൻ ഇഞ്ചു
ബല്ലിം തരാ, ക്കൂലിം തരാ

നാമക്ക് പട്ടിണി
ഉറാങ്കവാണം
ഒട്ടളകി രായട്ടെ ആടെ
(നിൽക്കു, നിൽക്കു, ഇവിടെ ഞാറ് പിരിച്ച് തീർന്നില്ല. അതിന് മുമ്പേ അവൾ കുട്ടിക്ക് മുലകൊടുക്കാൻ വിളിക്കുന്നു! ഏറ്റ കുത്തകപ്പണി തീരാതെ പോയാൽ തമ്പുരാൻ ഇന്ന് വല്ലിയും തരില്ല, കൂലിയും തരില്ല. നമുക്ക് പട്ടിണി കിടക്കേണ്ടിവരും. കുറച്ചു കരയട്ടെ അവിടെ.)

ഇപ്രകാരം വേദന തിളച്ചുപൊന്തുന്ന താരാട്ട് പാട്ടുകൾ ലോകമാസകലം കേൾക്കാൻ കഴിയും എന്നതിന്റെ തെളിവാണ് കെ സച്ചിദാനന്ദൻ വിവർത്തനം ചെയ്തുതരുന്ന എത്യോപ്യൻ താരാട്ട്:

കരയുന്നതെന്തിനാണിപ്പോഴും
കദനം നിറയുവാനെന്തുണ്ണി?
ഉണ്ണുവാനൊന്നുമില്ലാഞ്ഞോ
ഇല്ലല്ലോ പാലൊരു തുള്ളിപോലും
അമ്മിഞ്ഞിപ്പാലു കുടിച്ചാലോ?
അമ്മയെവിടേക്ക് പോയാവോ!
അമ്മയെയെങ്ങു തിരയേണ്ടു?
തിണ്ണയിലില്ലമ്മ, കുടിലിന്റെ
പിന്നിൽ കുനിഞ്ഞതാ നിൽക്കുന്നു
ചാണകമേറ്റി വെളുപ്പിന്ന്
ചാണകമേറ്റുന്നീയന്തിക്കും
ആകെ തളർന്നവൾ നിൽക്കുന്നു
പ്രാണൻ വെടിയാറായി നിൽക്കുന്നു
ഉണ്ണി കരഞ്ഞതും കേൾക്കാതെ
സങ്കടം കാണുവാനാരുണ്ട്?
നമ്മുടെ വയർമാത്രമോർക്കുന്നു നാം
നമ്മുടെ കണ്ണീരേ കാണുന്നു. *(കറുത്ത കവിത)*

ഈ താരാട്ടുകളും ഇരിയമ്മൻ തമ്പി എഴുതിയ പ്രസിദ്ധമായ *ഓമനത്തിങ്കൾ കിടാവോ* എന്ന താരാട്ടും താരതമ്യപ്പെടുത്തുമ്പോൾ പ്രതിസംസ്കൃതിയും സംസ്കൃതിയും തമ്മിലുള്ള വൈപരീത്യം വ്യക്തമാകും. ഇനി ഈ രണ്ട് സംസ്കൃതികൾ തമ്മിലുള്ള വൈരുധ്യം വ്യക്തമാക്കുന്ന ദേവതാ സങ്കൽപ്പങ്ങളെപ്പറ്റി ചുരുക്കമായി പരിശോധിക്കാം.

7 പ്രതിസംസ്കൃതിയുടെ ദേവതകൾ

പ്രതിസംസ്കൃതിയുടെ ദേവതകളെയും ആരാധനാക്രമങ്ങളെയും കുറിച്ചുള്ള ചർച്ച ഒരു അധ്യായം കൊണ്ട് പൂർത്തിയാക്കാൻ കഴിയാത്തവിധം വിശാലവും വൈവിധ്യമാർന്നതുമായ ഒരു മേഖലയാണ്. എല്ലാ മതങ്ങളിലും പ്രതിസംസ്കൃതി പ്രവണതകളും ആരാധനാപാത്രങ്ങളും ഉണ്ടെങ്കിലും ഇവിടെ കേരളത്തിലെ ഹൈന്ദവരെന്ന് പരിഗണിക്കപ്പെടുന്നവരുടെ ഇടയിലുള്ള ചുരുക്കം ചില പ്രതിസംസ്കാര ദേവതകളെ മാത്രമേ പരിശോധിക്കുന്നുള്ളു.

അംഗീകൃതവും വരേണ്യവും ആയ ഹൈന്ദവ പാരമ്പര്യത്തിൽ പുരാണേതിഹാസങ്ങളിൽ പ്രകീർത്തിക്കപ്പെടുന്ന ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ, സരസ്വതി, ലക്ഷ്മി, പാർവതി, ഗണപതി തുടങ്ങിയ ദേവതകൾ ആണ് ആരാധനാ മൂർത്തികൾ. അവരുടെ മഹത്വവും സിദ്ധിയും എല്ലാം *മഹാഭാരതം, രാമായണം* എന്നീ ഇതിഹാസങ്ങളിലും *ഭാഗവതം* തുടങ്ങിയ പുരാണങ്ങളിലും വിവരിച്ചിട്ടുണ്ട്. ഭക്തവത്സലരായ ഈ വീര ദേവതകളുടെ ശത്രുതയ്ക്കും ശിക്ഷയ്ക്കും ഇരയായ പ്രതിനായകരും രാക്ഷസാദികളും ഭക്തജനങ്ങളുടെ ആരാധനയ്ക്കല്ല അവഹേളനത്തിനാണ് പാത്രമാവുക.

അങ്ങനെയുള്ള ഭക്തരും ശിഷ്ടരും ആണ് *മഹാഭാരതത്തിലെ* പഞ്ചപാണ്ഡവന്മാരും അവരുടെ സഹകാരികളും. പാണ്ഡവരുടെ ബന്ധുവും സംരക്ഷകനുമായ ശ്രീകൃഷ്ണൻ അവരുടെ ശത്രുക്കളായ ദുര്യോധനാദി കൗരവരെ ധർമച്യുതി ആരോപിച്ച് ശിക്ഷിക്കാനും തോൽപ്പിക്കാനും പാണ്ഡവരെ സഹായിക്കുന്നു.

അങ്ങനെ അംഗീകൃതമായ ഹൈന്ദവ മൂല്യനിർണയപ്രകാരം ശത്രുക്കളും ദുഷ്ടരുമായ ദുര്യോധനൻ, അനുജൻ ദുശാസനൻ അവരുടെ ബന്ധുവും ഉപജാപകവീരനുമായ ശകുനി എന്നിവരെ പ്രതിഷ്ഠിച്ച് പൂജിക്കുന്ന മൂന്ന് ഹൈന്ദവക്ഷേത്രങ്ങൾ കൊല്ലം ജില്ലയിലെ കുണ്ടറയ്ക്കു സമീപം പവിത്രേശ്വരം പഞ്ചായത്തിൽ ഉണ്ട്. മലനട എന്നും ആ സ്ഥലത്തിന് പേരുണ്ട്. പവിത്രേശ്വരത്ത് നിന്നും ഏതാനും നാഴിക അകലെ ശൂരനാട്ട് നൂറ്റുവരായ കൗരവരുടെ ഏക സഹോദരിയായ ദുശളയെ പ്രതിഷ്ഠിച്ച് പൂജിക്കുന്ന മറ്റൊരു ക്ഷേത്രവും ഉണ്ട്. ഈ ക്ഷേത്രങ്ങളുടെ നടത്തിപ്പും അവിടത്തെ പൂജയും എല്ലാം പറയർ, പുലയർ, കുറവർ തുടങ്ങിയ പട്ടികജാതികളിൽപ്പെട്ട ദളിതരാണ് നിർവഹിക്കുന്നത്. വർഷം തോറും വമ്പിച്ച ജനക്കൂട്ടം പങ്കെടുക്കുന്ന ഉത്സവങ്ങൾ ഈ ക്ഷേത്രങ്ങൾക്ക് മോടിയും പ്രസിദ്ധിയും നൽകുന്നു. മദ്യം, ഇറച്ചി, മത്സ്യം തുടങ്ങിയവും പായസം മുതലായവയുടെ ഒപ്പം അവിടങ്ങളിൽ നിവേദിക്കപ്പെടുന്നു.

അങ്ങനെ പുരാണങ്ങളിൽ പ്രതിനായകരായും സാധാരണ ബ്രാഹ്മണ നേതൃത്വത്തിൽ ഹൈന്ദവ ജനത ആരാധിച്ചു വരുന്ന ദേവതകളുടെയും അവതാരങ്ങളുടെയും എതിരാളികളായ ദുഷ്ടകഥാപാത്രങ്ങളെ പ്രതിഷ്ഠിച്ച് ആരാധിക്കുന്ന ക്ഷേത്രങ്ങൾ ഇന്ത്യയിൽ പലയിടത്തും ഉള്ളതുപോലെ കേരളത്തിലും പലതുണ്ട്. എങ്കിലും ഒരുദാഹരണം കൂടി എടുത്ത് പറഞ്ഞ് തൽക്കാലം പുരാണകഥാപത്രങ്ങളുടെ കാര്യം സമാപിപ്പിക്കാം.

*രാമായണ*ത്തിലെ മുഖ്യകഥാംശമായ രാമരാവണയുദ്ധത്തിലെ ഒരു പ്രധാനപ്പെട്ട കണ്ണിയാണ് കിഷ്കിന്ധയിലെ വാനര രാജാവായ ബാലി. രാജ്യാധികാരം സംബന്ധിച്ചും ഭാര്യയെ സംബന്ധിച്ചും ബാലിയും ഇളയ സഹോദരനായ സുഗ്രീവനും ബദ്ധശത്രുക്കളായി കഴിഞ്ഞ കാലത്താണ് രാവണന് എതിരെയുള്ള യുദ്ധത്തിൽ സുഗ്രീവനുമായി ശ്രീരാമൻ സഖ്യം ചെയ്തത്. അതോടൊപ്പം സുഗ്രീവന്റെ അനുയായികളും മന്ത്രിയായിരുന്ന ഹനുമാനും ശ്രീരാമപക്ഷത്ത് നിലയുറപ്പിച്ചു. ഇതിന് പ്രതിഫലമായി സുഗ്രീവന്റെ എതിരാളിയും മൂത്ത സഹോദരനുമായ ബാലിയെ വധിക്കാമെന്ന് ശ്രീരാമൻ വാക്കുനൽകി. എന്നാൽ ബാലി ആജാനുബാഹുവായ യുദ്ധവീരനാണെന്നതിന് പുറമെ തന്നെ നേർക്കുനേരെ എതിർക്കുന്നവന്റെ പകുതി ശക്തി തന്നിലേക്ക് സംക്രമിപ്പിക്കാൻ കഴിയും വിധം ഒരു വരം നേടുകയും ചെയ്തു. അതുകൊണ്ട് ധർമയുദ്ധ നീതിപ്രകാരം നേർക്കുനേരെ യുദ്ധം ചെയ്ത് ബാലിയെ തോൽപ്പിക്കുക എന്നത് അസാധ്യമായിരുന്നു. അതുകൊണ്ട് ബാലിയോട് നേരിട്ട് മൽപ്പിടുത്തം നടത്താൻ സുഗ്രീവനെ പ്രേരിപ്പിച്ച് രംഗത്തിറക്കിയ ശേഷം എല്ലാ ധർമനീതിക്കും വിരുദ്ധമായ രൂപത്തിൽ ഒരു വൃക്ഷത്തിന് പുറകിൽ മറഞ്ഞിരുന്ന് ശ്രീരാമൻ ബാലിയെ അമ്പെയ്ത് കൊല്ലുകയാണുണ്ടായത്.

ശ്രീരാമന്റെ അവതാര മാഹാത്മ്യത്തെയും ധർമനിഷ്ഠയെയും വാനോളം പുകഴ്ത്തുന്ന ഭക്തന്മാർ പോലും ഈ ഒളിയമ്പ് പ്രയോഗത്തെ ഹീന കൃത്യമായിട്ടാണ് വിശേഷിപ്പിച്ചുവരുന്നത്. നൂറുകണക്കിനുള്ള വിവിധ *രാമായണ*പാഠങ്ങളുടെ മൂലസ്രോതസായ *വാൽമീകി രാമായണ*ത്തിൽ ആദികവി പോലും തെല്ലൊരു വിമർശനത്തോടുകൂടിയാണ് ശ്രീരാമന്റെ ഒളിയമ്പ് പ്രയോഗത്തെ പരാമർശിച്ചിട്ടുള്ളത്.

ഏതായാലും ശ്രീരാമന്റെ അവതാരോദ്ദേശ്യമായ രാവണനിഗ്രഹത്തിന് ഒഴിച്ചുകൂടാനാവാത്ത ഒന്നായി ഈ അകൃത്യത്തെ ന്യായീകരിച്ച് വരുമ്പോൾ പോലും ബാലിയെ ആരാധനാർഹനായ ഒരു ദേവതയായി ആരും തന്നെ കൽപ്പിച്ച് കാണുന്നില്ല. ശ്രീരാമനെ അല്ലാതെ ശ്രീരാമ ശത്രുവായ ബാലിയെ പൂജിച്ച് വരുന്ന പാരമ്പര്യവും പൊതുവെ കാണപ്പെടുന്നില്ല. എന്നാൽ വടക്കേ മലബാറിൽ കണ്ണൂരും കാസർഗോഡും ജില്ലകളിൽ അമ്പതിൽപ്പരം ക്ഷേത്രങ്ങളിൽ ബാലിയാണ് ആരാധനാവിഗ്രഹം. പ്രധാനമായും ആശാരി കോട്ടങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന കാവുകളും ക്ഷേത്രങ്ങളും ത്രൈവർണികരല്ലാത്ത ആശാരി, മുശാരി, കൊല്ലൻ, തട്ടാൻ തുടങ്ങിയ വിശ്വകർമ വിഭാഗത്തിലും മറ്റും പെട്ടവരുടെ വകയാണ്. എന്നുമുതലാണ് ഈ ബാലിപൂജ നിലവിൽ വന്നതെന്നും എങ്ങനെയാണ് അവർണ വിഭാഗത്തിൽപ്പെട്ട ജാതിക്കാർ സവർണരുടെ അവതാര ദേവതയായ ശ്രീരാമന്റെ ശത്രുവിനെ ആരാധിക്കാൻ തുടങ്ങിയത് എന്നും മറ്റും ഇനിയും മേൽവിവരിച്ച കൗരവപൂജയുടെ കാര്യത്തിൽ എന്നപോലെ ഗവേഷണം ചെയ്ത് കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. 1992 ഡിസംബർ ആറാം തീയതി ശ്രീരാമ ജന്മഭൂമി മുസ്ലീങ്ങളിൽ നിന്നു വീണ്ടെടുക്കാൻ എന്ന ഭാവേന അയോധ്യയിലെ ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്ന് ശ്രീരാമൻ മേൽജാതിക്കാരുടെ ഒന്നാം നിര ദേവതയായി ഉയർത്തെഴുന്നേറ്റിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉത്തര കേരളത്തിലെ ഈ ബാലിപൂജ സമ്പ്രദായത്തിന് പ്രസക്തിയേറുന്നു.

ഉത്തര കേരളത്തിലെ തന്നെ പുരാണേതിഹാസങ്ങളിൽ പരാമർശിക്കപ്പെടാത്ത നൂറ്റമ്പതിനും ഇരുന്നൂറിനും മധ്യേ നാടോടി ദൈവങ്ങൾ കാലത്തിന്റെ കുത്തൊഴുക്കുകളിൽ പെട്ട് ഇനിയും ഒലിച്ചു പോകാതെ ആടിയും പാടിയും ശപിച്ചും അനുഗ്രഹിച്ചും ജനലക്ഷങ്ങളുടെ ആരാധനയ്ക്ക് പാത്രമായി തുടരുന്നുണ്ട്. അവയാണ് തെയ്യമെന്നും തിറയെന്നും ഉള്ള പേരുകളിൽ അറിയപ്പെടുന്ന അനുഷ്ഠാന നൃത്തങ്ങളുടെ ദേവീദേവന്മാർ. തെയ്യം എന്ന വാക്കു തന്നെ ദൈവം എന്നതിന്റെ പ്രാകൃത രൂപമാണ്. ഈ അനുഷ്ഠാനത്തിന് തെയ്യാട്ടം എന്നും പേരുണ്ട്. അതായത് ദൈവത്തിന്റെ ആട്ടം അഥവാ നൃത്തം. കണ്ണൂർ ജില്ലയുടെ തെക്കേ അറ്റത്തും കോഴിക്കോട് ജില്ലയുടെ വടക്കും ആണ് ഇതിന് തിറയെന്നും

തിറയാട്ടം എന്നും പറയുന്നത്. തിറയാട്ടം എന്നാൽ തറയിൽ അഥവാ അതിനായി പ്രത്യേകം ഒരുക്കിയ സ്ഥലത്ത് നടത്തുന്ന ആട്ടമെന്നും അല്ലെങ്കിൽ സുന്ദരമായ ആട്ടം എന്നും അർഥം പറയാം. ഈ ആട്ടങ്ങളിൽ പ്രതിനിധീഭവിക്കുന്ന ദൈവങ്ങളും ദേവിമാരും വളരെ പണ്ടല്ലാത്ത, ഒരുപക്ഷേ കഴിഞ്ഞ മൂന്നോ നാലോ നൂറ്റാണ്ടുകളിൽ ജനങ്ങൾക്ക് നേതൃത്വം നൽകുകയും ജനങ്ങൾക്കുവേണ്ടി വീരകൃത്യങ്ങൾ നിർവഹിക്കുകയും നിലവിലുള്ള ആചാരക്രമങ്ങളെയും ഉച്ചനീചത്വ വ്യവസ്ഥകളെയും ധിക്കരിച്ച് സമുദായഭ്രഷ്ടരാവുകയോ വീരചരമം വരിക്കുകയോ ചെയ്തവരാണ്. അവരുടെ ഓർമയ്ക്കായി നടത്തുന്ന ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും കേന്ദ്രബിന്ദു പരേതാത്മാവ് പുനർജനിച്ച് ഭക്തജനങ്ങൾക്ക് ദർശനം നൽകുകയും പരാതികൾ കേട്ട് വിധികൽപ്പിക്കുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും ശിഷ്ടന്മാരെ അനുഗ്രഹിക്കുകയും ചെയ്യുന്നു എന്നതാണ്. ഈ ദേവതകളുടെ ആസ്ഥാനമായ കാവുകളും സ്ഥാനങ്ങളും പട്ടികജാതി-വർഗങ്ങളിൽപ്പെട്ട വണ്ണാൻ, പെരുവണ്ണാൻ, മലയൻ, തീയർ, വാണിയൻ തുടങ്ങിയ ജാതിക്കാരുടെ ഉടമസ്ഥതയിലും ഭരണത്തിലും ആണെങ്കിലും പിൽക്കാലത്ത് മേൽ ജാതിക്കാരായ സവർണ ജന്മിമാർക്ക് അവയുടെമേൽ ചില അധികാരങ്ങൾ ലഭിക്കുകയുണ്ടായി. ഈ ആട്ടങ്ങളിൽ വേഷം ഇട്ട് ദൈവങ്ങളായി വരുന്നതും ഈ ദളിത-പിന്നോക്ക വിഭാഗക്കാർ തന്നെ. ദീർഘകാലത്തെ പരിശീലനവും വ്രതാനുഷ്ഠാനവും കഴിഞ്ഞ് വിശാലവും സങ്കീർണവുമായ വേഷവിതാനങ്ങളുമായി ആട്ടത്തിന് ഇറങ്ങുന്ന അഭിനേതാക്കൾ ആട്ടം തീരുന്നതുവരെ നിഗ്രഹാനുഗ്രഹ ശക്തിയുള്ള ദൈവങ്ങൾ തന്നെയാണെന്ന് വിശ്വസിക്കപ്പെടുന്നു.

അടുത്തകാലത്തായി തെയ്യത്തെയും തിറയെയും കുറിച്ച് വളരെ വിശദമായി ഗവേഷണം നടത്തി പഠിച്ച് എഴുതിയ കൃതികൾ ലഭിക്കാനുണ്ട്. സി എം എസ് ചന്ദേര, കെ കെ എൻ കുറുപ്പ്, രാഘവൻ പയ്യനാട്, എം വി വിഷ്ണുനമ്പൂതിരി, ഫാദർ ജോസഫ് പള്ളത്ത്, ചിറയ്ക്കൽ ടി ബാലകൃഷ്ണൻനായർ തുടങ്ങി പലരുടെയും കൃതികളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ ഒരു അധ്യായത്തിന്റെ പരിമിതിയിൽ ഒതുങ്ങുന്നതല്ലാത്തതിനാൽ ആവർത്തിക്കുന്നില്ല. എന്നാൽ ഈ തെയ്യം-തിറകളുടെ കഥകളും ഐതിഹ്യങ്ങളും മിത്തുകളും വിവരിക്കുന്ന തോറ്റം പാട്ടുകളിൽ നിന്ന് അവയുടെ പ്രതിസംസ്കാര സ്വഭാവം വ്യക്തമാക്കാൻ ചില ഉദാഹരണങ്ങൾ മാത്രം ഉദ്ധരിക്കാം.

ഉത്തരകേരളത്തിൽ ആകെ പ്രസിദ്ധിപെറ്റ ഒരു തീർഥാടന കേന്ദ്രമാണ് കണ്ണൂരിന് നാൽപ്പതോളം കിലോമീറ്റർ വടക്കു കിഴക്കായി വളപട്ടണം പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പറശിനിക്കടവ് മടപ്പുര അഥവാ ക്ഷേത്രം. പിന്നോക്ക സമുദായക്കാരായ തീയരുടെ ആരാധനാ

പാത്രമാണ് പറശിനിക്കടവ് മുത്തപ്പൻ. മുത്തപ്പൻ വില്ലാളിവീരനും അതി സമർഥനുമായ ഒരു വേട്ടക്കാരൻ ആയിരുന്നു. ബ്രാഹ്മണ സമുദായത്തിൽ പിറന്നെങ്കിലും മദ്യപാനം, മാംസഭക്ഷണം മുതലായ കാരണങ്ങളാൽ ഭ്രഷ്ടനായിത്തീർന്ന മുത്തപ്പന് കരിക്കും അവിലും മത്സ്യവും മദ്യവും വഴിപാടായി കൊടുത്തുവരുന്നു. കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതിലും കാട്ടുമൃഗങ്ങളുടെ ശല്യത്തിൽനിന്ന് വിളവ് രക്ഷിക്കുന്നതിനും മുത്തപ്പനും അനുചരന്മാരും പ്രകടിപ്പിച്ച പരാക്രമവും സേവന വ്യഗ്രതയും തോറ്റംപാട്ടുകളിൽ പ്രകീർത്തിക്കപ്പെടുന്നു. മുത്തപ്പൻ ആയി സമർപ്പിക്കപ്പെട്ട തെയ്യം പറശിനിക്കടവിലും മറ്റു ചിലയിടങ്ങളിലും ആഘോഷിച്ചുവരുന്നു. വേട്ടക്കാരനായ മുത്തപ്പന്റെ സന്തതസഹചാരിയായ വേട്ടപ്പട്ടിയുടെ പ്രതിമ മടപ്പുരയിൽ പ്രതിഷ്ഠിച്ചിട്ടുള്ളതിനു പുറമെ പട്ടികളും നായ്ക്കുട്ടികളും ആ ക്ഷേത്രത്തിലെവിടെയും സ്വതന്ത്രരായി വിഹരിക്കുകയും ചെയ്യുന്നു.

തീയരുടെ ആരാധനാപാത്രമായ മറ്റൊരു വീരപുരുഷനാണ് കുടകിൽ കതിവന്നൂർ എന്ന സ്ഥലത്ത് ജനിച്ചതിനാൽ കതിവന്നൂർ വീരൻ എന്ന റിയപ്പെടുന്ന മങ്ങാട്ട് മണ്ടപ്പൻ. വീട്ടുജോലികളിലും കുലത്തൊഴിലുകളിലും താൽപ്പര്യം പ്രകടിപ്പിക്കാതെ അമ്പും വില്ലുമായി കളിച്ചുനടക്കുകയും ചെറുപ്പത്തിലേ വീരസാഹസിക കൃത്യങ്ങളിൽ പേരെടുക്കുകയും ചെയ്ത മണ്ടപ്പന്റെ വാസനകൾ നിഷ്പ്രയോജനം ആണെന്ന് കണ്ട അയാളുടെ അച്ഛൻ മണ്ടപ്പനെ വീട്ടിൽനിന്ന് പുറത്താക്കി. വീട്ടിൽനിന്ന് ഇറങ്ങിപ്പോയ മണ്ടപ്പൻ അഭയം തേടിയത് ഒരു അമ്മാവന്റെ വീട്ടിലാണ്. അവിടെ അമ്മാവന്റെ സംരക്ഷണയിൽ വളർന്ന് ജനങ്ങളുടെ സ്നേഹാദരങ്ങൾ നേടിയ മണ്ടപ്പൻ ചെമ്മരുതി എന്ന ഒരു തരുണിയിൽ അനുരക്തനായി വിവാഹം കഴിച്ചു. പല സംഘട്ടനങ്ങളിലും പടയോട്ടങ്ങളിലും പേരെടുത്തുവെങ്കിലും ഒരു സംഘട്ടനത്തിൽ എതിരാളികളാൽ തോൽപ്പിക്കപ്പെട്ട് മണ്ടപ്പൻ കഷ്ണം കഷ്ണങ്ങളായി മുറിക്കപ്പെട്ടു. ആ കഷ്ണങ്ങൾ ചേർത്തുവച്ച് ചിതയിൽ ദഹിപ്പിച്ചപ്പോൾ ഭാര്യ ചെമ്മരുതിയും അതിൽ ചാടി ആത്മഹൂതി ചെയ്തുവെന്നും പിന്നീട് ഇരുവരും അടുത്തുള്ള ഒരു പുഴയിൽ പുനർജനിച്ച് ഉയർന്നുവന്നുവെന്നും മറ്റുമാണ് കഥ. തീയരാണ് പ്രഥമമായും കതിവന്നൂർ വീരന്റെ ആരാധകർ എങ്കിലും തെയ്യം ആടുന്നതും മറ്റും തീയരെക്കാൾ താഴെ ആണെന്ന് പരിഗണിക്കപ്പെടുന്ന വണ്ണാന്മാരാണ്.

മേൽവിവരിച്ചവരെപ്പോലെ പൂർവികരും വീരനായകരും ആയവരെ ദേവതാ പദവിയിലേക്ക് ഉയർത്തുന്നതിനു പുറമെ, നിലവിലുള്ള ജാതി മര്യാദകളെയും ആചാരാനുഷ്ഠാനങ്ങളെയും ധിക്കരിച്ച് വീരപുരുഷന്മാരും വീരവനിതകളും രക്തസാക്ഷികളും ആയ തെയ്യങ്ങൾ നിരവധിയുണ്ട്. അവയിൽ ഒന്നാണ് കാസർഗോഡ് ജില്ലയിൽ നീലേശ്വരത്തിന

ടുത്ത് കോട്ടപ്പുറത്ത് ആടിവരുന്ന പാലന്തായി കണ്ണൻ തെയ്യം. അവിടത്തെ പ്രഭുക്കന്മാരായ കുറുവാടൻ കുറുപ്പന്മാരുടെ കന്നുകാലി നോട്ടക്കാരനായിരുന്ന കീഴ്ജാതിക്കാരൻ കണ്ണനാണ് പിൽക്കാലത്ത് വീര പുരുഷനായി ആരാധിക്കപ്പെടാൻ തുടങ്ങിയത്. ഒരുനാൾ കുറുവാടൻ പ്രഭുകുടുംബത്തിന്റെ വക കുളത്തിൽ അവിടത്തെ സ്ത്രീകൾ കുളിച്ചു കൊണ്ടിരുന്നപ്പോൾ കുളക്കരയിലുള്ള മാവിൻകൊമ്പത്ത് ഇരുന്ന് മാമ്പഴം തിന്നുകയായിരുന്ന കണ്ണന്റെ കൈയിൽനിന്ന് കടിച്ച് ഈമ്പിയ ഒരണ്ടി കുറുവാടൻ യുവതിയുടെമേൽ അബദ്ധവശാൽ വീഴുകയോ കളിയായി എറിഞ്ഞത് കൊള്ളുകയോ ചെയ്തതിനെത്തുടർന്ന് കുറുപ്പന്മാരുടെ രോഷത്തിന് ഇരയായ കണ്ണൻ തുളുനാട്ടിലേക്ക് പുറപ്പെട്ട് പോവുകയും അവിടെ ആയുധപരിശീലനവും മറ്റും നേടി അനേക വർഷങ്ങൾക്കുശേഷം തിരിച്ചുവരികയും ചെയ്തു. അപ്പോഴും വൈരം മറക്കാത്ത കുറുപ്പന്മാരും സിൽബന്തികളും ചേർന്ന് കണ്ണനെ വെട്ടിക്കൊലപ്പെടുത്തുകയും മരണാനന്തരം കണ്ണന്റെ സിദ്ധിവിശേഷങ്ങൾ പ്രകടമാവുകയും ചെയ്തു. ഇതേത്തുടർന്നാണ് പരിഭ്രാന്തരായ കുറുപ്പന്മാരും കണ്ണന്റെ അനുഭാവികളായ നാട്ടുകാരും അയാളെ തെയ്യമായി അവരോധിച്ച് ആരാധിക്കാൻ തുടങ്ങിയത്.

ഈ കണ്ണൻകഥയിൽ സൂചിതമായ സ്ത്രീ–പുരുഷ ബന്ധങ്ങളിലെ ആചാരമര്യാദാവിരുദ്ധത ദേവികളായ തെയ്യങ്ങളിൽ പ്രത്യേകിച്ചും പ്രകടമാണ്. ഉദാഹരണമായി, പഴയ കോലത്തുനാട്ടിലെ എണ്ണയാട്ട് കുലത്തൊഴിലായ വാണിയരുടെ പരദേവത മുച്ചിലോട്ട് ഭഗവതിയെ സംബന്ധിച്ച കഥ എടുക്കുക. തളിപ്പറമ്പ് പ്രദേശത്തുള്ള പെരിഞ്ചെല്ലൂരിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ പിറന്ന യുവതി സാധാരണ അഭിജാത യുവതികൾ പരസ്യമായി പരാമർശിച്ചുകൂടാത്ത ലൈംഗിക വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും ലൈംഗികബന്ധങ്ങൾ സ്വാഭാവികവും ആസ്വാദ്യകരവും ആണെന്ന് പറഞ്ഞ് വാദിക്കാറുണ്ടായിരുന്നുവത്രെ. ഇപ്രകാരം സംസാരിക്കുന്ന യുവതി ശുദ്ധഗതിക്കാരി ആയിരിക്കാൻ ഇടയില്ലെന്നും അഭിസാരികപോലും ആയിരുന്നേക്കാം എന്നുപോലും ആരോപിക്കപ്പെട്ട് സമുദായത്തിൽനിന്ന് ഭ്രഷ്ടയായി. ആരോപണങ്ങൾ നിഷേധിച്ച യുവതിയെ വിശ്വസിക്കാൻ സമുദായ പ്രമാണിമാർ തയ്യാറല്ലാതിരുന്നതുകൊണ്ട് തന്റെ വിശുദ്ധി തെളിയിക്കാൻ അഗ്നിപ്രവേശം നടത്തിയെന്നും അതിൽനിന്നും അവൾ പുനർജനിച്ചുവെന്നും മറ്റുമാണ് കഥ. വളരെ വ്യാപകമായി അവരുടെ തെയ്യം പല സ്ഥലങ്ങളിലും ആടിവരുന്നു.

കോലത്തുനാട്ടിലെ മറ്റൊരു പ്രസിദ്ധയായ തെയ്യം ദേവിയാണ് കടങ്കോട്ട് പോതി അഥവാ ഭഗവതി. പോരാളി വീരന്മാരായ പന്ത്രണ്ട് നമ്പ്യാർ സഹോദരന്മാരുടെ ഏക സഹോദരിയും അതിനാൽ സവിശേഷ

സ്നേഹവാത്സല്യങ്ങൾക്ക് പാത്രവുമായിരുന്നു മാക്കം. അതുകൊണ്ടു തന്നെ, നാത്തൂന്മാരുടെ അഥവാ സഹോദരഭാര്യമാരുടെ അസൂയക്ക് അവൾ ഇരയായി. സഹോദരന്മാർ യുദ്ധത്തിനു പോയകാലത്ത് ഒരു വാണിയനുമായി മാക്കം വേഴ്ചയിൽ ഏർപ്പെട്ടു എന്ന ആരോപണത്തെ തുടർന്ന് അപമാനഭീതിയാൽ ദുഃഖിതരായ സഹോദരന്മാർ തിരിച്ചുവന്ന ശേഷം മാക്കത്തെ ഉത്സവം കാണാൻ എന്ന വ്യാജേന കൊണ്ടുപോവുകയും വഴിയിൽവച്ച് മാക്കത്തെയും മക്കൾ ചീരു, ചന്തു എന്നീ ബാലികാബാലന്മാരെയും വധിച്ച് കിണറ്റിൽ തള്ളിയെന്നും ആണ് കഥ. കൃത്യം കഴിഞ്ഞ് നമ്പ്യാർമാർ സ്ഥലം വിട്ടപ്പോൾ അടുത്ത ഒരു പനയിൽ കയറുകയായിരുന്ന മലയൻ കിണറ്റിൽനിന്ന് തേജോമയിയായി മാക്കവും ചീരുവും ചന്തുവും ഉയർന്നുവരുന്നത് കണ്ടുവെന്നും മാക്കത്തിന്റെ നിർദേശപ്രകാരം മലയന്മാർ ഒത്തുചേർന്ന് അവർക്ക് സ്ഥാനവും തെയ്യവും ഏർപ്പാട് ചെയ്തു എന്നും തോറ്റം പാട്ടുകളിൽ വിസ്തരിച്ച് പറയുന്നു.

തെയ്യങ്ങൾ നടത്തിവരുന്നത് ഹിന്ദുക്കളിലെ കീഴാളരും ദളിതരും ആണെങ്കിലും അവരുടെ ആരാധനാവിഗ്രഹങ്ങളിൽ ചിലർ ഹൈന്ദവേതരരാണ്. ഉദാഹരണത്തിന്, കുംബളയുടെ പരിസരപ്രദേശത്തുള്ള പാറയിലെ തെയ്യം അലി ചാമുണ്ഡി എന്ന് പേരുള്ള ഒരു മുസ്ലീമായിരുന്നു. തെയ്യം കെട്ടി ആടുന്നതും മുസ്ലീം വേഷത്തിൽത്തന്നെ. ജനങ്ങളുടെ സ്നേഹാദരങ്ങൾ നേടാൻ കഴിഞ്ഞ ഒരു വ്യാപാരി ആയിരുന്നത്രെ അലി ചാമുണ്ഡി. ഉത്തരകേരളത്തിലെ തെയ്യങ്ങളോട് താരതമ്യപ്പെടുത്താവുന്നതാണ് തെക്ക് പടിഞ്ഞാറെ കർണാടകത്തിലും തുളുനാട്ടിലും ആടിവരുന്ന "ഭൂതനൃത്തങ്ങൾ". ഭൂതനൃത്തങ്ങളിലും ആരാധനാപാത്രങ്ങളായി മുസ്ലീങ്ങളും ചിലപ്പോൾ അനുബന്ധ കഥാപാത്രങ്ങളായി പറങ്കി ക്രിസ്ത്യാനികളും പ്രത്യക്ഷപ്പെടാറുണ്ട്.

ഇപ്പോൾ ദക്ഷിണേന്ത്യയിലാകെ അറിയപ്പെടുകയും ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും വർഷംതോറും ലക്ഷക്കണക്കിന് തീർഥാടകരെ ആകർഷിക്കുകയും ചെയ്യുന്ന ശബരിമലയിലെ ആരാധനാമൂർത്തി അയ്യപ്പൻ ഇതുപോലെ പുരാണങ്ങളിലൊന്നും സ്ഥാനം ലഭിച്ചിട്ടില്ലാത്ത ഒരു പ്രതിസംസ്കാര ദേവതയാണ് എന്നതിൽ തർക്കമില്ല. അയ്യപ്പൻ എന്ന പേരിന്റെ തന്നെ അർഥം തലമുതിർന്നയാൾ, നേതാവ്, കാരണവർ എന്നൊക്കെ ആണ്. അയ്യാ എന്ന മൂല ദ്രാവിഡ പദത്തിൽനിന്നാണ് അച്ഛൻ എന്നർഥമുള്ള അപ്പൻ എന്നു കൂടി ചേർത്ത് അയ്യപ്പൻ എന്ന പദമുണ്ടായത്. പിൽക്കാലത്ത് ബ്രാഹ്മണദേവതകളായ ഹരിയെയും ഹരനെയും എല്ലാം ബന്ധിപ്പിച്ച് പുരാണകഥകളുമായി അയ്യപ്പൻവൃത്താന്തത്തെ ഘടിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ടെങ്കിലും അയ്യപ്പൻ ഇപ്പോഴും പുരാതന ഇതിഹാസ ബാഹ്യനായ ഒരു ദേവനാണ്. ശബരിമലയിൽ ശ്രീകോവിലിന് തൊട്ടടുത്തുതന്നെ തിരു

മുറ്റത്ത് അയ്യപ്പന്റെ സഹകാരിയായി പ്രവർത്തിച്ച വാവരിന്റെ പ്രതിഷ്ഠ യുണ്ട്. വാവർ മുസ്ലീമാണെന്നു മാത്രമല്ല, ഇപ്പോഴും വാവരുടെ പിന്മുറ ക്കാരായ മുസ്ലീങ്ങൾ തന്നെയാണ് അവിടെ ഉപവിഷ്ടരായി വഴിപാട് സ്വീകരിക്കുന്നതും ഭസ്മം നൽകുന്നതും മറ്റും. ശബരിമലയിലെ മറ്റൊരു പ്രതിഷ്ഠയായ മാളികപ്പുറത്ത് അമ്മ ചേർത്തലയിലെ ഈഴവ തറവാടായ ചീരപ്പൻ ചിറയിലെ ഒരു യുവതിയായിരുന്നു എന്ന് ഇപ്പോൾ കോടതി കേസുകളിലൂടെയും മറ്റും തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രശസ്ത കമ്യൂണിസ്റ്റ് നേതാവും പാർലമെന്റ് മെമ്പറും മന്ത്രിയും ആയിരുന്ന സി കെ സുശീല ഗോപാലന്റെ വീടാണ് ചീരപ്പൻ ചിറ.

19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും കേരളത്തിലെ നവോത്ഥാന ത്തിന് നേതൃത്വം നൽകുകയും അയിത്തത്തിനും അനാചാരങ്ങൾക്കും എതിരായി ജനങ്ങളെ അണിനിരത്തി സമരം നടത്തുകയും ചെയ്ത നാഗർകോവിൽ സ്വാമിത്തോപ്പിലെ വൈകുണ്ഠസ്വാമി (1809-1851), തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി വയൽവാരം വീട്ടിൽ ജനിച്ച് കേരള നവോത്ഥാനത്തിന്റെ പിതൃസ്ഥാനീയനായി ഉയരുകയും ചെയ്ത ശ്രീനാരായണഗുരു (1856-1928), മതം മാറിയ ദളിതരോട് അഭിജാതരായ ക്രിസ്ത്യൻ പ്രമാണിമാർ പ്രകടിപ്പിച്ച വിവേചനത്തിന് എതിരെ പോരാ ടിയ ഇരവിപേരൂരിലെ പൊയ്കയിൽ യോഹന്നാൻ അഥവാ കുമാരഗുരു ദേവൻ (1878-1938), മാവേലിക്കരയിലെ സാംബവ സമുദായത്തിൽപ്പെട്ട ശുഭാനന്ദസ്വാമി (1882-1950) തുടങ്ങിയവരും ഇപ്പോൾ പലയിടത്തും ആരാധനാവിഗ്രഹങ്ങളും ദേവന്മാരും ആയി തീർന്നിട്ടുണ്ട്. ഇവരും പ്രതിസംസ്കാര ദേവതകൾക്ക് ഉദാഹരണങ്ങളാണ്. ■

8 ആഗോളവൽക്കരണം അർഥവും അനർഥവും

ഇംഗ്ലീഷ് ഭാഷയിലെ ഗ്ലോബലൈസേഷൻ എന്ന പദം മലയാളത്തിൽ വിവർത്തനം ചെയ്ത് കാണാറുള്ളത് ആഗോളവൽക്കരണം എന്നും ആഗോളീകരണം എന്നും ആണ്. ദൈനംദിന ജീവിതത്തിൽ നാം സാധാരണ ഉപയോഗിക്കുന്ന പല പദങ്ങളെയുംപോലെ ഈ പദവും പല തെറ്റിദ്ധാരണകൾക്കും ഇടയാക്കുന്നു. വിവിധ സംസ്കാരങ്ങളും ഭാഷകളും ഭൂമിശാസ്ത്ര സാഹചര്യങ്ങളും പാരമ്പര്യവും മറ്റും കൊണ്ട് ചെറുതും വലുതുമായ കൂട്ടങ്ങൾ ശിഥിലീകൃതമായിക്കിടക്കുന്ന മാനവരാശിയുടെ ഐക്യം എന്ന നിലയിൽ അതിപ്രാചീന കാലം തൊട്ടേ ലോകോപകാരികളായ ആചാര്യന്മാരുടെയും സാംസ്കാരിക നായകരുടെയും സ്വപ്നമായിരുന്നു. ഭാരതീയരുടെ 'വസുധൈവ കുടുംബകം' തുടങ്ങിയ ആപ്ത വാക്യങ്ങൾ മാത്രമല്ല കാൾ മാർക്സിന്റെയും ഫ്രെഡറിക് എംഗൽസിന്റെയും 'സർവരാജ്യ തൊഴിലാളികളെ സംഘടിപ്പിൻ' തുടങ്ങിയ ആഹ്വാനങ്ങളും മാനവരാശിയുടെ ഐകമത്യത്തിന് ഊന്നൽകൊടുക്കുന്നതിനാൽ ആഗോളവൽക്കരണത്തിന്റെ ബീജങ്ങൾ അവയിൽ അടങ്ങിയിട്ടുണ്ട് എന്നു പറഞ്ഞാൽ അസംബന്ധമാവില്ല.

പണ്ടുകാലത്തെ ലോകജേതാക്കളായ സൈനിക വീരന്മാരും ചക്രവർത്തിമാരും തങ്ങളുടെ ആക്രമണങ്ങൾക്കും രാജ്യവികസന മോഹങ്ങൾക്കും ന്യായീകരണമായി പ്രഖ്യാപിച്ചുവന്നതും ഇതൊക്കെ തന്നെയാണ്. എങ്കിലും 1492-ൽ ക്രിസ്റ്റഫർ കൊളംബസ് അമേരിക്കൻ ഭൂഖണ്ഡത്തിൽ കാലുകുത്തുകയും 1498-ൽ വാസ്കോഡ ഗാമയും കൂട്ടരും കോഴിക്കോടിന് അൽപ്പം വടക്ക് കാപ്പാട് തീരക്കടലിൽ നങ്കൂരം ഇടുകയും

ചെയ്തതുതൊട്ട് ആഗോളതലത്തിൽ പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ചത്തും കൊന്നും ചതിച്ചും ലോകാധിപത്യം സ്ഥാപിക്കാൻ തുടങ്ങിയതും ഒരു ആഗോളവൽക്കരണ പ്രക്രിയ ആയിരുന്നു. അവരുടെ ലക്ഷ്യം സ്വാർഥ ലാഭവും മാർഗം അധാർമികവും ആയിരുന്നു. എങ്കിലും ഈ ആഗോള വൽക്കരണ പ്രക്രിയ ലോകചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുകയായിരുന്നു. ഈ സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്ക് പ്രചോദനവും കരുത്തും പകർന്നത് ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ വളർന്നുവന്ന പുതിയ ബൂർഷ്വാ വർഗമാണ്. ഈ ബൂർഷ്വാവർഗം അതിന്റെ ജന്മനാടുകളിൽ രാഷ്ട്രീയവും സാമൂഹ്യവുമായ വിപ്ലവങ്ങൾ വരുത്തിയതിനോടൊപ്പം ആഗോളതലത്തിലും വിപ്ലവത്തിന് വഴിയൊരുക്കി. ഈ വിപ്ലവം എങ്ങനെ സംഭവിച്ചു എന്നും അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും എന്തായിരുന്നു എന്നും മാർക്സും എംഗൽസും 1848-ലെ അവരുടെ *കമ്യൂണിസ്റ്റ് പാർട്ടിയുടെ വിജ്ഞാപനം* അഥവാ *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*വിൽ ഇപ്രകാരം വിവരിക്കുന്നു:

> ചരിത്രപരമായി നോക്കുമ്പോൾ ബൂർഷ്വാസി ഏറ്റവും വിപ്ലവകരമായ ഒരു പങ്കുവഹിച്ചിട്ടുണ്ട്.
>
> ബൂർഷ്വാസി, അതിന് പ്രാബല്യം ലഭിച്ച പ്രദേശങ്ങളിലെല്ലാം തന്നെ, എല്ലാ ഫ്യൂഡൽ, "പാട്രിയാർക്കൽ" (ഗോത്രാധിപത്യ) പരമ്പരാഗത ഗ്രാമീണബന്ധങ്ങൾക്കും അറുതിവരുത്തി. മനുഷ്യനെ അയാളുടെ "സ്വാഭാവിക മേലാളന്മാരു"മായി കൂട്ടിക്കെട്ടിയിരുന്ന നാടുവാഴിത്തച്ചരടുകളുടെ നൂലാമാലയെ അത് നിഷ്കരുണം കീറിപ്പറിച്ചു. മനുഷ്യനും മനുഷ്യനും തമ്മിൽ, നഗ്നമായ സ്വാർഥമൊഴികെ, ഹൃദയശൂന്യമായ "റൊക്കം പൈസ"യൊഴികെ മറ്റൊരു ബന്ധവും അത് ബാക്കിവച്ചില്ല. മതത്തിന്റെ പേരിലുള്ള ആവേശത്തിന്റെയും നിസ്വാർഥമായ വീരശൂരപരാക്രമങ്ങളുടെയും മൂഢമതികളുടെ വികാരപരതയുടെയും ഏറ്റവും ദിവ്യമായ ആനന്ദനിർവൃതികളെ അത് സ്വാർഥപരമായ കണക്കുകൂട്ടലിന്റെ മഞ്ഞുവെള്ളത്തിലാഴ്ത്തി. വ്യക്തിയോഗ്യതയെ അത് വിനിമയമൂല്യത്തിൽ അലിയിച്ചു. അലംഘനീയങ്ങളായ അസംഖ്യം പ്രത്യേകാവകാശങ്ങളുടെ സ്ഥാനത്ത് അത് ഹൃദയശൂന്യമായ ഒരൊറ്റ അവകാശത്തെ—സ്വതന്ത്രവ്യാപാരത്തെ—പ്രതിഷ്ഠിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ, മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ തിരശീലകൊണ്ട് മൂടിയ ചൂഷണത്തിനുപകരം നഗ്നവും നിർലജ്ജവും പ്രത്യക്ഷവും മൃഗീയവുമായ ചൂഷണം അത് നടപ്പാക്കി.
>
> ഇന്നുവരെയും ആദരിക്കപ്പെടുകയും ഭയഭക്തികളോടെ വീക്ഷിക്കപ്പെടുകയും ചെയ്തുപോന്ന എല്ലാ തൊഴിലുകളിൽനിന്നും

> അവയുടെ പ്രഭാമണ്ഡലത്തെ ബൂർഷ്വാസി പിച്ചിച്ചീന്തി. ഭിഷഗ്വരനെയും അഭിഭാഷകനെയും പുരോഹിതനെയും കവിയെയും ശാസ്ത്രജ്ഞനെയുമെല്ലാം അത് സ്വന്തം ശമ്പളം പറ്റുന്ന കൂലിവേലക്കാരാക്കി മാറ്റി.
>
> ബൂർഷ്വാസി കുടുംബത്തിന്റെ വൈകാരികാവരണം എടുത്തുമാറ്റുകയും കുടുംബബന്ധത്തെ വെറുമൊരു പണത്തിന്റെ ബന്ധമാക്കി ചുരുക്കുകയും ചെയ്തിരിക്കുന്നു.
>
> പ്രതിലോമവാദികൾ വളരെയേറെ പാടിപ്പുകഴ്ത്താറുള്ള മധ്യകാലങ്ങളിലെ ഊർജസ്വലതയുടെ മൃഗീയ പ്രകടനങ്ങളുടെ ഉചിതമായ മറുവശം എന്നോണം ഏറ്റവും കർമവിമുഖമായ ആലസ്യം നടമാടാൻ കാരണം എന്താണെന്ന് ബൂർഷ്വാസി വെളിപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നേടാനാകുമെന്ന് ആദ്യമായി കാണിച്ചത് ബൂർഷ്വാസിയാണ്. ഈജിപ്തുകാരുടെ പിരമിഡുകളെയും റോമാക്കാരുടെ ജലസംഭരണ-വിതരണപദ്ധതികളെയും വളരെയേറെ അതിശയിക്കുന്ന മഹാത്ഭുതങ്ങൾ അത് സാധിച്ചിട്ടുണ്ട്. പണ്ടത്തെ കുരിശുയുദ്ധങ്ങളെയും ദേശീയ ജനതകളുടെ കൂട്ടപ്പലായനങ്ങളെയും നിഷ്പ്രഭമാക്കുന്ന സാഹസിക സംരംഭങ്ങൾ അത് നടത്തിയിട്ടുണ്ട്.
>
> ഉൽപ്പാദനോപകരണങ്ങളിലും തദ്വാര ഉൽപ്പാദനബന്ധങ്ങളിലും അതോടൊപ്പം സാമൂഹ്യബന്ധങ്ങളിൽ ഒട്ടാകെയും നിരന്തരം വിപ്ലവകരമായ പരിവർത്തനം വരുത്താതെ ബൂർഷ്വാസിക്ക് നിലനിൽക്കാനാവില്ല. (അധ്യായം 1)

ഈ വിപ്ലവകരമായ പ്രവർത്തനങ്ങളോടൊപ്പം ബൂർഷ്വാവർഗം സാഹിത്യം, ഇതര കലകൾ, മൂല്യബോധം, കുടുംബബന്ധം തുടങ്ങിയവയുടെ സാംസ്കാരിക മേഖലയിലും പരിവർത്തനങ്ങൾക്ക് കളമൊരുക്കുന്നു. ഈ പരിവർത്തനങ്ങളിൽ ചിലത് മാനവ പുരോഗതിക്ക് സഹായകമാകുമ്പോൾ മറ്റു ചിലത് ദ്രോഹകരമായി പരിണമിക്കുന്നു. എല്ലാ മാനുഷിക ബന്ധങ്ങളെയും സാംസ്കാരിക പ്രവർത്തനങ്ങളെയും പണത്തിന്റെ കെട്ടുപാടിൽ കുടുക്കി സമൂഹത്തെയാകെ ബൂർഷ്വാവർഗത്തിന്റെ പ്രതിച്ഛായയിലേക്ക് നയിക്കുന്ന കാര്യം പറഞ്ഞുവല്ലോ. അതേ സമയം ചില മാറ്റങ്ങൾ മാനവികതയ്ക്ക് മാറ്റുകൂട്ടുകയും ചെയ്യുന്നു. *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ* ഇങ്ങനെ തുടരുന്നു:

> പ്രാദേശികവും ദേശീയവുമായ ഏകാന്തതയുടെയും സ്വയംപര്യാപ്തതയുടെയും സ്ഥാനത്ത് രാഷ്ട്രങ്ങൾ തമ്മിലുള്ള നാനാമുഖമായ വ്യാപാരബന്ധങ്ങളും സാർവത്രികമായ പരസ്പരാശ്രയത്വവുമാണ് ഇന്നുള്ളത്. ഭൗതികോൽപ്പാദനത്തിലെന്നപോലെ, ബുദ്ധിപരമായ ഉൽപ്പാദനത്തിലും ഇതേ മാറ്റങ്ങളുണ്ടാകുന്നു.

> പ്രത്യേക രാഷ്ട്രങ്ങളുടെ ബുദ്ധിപരമായ സൃഷ്ടികൾ പൊതു സ്വത്തായിത്തീരുന്നു. ദേശീയമായ ഏകപക്ഷീയതയും സങ്കുചിത മനഃസ്ഥിതിയും അധികമധികം അസാധ്യമാകുന്നു; ദേശീയവും പ്രാദേശികവുമായ നിരവധി സാഹിത്യങ്ങളിൽനിന്ന് ഒരു വിശ്വ സാഹിത്യം ഉയർന്നുവരുന്നു. (അധ്യായം 1)

മാർക്സും എംഗൽസും ഇതെഴുതുന്ന 1848-ൽ ബൂർഷ്വാസിയുടെ പുരോഗമന സ്വഭാവം അപചയത്തിലേക്ക് പ്രവേശിച്ചു തുടങ്ങിയിട്ടില്ല. ലെനിൻ മരണോന്മുഖം (മോറിബണ്ട്) എന്ന് വിശേഷിപ്പിച്ച മുതലാളിത്തത്തിന്റെ കുത്തകസ്വഭാവവും മൂലധന കയറ്റുമതിയോടുകൂടിയ സാമ്രാജ്യത്വ വ്യാപനവും ആരംഭിക്കാൻ കാൽനൂറ്റാണ്ട് പിന്നെയും കഴിയേണ്ടിയിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തോടുകൂടി ഈ ശൈലിയിലുള്ള വികാസങ്ങൾ പുഷ്ടിപ്രാപിക്കുകയും ലോകമഹായുദ്ധങ്ങളുടെ യുഗം ആരംഭിക്കുകയും ചെയ്തു. അങ്ങനെ ദുർബലരായ പിൻനില രാഷ്ട്രങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തുകയും തുല്യശക്തിയോടുകൂടിയ മറ്റ് സാമ്രാജ്യത്വ രാഷ്ട്രങ്ങളുമായി യുദ്ധം ചെയ്ത് പുനർവിതരണം നടത്തി ലോകമാകെ കീഴ്പ്പെടുത്തിയ സാമ്രാജ്യത്വശക്തികളുടെ തലയിൽ ഒരു ഇടിത്തീപോലെ 1917-ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം വന്നുവീണതോടെ സാമ്രാജ്യത്വശക്തികളുടെ പ്രവർത്തന മേഖല ചുരുങ്ങാൻ തുടങ്ങി.

ഈ ചുരുങ്ങൽ പ്രക്രിയയെ തടയാനും പ്രവർത്തന മേഖല വ്യാപിപ്പിക്കാനും അങ്ങനെ പ്രതിസന്ധിയിൽ ഏർപ്പെട്ട മുതലാളിത്തത്തെ സംരക്ഷിക്കാനും വേണ്ടിയുള്ള ശ്രമം രണ്ടാം ലോകമഹായുദ്ധത്തിലാണ് കലാശിച്ചത്. ഈ യുദ്ധത്തിൽ ജർമനിയും ഇറ്റലിയും ജപ്പാനും ചേർന്ന ഫാഷിസ്റ്റ് അച്ചുതണ്ട് ശക്തികളെ തോൽപ്പിക്കാൻ സോവിയറ്റ് യൂണിയന്റെ സഹായത്തോടുകൂടിയാണെങ്കിലും ആംഗ്ലോ അമേരിക്കൻ മുതലാളിത്ത രാഷ്ട്രങ്ങൾക്ക് കഴിഞ്ഞു. പക്ഷേ, യുദ്ധത്തിൽ സോവിയറ്റ് യൂണിയന്റെ പങ്കാളിത്തവും കിഴക്കൻ യൂറോപ്പിലും കിഴക്കൻ ഏഷ്യയിലും ഏതാനും പുതിയ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ ആവിർഭാവവും അവയുടെകൂടി ഊർജം ഉൾക്കൊണ്ടുകൊണ്ട് കോളനികൾ സമരത്തിലൂടെ ഒന്നൊന്നായി മോചിപ്പിക്കപ്പെടുകയും ചെയ്തതോടെ ലോക മുതലാളിത്തത്തിന് വളരാനുള്ള പഴുതുകൾ ഒന്നൊന്നായി അടയുകയായിരുന്നു. യുദ്ധകാലത്തും യുദ്ധാനന്തരവും ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ അത്ഭുതകരവും അഭൂതപൂർവവും ആയ മുന്നേറ്റം മുതലെടുത്ത് യുദ്ധാനന്തരകാലത്ത് യുദ്ധക്കെടുതികൾ പരിഹരിച്ച് കുറെയൊക്കെ തല ഉയർത്താൻ മുതലാളിത്തത്തിന് കഴിഞ്ഞു. എന്നാൽ 1970-കളോടെ കൊളോണിയൽ വിമോചനസമരങ്ങൾ മിക്കതും വിജയം വരിക്കുകയും പശ്ചിമേഷ്യൻ രാഷ്ട്രങ്ങൾ എണ്ണക്കമ്പനികൾ ദേശസാൽ

ക്കരിച്ച് ലോകവിപണിയിൽ തല ഉയർത്തുകയും വിയത്നാം വിമോചന യുദ്ധം വെന്നിക്കൊടി പറത്തുകയും ചെയ്തതോടെ മുതലാളിത്തലോകം വീണ്ടും അധോഗതിയിലേക്ക് വഴുതി വീണു. ഈ വീഴ്ചയിൽനിന്ന് പിടഞ്ഞെണീറ്റ പഴയ കൊളോണിയൽ സാമ്രാജ്യം പുതിയ രൂപത്തിൽ പുനഃസ്ഥാപിക്കാനുള്ള ഒരു പരിശ്രമമാണ്. ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ ത്രിശൂല യജ്ഞം. സ്വന്തം ഉദ്യോഗസ്ഥന്മാരെയും ഗവർണർമാരെയും വൈസ്രോയിമാരെയും പോറ്റിവളർത്തുക എന്ന ബാധ്യതയില്ലാതെ പഴയ കൊളോണിയൽ യുഗത്തിലെ ചൂഷണവ്യവസ്ഥകൾ പുനഃസ്ഥാപിക്കുകയും ആഗോള കമ്പോളം സ്ഥാപിച്ച് കരിമ്പിൻതോട്ടത്തിൽ കയറിയ മദയാനകളെപ്പോലെ കടിച്ചുവലിച്ച് തിമിർക്കുകയാണ് ഇതുവഴി സാമ്രാജ്യത്വത്തിന്റെ ലക്ഷ്യം. പ്രധാനമായും ആഗോളവൽക്കരണത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾ പരിശോധിക്കുക എന്ന ലക്ഷ്യമാണ് ഈ പുസ്തകത്തിൽ ഉള്ളത് എന്നതിനാൽ സാമ്പത്തിക കാര്യങ്ങളെക്കാൾ സാംസ്കാരിക പ്രശ്നങ്ങൾക്കാണ് മുൻഗണന നൽകുന്നത്. എങ്കിലും കോളനിവാഴ്ചയുടെയും അതിന്റെ ആധുനിക രൂപമായ ആഗോളവൽക്കരണത്തിന്റെയും ചില പ്രത്യാഘാതങ്ങൾ പരിശോധിക്കാം. ക്രിസ്റ്റഫർ കൊളംബസും വാസ്കോദ ഗാമയും തങ്ങളുടെ ആഗോള അധിനിവേശ പദ്ധതി ആരംഭിക്കുന്നതിനുമുമ്പും ആരംഭിച്ച ശേഷമുള്ള രണ്ടോ മൂന്നോ നൂറ്റാണ്ടുകളിലും ലോകത്തിലെ ഏറ്റവും ഐശ്വര്യപൂർണവും സാംസ്കാരിക സമ്പന്നവും ആയ നാഗരികതകളാണ് ചൈനയിലും ഇന്ത്യയിലും അറേബ്യ ഉൾപ്പെടെ പശ്ചിമേഷ്യയിലും നിലവിലിരുന്നത്. ഈ സമ്പന്ന രാഷ്ട്രങ്ങളുമായി വ്യാപാരബന്ധം സ്ഥാപിക്കാനും അവയുടെ ആനുകൂല്യത്തോടെ താരതമ്യേന ദരിദ്രമായിരുന്ന നമ്മുടെ സ്ഥിതി മെച്ചപ്പെടുത്താനും ആണ് പടിഞ്ഞാറൻ ആക്രമണകാരികൾ ഇവിടെ എത്തിയത്. ഇന്ത്യയിലേക്കും ചൈനയിലേക്കും ഉള്ള യൂറോപ്യൻ വ്യാപാരമാർഗങ്ങൾ കണ്ടെത്താനുള്ള പരിശ്രമമാണല്ലോ നിനച്ചിരിക്കാതെ അതുവരെ യൂറോപ്യന്മാർ കണ്ടിട്ടില്ലാത്ത അമേരിക്കൻ വൻകരയിൽ കൊളംബസിനെ എത്തിച്ചത്. അത്‌ലാന്റിക് സമുദ്രം താണ്ടി ശാന്തസമുദ്രത്തിലെത്തി പടിഞ്ഞാറ് വഴി കിഴക്കൻ ഏഷ്യയിൽ എത്താൻ കൊളംബസ് ശ്രമിച്ചപ്പോൾ ആഫ്രിക്കൻ വൻകര ചുറ്റി ഗുഡ് ഹോപ്പ് മുനമ്പ് പിന്നിട്ട് അറബിക്കടലിലൂടെ ഇന്ത്യയിലെത്താൻ വാസ്കോദ ഗാമയും ശ്രമിച്ചു. 1498-ൽ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് എത്തിയ വാസ്കോദ ഗാമ ഉദ്ഘാടനം ചെയ്യുകയും 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായതോടെ മിക്കവാറും അവസാനിക്കുകയും ചെയ്ത ഈ പടിഞ്ഞാറൻ ആധിപത്യകാലത്തെ ഏഷ്യയുടെ വാസ്കോദ ഗാമ യുഗം എന്നാണ് സർദാർ കെ എം പണിക്കർ വിശേഷിപ്പിക്കുന്നത്. ചൈനീസ് വൻകരയിലെ

വിപ്ലവം വിജയിക്കാൻ ഏതാനും മാസങ്ങൾകൂടി വേണ്ടിവന്നു എങ്കിലും 1947-ഓടുകൂടി വാസ്കോദ ഗാമ യുഗത്തിന്റെ തകർച്ച ആരംഭിച്ചു എന്നു പറഞ്ഞാൽ തെറ്റാവുകയില്ല. പറങ്കികൾക്ക് പുറകെ ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും എല്ലാം ഏഷ്യൻ രാജ്യങ്ങളിൽ ആധിപത്യം സ്ഥാപിച്ചു. ഇന്ത്യ, പാകിസ്താൻ, ബർമ (മ്യാൻമാർ), സിലോൺ (ശ്രീലങ്ക), മലേഷ്യ തുടങ്ങിയ ഭൂവിഭാഗങ്ങൾ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയപ്പോൾ വിയത്നാം ഉൾക്കൊള്ളുന്ന ഇന്തോചീന ഫ്രഞ്ചുകാരുടെയും ഫിലിപ്പൈൻസ്, സ്പെയിൻകാരുടെയും ഇന്തോനേഷ്യ, ഡച്ചുകാരുടെയും അധീനതയിൽ ആയി. ചൈനയിലും പശ്ചിമേഷ്യയിലും വിവിധ രാഷ്ട്രങ്ങൾ നേരിട്ട് ഭരണം നടത്താതെ ഇടയ്ക്ക് ആക്രമണം നടത്തിയും ചിലപ്പോൾ നുഴഞ്ഞുകയറിയും മറ്റു ചിലപ്പോൾ കൈക്കൂലിയും സമ്മർദതന്ത്രവും ഉപയോഗിച്ചും പരോക്ഷമായ ആധിപത്യമാണ് വഹിച്ചത്.

ശാസ്ത്ര-സാങ്കേതിക വിദ്യയും മികച്ച ആയുധബലവും കൊണ്ട് തങ്ങൾ വിശ്വനാഗരികതയുടെ മൂർധന്യത്തിൽ എത്തിയിരിക്കുന്നു എന്ന് അഹങ്കരിക്കുകയും അവകാശപ്പെടുകയും ചെയ്തിരിക്കുന്ന പടിഞ്ഞാറൻ അക്രമികൾ അപരിഷ്കൃതരായ ആഫ്രോ-ഏഷ്യൻ ജനങ്ങളെയും ലാറ്റിനമേരിക്കൻ ജനങ്ങളെയും പരിഷ്കൃതരാക്കി തങ്ങളുടെ ഉന്നത നിലവാരത്തിലേക്ക് ഉയർത്താനാണ് ഈ ആക്രമണങ്ങൾ നടത്തുന്നത് എന്ന ന്യായീകരണമാണ് പ്രചരിപ്പിച്ചുപോന്നത്. അപരിഷ്കൃത ജനങ്ങളെ പരിഷ്കൃതരാക്കുക എന്ന "വെള്ളക്കാരന്റെ ഭാരം" (വൈറ്റ്മാൻസ് ബർഡൻ) ആണ് തങ്ങൾ വഹിക്കുന്നത് എന്നായിരുന്നു ഈ രാഷ്ട്രങ്ങളിലെ ജനങ്ങളെ അടിച്ചമർത്താനുള്ള ക്രൂരമായ നടപടികൾക്കും സമ്പത്ത് കുത്തിച്ചോർത്തിക്കൊണ്ടുപോവുക എന്ന അധാർമികമായ കൃത്യങ്ങൾക്കും അവർ ഉപയോഗിച്ച പുകമറ.

ഈ സാമ്രാജ്യത്വ യുഗത്തിന്റെ നീക്കിബാക്കി പരിശോധിച്ചാൽ, "വെള്ളക്കാരന്റെ ഭാരത്തെ"ക്കുറിച്ചുള്ള അവകാശവാദത്തിന്റെ പൊള്ളത്തരം വ്യക്തമാകും. പടിഞ്ഞാറൻ അധിനിവേശത്തിനു മുമ്പ് ലോകത്തിലെ ഏറ്റവും സമ്പന്നമായിരുന്ന ഏഷ്യൻ ഭൂവിഭാഗങ്ങൾ രണ്ടാം ലോകമഹായുദ്ധാനന്തരം അവർ നിഷ്കാസിതരാകുമ്പോൾ ലോകത്തിലെ ഏറ്റവും ദരിദ്രമായ ഭൂവിഭാഗങ്ങളായി തരം താണു; പടിഞ്ഞാറൻ രാഷ്ട്രങ്ങളാകട്ടെ, സമ്പന്നരാഷ്ട്രങ്ങളായി കുതിച്ചുകയറി. ശാസ്ത്ര-സാങ്കേതികവിദ്യയും മുതലാളിത്ത സമ്പദ്വ്യവസ്ഥയും മുതലാളിത്തത്തിൽ അധിഷ്ഠിതമായ വ്യവസായ വിപ്ലവവും ഈ കുതിച്ചുകയറ്റത്തിന് സഹായകമായിരുന്നു. എങ്കിലും അതവർക്ക് സാധിതപ്രായമായത് കൊളോണിയൽ കൊള്ളയിൽനിന്നും ലഭിച്ച ചെലവ് കുറഞ്ഞ അസംസ്കൃത വിഭവങ്ങളും സ്വന്തം നാട്ടിൽ അധികപ്പറ്റായിത്തീർന്ന തൊഴിലില്ലാ പട്ടാള

ത്തിന് കുടിയേറിപ്പാർത്ത് പണമുണ്ടാക്കാൻ ലഭിച്ച അന്യായമായ ആനുകൂല്യങ്ങളുമായി..... അങ്ങനെ ഇപ്പോൾ വികസിത രാഷ്ട്രങ്ങളും അവികസിത രാഷ്ട്രങ്ങളും എന്ന ലോകവിഭജനത്തിന് ആധാരമായ അസമത്വം പടിഞ്ഞാറൻ ആയുധബലവും അധികാര ശക്തിയുംകൊണ്ട് കൃത്രിമമായി സൃഷ്ടിച്ചതാണ്.

ഭൂരിപക്ഷം കോളനികളും വിമോചിപ്പിക്കപ്പെട്ടതോടെ ഈ പഴയ ചൂഷണം തുടരാൻ ആവശ്യമായ അധികാരശക്തി സാമ്രാജ്യത്വരാഷ്ട്രങ്ങൾക്ക് നഷ്ടപ്പെട്ടു. അതുകൊണ്ട് അധികാരശക്തി കൂടാതെതന്നെ, പഴയ ചൂഷണവ്യവസ്ഥ തുടരാനുള്ള ശ്രമം അവർ തുടങ്ങി. അങ്ങനെയാണ് ആഗോളവൽക്കരണം പഴയ സാമ്രാജ്യത്വത്തിന്റെയും കോളനിവൽക്കരണത്തിന്റെയും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തൊഴിലാളിവർഗവും വിപ്ലവ ജനാധിപത്യവർഗവും അധികാരത്തിൽ എത്തിയ രാഷ്ട്രങ്ങളിൽ ഈ ആഗോളവൽക്കരണ പരിപാടി അനായാസം നടപ്പിലാക്കാൻ അവർക്ക് കഴിവില്ല. വിദേശമൂലധനത്തെയും ഉയർന്ന സാങ്കേതികവിദ്യയെയും വായ്പാസൗകര്യങ്ങളെയും സ്വീകരിക്കുമ്പോൾത്തന്നെ, അത് തങ്ങളുടെ സാമ്പത്തിക വികസന ലക്ഷ്യങ്ങൾക്ക് അനുസരണമായ വ്യവസ്ഥയോടുകൂടിയേ വിപ്ലവരാഷ്ട്രങ്ങൾ സ്വീകരിക്കൂ. എന്നാൽ പഴയ നാടുവാഴി വർഗങ്ങളും ബൂർഷ്വാസിയും വാഴ്ച നടത്തുന്ന രാഷ്ട്രങ്ങളിൽ അവരെ പ്രലോഭിപ്പിച്ച് ആഗോളവൽക്കരണത്തിന്റെ പിണിയാളുകളാക്കാൻ അവർക്ക് കഴിയുന്നു. ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്താൻ മുതലായ രാഷ്ട്രങ്ങളിലെ ബൂർഷ്വാ–ഭൂപ്രഭു നേതൃത്വം സാമ്രാജ്യത്വ പ്രലോഭനങ്ങൾക്കും സമ്മർദങ്ങൾക്കും വഴങ്ങിക്കൊടുക്കുകയും അങ്ങനെ പരമാധികാരവും സ്വാശ്രയത്വവും അടിയറവയ്ക്കുകയും ചെയ്യുന്നത് സ്വാതന്ത്ര്യസമരകാലത്തെ ലക്ഷ്യപ്രഖ്യാപനങ്ങളുടെ ലംഘനമാണ്. സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്ന് ദേശീയ വ്യവസായങ്ങളും കാർഷിക സമ്പദ്വ്യവസ്ഥയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും തീരുവകളും എല്ലാം റദ്ദാക്കി കമ്പോളവൽക്കരണത്തിന്റെയും സ്വതന്ത്ര വ്യാപാരത്തിന്റെയും പേരിൽ രാഷ്ട്രത്തിന്റെ വാതായനങ്ങൾ എല്ലാം സാമ്രാജ്യത്വവാദികൾക്കും ഇഷ്ടംപോലെ കടന്നുകയറി തിമിർക്കാൻ മലർക്കെ തുറന്നിട്ടുകൊടുക്കുന്നു. പണ്ട് വൈസ്രോയിമാരും ഗവർണർമാരും നടത്തിയിരുന്ന മേധാവിത്വത്തിന്റെ സ്ഥാനത്ത് ബഹുരാഷ്ട്രകുത്തകകളും ലോകബാങ്കും അന്തർദേശീയ നാണയനിധിയും ലോക വ്യാപാരസംഘടനയും ആധിപത്യം വഹിക്കുന്നു എന്ന വ്യത്യാസം മാത്രമാണ് പഴയ കൊളോണിയലിസവും പുതിയ ആഗോളവൽക്കരണവും തമ്മിലുള്ളത്. അതുകൊണ്ട് ആഗോളവൽക്കരണം എന്ന പേരുതന്നെ ജനങ്ങളെ വഞ്ചിക്കാനുള്ള ഒരു അടവാണെന്നും പുത്തൻ കൊളോണിയലിസം

എന്നോ സാമ്രാജ്യത്വം എന്നോ ആണ് ആഗോളവൽക്കരണത്തെ വിളിക്കേണ്ടതെന്നും പല ഗ്രന്ഥകർത്താക്കളും വിമർശകരും ചൂണ്ടിക്കാട്ടുന്നു. ജെയിംസ് പെട്രാസും ഹെൻറി വൈറ്റ്മേയറും ചേർന്ന് എഴുതിയ *ഗ്ലോബലൈസേഷൻ അൺമാസ്ക്ഡ്* (മാധ്യം ബുക്സ്, 2001) എന്ന കൃതിയിൽ പഴയ കൊളോണിയലിസ്റ്റ് നയങ്ങൾ തന്നെ പേരുമാറ്റത്തോടുകൂടി ഇപ്പോൾ സാമ്രാജ്യത്വവാദികൾ നടത്തിക്കൊണ്ടിരിക്കുന്നു എന്ന് സമർഥിക്കുന്നു. പഴയ കൊളോണിയൽ രാഷ്ട്രങ്ങളായ ബ്രിട്ടൻ, ഫ്രാൻസ്, പോർത്തുഗൽ, നെതർലാൻഡ്സ് മുതലായ രാഷ്ട്രങ്ങളുടെ സ്ഥാനത്ത് ഈ രാഷ്ട്രങ്ങളുടെ സൈനികവും നയതന്ത്രപരവുമായ വിഭവശേഷി മുഴുവനും ഉപയോഗിച്ചുകൊണ്ടുതന്നെ ബഹുരാഷ്ട്ര കുത്തകാധിപത്യം ചെലുത്തുന്നത് എങ്ങനെ എന്ന് വിവരിച്ചിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരാഷ്ട്രങ്ങളായ അമേരിക്കൻ ഐക്യനാട്, ജർമനി, ജപ്പാൻ, ഫ്രാൻസ് തുടങ്ങിയ കൈവിരലിൽ എണ്ണാവുന്ന രാഷ്ട്രങ്ങളെ ഒഴിച്ചുനിർത്തിയാൽ പല ഇടത്തരം രാഷ്ട്രങ്ങൾപോലും സാമ്പത്തിക തികവിൽ ബഹുരാഷ്ട്ര കുത്തകകൾക്കൊപ്പം എത്തുകയില്ല. ഉദാഹരണത്തിന്, പത്ത് ഇടത്തരം രാഷ്ട്രങ്ങളെയും പത്ത് ബഹുരാഷ്ട്ര കുത്തകകളെയും അവയുടെ സമ്പദ്സ്ഥിതിയെക്കുറിച്ചുമുള്ള പട്ടിക I നോക്കുക:

പട്ടിക I

രാജ്യം	മൊത്തം ആഭ്യന്തര ഉൽപ്പന്നം(ജിഡിപി) (ദശലക്ഷം ഡോളർ)	എം എൻ സി	വിൽപ്പന (ദശലക്ഷം ഡോളർ)
1. ഡെൻമാർക്ക്	1,74,363.0	ജനറൽ മോട്ടേഴ്സ്	1,76,558.0
2. പോളണ്ട്	1,54,146.0	വാൾ-മാർട്ട്	1,66,809.0
3. ദക്ഷിണാഫ്രിക്ക	1,31,127.0	എക്സൺ മൊബൈൽ	1,63,881.0
4. ഇസ്രായേൽ	99,068.0	റോയൽ ഡച്ച്/ഷെൽ	1,05,366.0
5. അയർലൻഡ്	84,861.0	ഐബിഎം	87,548.0
6. മലേഷ്യ	74,634.0	സീമെൻസ്	75,337.0
7. ചിലി	71,092.0	ഹിറ്റാച്ചി	71,858.5
8. പാകിസ്താൻ	59,880.0	സോണി	60,052.7
9. ന്യൂസിലൻഡ്	53,622.0	ഹോണ്ട മോട്ടോർ	54,773.5
10. ഹംഗറി	48,355.0	ക്രെഡിറ്റ് സ്യൂയിസ്	49,362.0

കടപ്പാട്: വിൽപ്പന—*ഫോർച്യൂൺ*, 31 ജൂലായ് 2000; ജിഡിപി: ലോകബാങ്ക് ലോക വികസന രേഖ, 2000.

ഈ കണക്കുകളിൽനിന്ന് വ്യക്തമാകുന്നതുപോലെ ലോകരാഷ്ട്രങ്ങളെ പിന്തള്ളിക്കൊണ്ട് ബഹുരാഷ്ട്രകുത്തകകൾ പഴയ അധീശരാഷ്ട്രങ്ങളുടെ സ്ഥാനത്തേക്ക് ഉയരുകയാണ്. ഈ ഉയർച്ചയിൽ സാമ്പത്തിക പ്രവർത്തനങ്ങളോടൊപ്പം അവയെ സുഗമമാക്കാൻ ഉപകരിക്കുന്ന രാഷ്ട്രീയ നീക്കങ്ങളും അട്ടിമറികളും പെടും. തങ്ങളുടെ ഇംഗിതത്തിന് വഴങ്ങാത്ത രാഷ്ട്രങ്ങളെയും ഭരണങ്ങളെയും അട്ടിമറിച്ച് ചൊൽപ്പടിക്ക് നിൽക്കുന്നവരെ പിൻനില രാഷ്ട്രങ്ങളിൽ അധിപതികളായി വാഴിക്കുക എന്നത് മുൻകാലത്ത് സാമ്രാജ്യത്വ രാഷ്ട്രങ്ങളാണ് നിർവഹിച്ചത്. എങ്കിൽ ഇപ്പോൾ ആ സ്ഥാനത്ത് ബഹുരാഷ്ട്രകുത്തകകളാണ് അട്ടിമറികളുടെ ചുക്കാൻ പിടിക്കുന്നത്. ഇറാഖിലും അഫ്ഗാനിസ്ഥാനിലും ഈയിടെ കണ്ടതുപോലെ ബഹുരാഷ്ട്രകുത്തകകൾക്ക് അകമ്പടിയായി അവയുടെ ആസ്ഥാന സർക്കാരുകളും പടയും പടക്കോപ്പുമായി രംഗത്തുവരുന്നു. പടയും പടക്കോപ്പും കൂടാതെ ഉപജാപകവും തുരപ്പൻ പണിയുംകൊണ്ട് അതേ ലക്ഷ്യം നേടാൻ കഴിയുന്നിടത്തെല്ലാം അങ്ങനെ ചെയ്യുന്നു. തങ്ങളുടെ സ്വാർഥലക്ഷ്യങ്ങളെ ചെറുത്ത് സ്വന്തം രാഷ്ട്രത്തിന്റെ പരമാധികാരവും സ്വാതന്ത്ര്യവും രക്ഷിക്കാൻ ആഗ്രഹിക്കുന്ന രാഷ്ട്രങ്ങളെ ജനാധിപത്യവിരുദ്ധരെന്നും മനുഷ്യാവകാശ ലംഘകർ എന്നും തെമ്മാടികൾ (റോഗ്) എന്നും മുദ്രകുത്തുക സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെയും ബഹുരാഷ്ട്രകുത്തകകളുടെയും അവരുടെ മാധ്യമങ്ങളുടെയും പതിവായിത്തീർന്നിരിക്കുന്നു.

അങ്ങനെ ആഗോളവൽക്കരണത്തിന്റെ സാമ്പത്തിക സമ്മർദങ്ങൾ ധനികരാഷ്ട്രങ്ങളെ കൂടുതൽ ധനികരാഷ്ട്രങ്ങളാക്കുകയും ദരിദ്രരാഷ്ട്രങ്ങളെ കൂടുതൽ ദരിദ്രരാക്കുകയും പഴയ കോളനിവാഴ്ചക്കാലത്തെപ്പോലെ വൻതോതിൽ ദുർബലരാഷ്ട്രങ്ങളുടെ വിഭവങ്ങളും അസംസ്കൃത സാധനങ്ങളും വികസിത മുതലാളിത്തരാഷ്ട്രങ്ങളിലേക്ക് കടത്തിക്കൊണ്ടു പോവുകയും ചെയ്യുന്നു. പിൻനില രാഷ്ട്രങ്ങളുടെ വ്യവസായവൽക്കരണത്തിനും പുരോഗതിക്കും സഹായകം എന്നു പറഞ്ഞ് സാമ്രാജ്യത്വരാഷ്ട്രങ്ങളും ബഹുരാഷ്ട്രകുത്തകകളും അനുനയം മുഖേന തെറ്റിദ്ധരിപ്പിച്ചും കൈക്കൂലിയും മറ്റ് പ്രലോഭനങ്ങളും നൽകി ബൂർഷ്വാ ഭരണാധികാരികളെ സ്വാധീനിച്ചും അറ്റകൈയായി സമ്മർദ തന്ത്രങ്ങളും ഭീഷണിയും ഉപയോഗിച്ചും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവ ഓരോ രാജ്യത്തിലും എന്തു ഫലങ്ങളാണ് ഉളവാക്കുന്നതെന്ന് നോക്കൂ. സാർവദേശീയരംഗത്ത് വൻകിട വികസിതരാഷ്ട്രങ്ങളും മൂന്നാം ലോക രാഷ്ട്രങ്ങളും തമ്മിൽ അസമത്വം വർധിച്ചുവരുന്നതുപോലെ ഓരോ രാഷ്ട്രത്തിനകത്തും ദരിദ്രരും ധനികരും തമ്മിലുള്ള വിടവ് ആഗോളവൽക്കരണനയങ്ങൾ മൂലം കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നു

എന്നാണ് കണക്കുകൾ കാണിക്കുന്നത്. ആഗോളവൽക്കരണനയങ്ങളുടെ ഫലമായി ധനികരുടെ നില പൂർവാധികം മെച്ചപ്പെടുന്നതോടെ ദരിദ്രരുടെ നില അടിക്കടി അധഃപതിച്ചുവരുന്നു എന്ന് ഐക്യരാഷ്ട്ര സഭയുടെയും മറ്റും കണക്കുകൾ വ്യക്തമാക്കുന്നു.

പട്ടിക II

വർഷം	ഗ്രാമീണം (ശതമാനം)	നാഗരികം (ശതമാനം)	മൊത്തം (ശതമാനം)
1983	45.65	40.79	44.48
1987–88	39.09	38.20	38.86
1989–90	33.70	36.00	34.28
1990–91	35.04	35.29	35.11
1992	41.70	37.80	40.70
1993–94	37.27	32.36	35.07
1994–95	38.03	34.24	36.98
1995–96	38.29	30.05	36.08
1997	38.46	33.97	37.23

ആദ്യം കോൺഗ്രസിന്റെ നേതൃത്വത്തിലും പിന്നീട് ബി ജെ പിയുടെ നേതൃത്വത്തിലും നടപ്പാക്കിയ ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതം വെളിപ്പെടുത്തുന്നതാണ് 1990–കളിലെ ജനദാരിദ്ര്യം സംബന്ധിച്ച നാഷണൽ സാമ്പിൾ സർവേയുടെ പട്ടിക II–ലെ ഈ കണക്കുകൾ. ■

9 ആഗോളവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രം

ആഗോളതലത്തിലും ദേശീയതലത്തിലും ഇപ്രകാരം ബഹുഭൂരിപക്ഷത്തിന് ദോഷകരവും ചെറുന്യൂനപക്ഷങ്ങൾക്ക് പ്രയോജനകരവുമായ സാമ്പത്തിക ഫലങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സ്വാശ്രയത്വത്തിനും ഹാനികരമായ രാഷ്ട്രീയനയങ്ങളും സ്വാഭാവികമായി ജനങ്ങളുടെ ചെറുത്തുനിൽപ്പുകൾക്ക് കാരണമാകും. ഈ ചെറുത്തുനിൽപ്പുകളെ പരാജയപ്പെടുത്താൻ മതമൗലികതാവാദം, വർഗീയത, വംശീയത തുടങ്ങിയ വിഭാഗീയ പ്രവണതകളെ വളർത്തിയെടുക്കുക എന്നതും ആഗോളവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രപദ്ധതിയിൽ പെടുന്നു. സോവിയറ്റ് യൂണിയന്റെയും യൂറോപ്യൻ സോഷ്യലിസത്തിന്റെയും തകർച്ചയെത്തുടർന്ന് ലോകമുതലാളിത്തം പുതിയൊരു വസന്തത്തിലേക്ക് പ്രവേശിക്കുകയാണെന്നും സോഷ്യലിസം ലോകചരിത്രത്തിലെ ഹ്രസ്വമായ ഒരടഞ്ഞ അധ്യായം മാത്രമാണെന്നും *ചരിത്രത്തിന്റെ അന്ത്യം* എഴുതിയ അമേരിക്കൻ രാഷ്ട്രമീമാംസകൻ ഫ്രാൻസിസ് ഫൂക്കുയാമ വാദിക്കുന്നത് ഈ പശ്ചാത്തലത്തിലാണ് വായിക്കേണ്ടത്. മറ്റൊരു അമേരിക്കൻ രാഷ്ട്രമീമാംസകനായ സാമുവൽ ഹണ്ടിങ്ടണിന്റെ വാദം കുറെക്കൂടി ദുഷ്ടമാണ്. ഇതേവരെയുള്ള ലോകസംഘർഷം സോഷ്യലിസ്റ്റ് ചേരിയും മുതലാളിത്ത ചേരിയും തമ്മിലായിരുന്നു എങ്കിൽ സോഷ്യലിസ്റ്റ് ചേരിയുടെ നടുനായകനായിരുന്ന സോവിയറ്റ് യൂണിയന്റെ തകർച്ചയോടുകൂടി ഇനി വരാൻ പോകുന്ന യുദ്ധങ്ങൾ വിവിധ നാഗരികതകൾ തമ്മിലാണെന്ന് അദ്ദേഹം വാദിക്കുന്നു. 'നാഗരികതകൾ' എന്നതിന് ഇതുവരെ സാമൂഹ്യ ശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും കൽപ്പിച്ചു

പോന്ന അർഥത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് ഹണ്ടിങ്ടൻ തന്റെ വികലസിദ്ധാന്തം ആവിഷ്കരിക്കുന്നത്.

മെസോപ്പൊട്ടേമിയൻ നാഗരികത, ഈജിപ്ഷ്യൻ നാഗരികത, സൈന്ധവ നാഗരികത, ചൈനീസ് നാഗരികത, യവന നാഗരികത എന്നൊക്കെയുള്ള ചിരകാലമായി അംഗീകരിച്ചുവരുന്ന അർഥകൽപ്പനകളെ തിരസ്കരിച്ച് മതാടിസ്ഥാനത്തിലുള്ള ക്രിസ്ത്യൻ നാഗരികത, ഇസ്ലാമിക നാഗരികത, ഹൈന്ദവ നാഗരികത, ബൗദ്ധ നാഗരികത, യഹൂദ നാഗരികത എന്നൊക്കെയായി ശാസ്ത്രീയ സങ്കൽപ്പനങ്ങളെ തകിടംമറിച്ചിരിക്കുകയാണ് ഹണ്ടിങ്ടൺ. *നാഗരികതകൾ തമ്മിലുള്ള സംഘട്ടനവും ലോകക്രമത്തിന്റെ പുനർനിർമാണവും (ദി ക്ലാഷ് ഓഫ് സിവിലിസേഷൻസ് ആന്റ് ദി റീമേക്കിങ് ഓഫ് വേൾഡ് ഓർഡർ*, വൈകിങ്, 1996) എന്ന അദ്ദേഹത്തിന്റെ വളരെയേറെ കൊട്ടിഘോഷിക്കപ്പെടുന്ന കൃതി ഈ വികലസിദ്ധാന്തത്തിന്റെ പ്രകടനപത്രികയാണ്. ഇതിൻപ്രകാരം പശ്ചിമേഷ്യയിലെ എണ്ണവിഭവങ്ങൾ ചൂഷണം ചെയ്യാൻ അമേരിക്കൻ സാമ്രാജ്യവാദികൾ അഫ്ഗാനിസ്ഥാനിലും ഇറാഖിലും ഇസ്രയേൽ എന്ന സാമന്തരാജ്യത്തെ ഉപയോഗിച്ച് പലസ്തീന് എതിരായും നടത്തുന്ന ക്രൂരമായ കടന്നാക്രമണങ്ങളുടെ ലക്ഷ്യത്തെക്കുറിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഒരു വികൃതസിദ്ധാന്തം പടിഞ്ഞാറന്മാർക്ക് കൈവന്നിരിക്കുന്നു. ക്രിസ്ത്യൻ രാഷ്ട്രങ്ങളും ഇസ്ലാമിക രാഷ്ട്രങ്ങളും തമ്മിലുള്ള യുദ്ധം അനിവാര്യമാണെന്നും അതിന്റെ പ്രേരകശക്തി ചൂഷണം അല്ലെന്നും രണ്ട് നാഗരികതകൾ തമ്മിലുള്ള ഭിന്നതയാണെന്നും സ്ഥാപിച്ചെടുക്കാൻ പടിഞ്ഞാറൻ പ്രചാരകർക്ക് ഹണ്ടിങ്ടൺ ഒരു കൈപ്പുസ്തകം തയ്യാറാക്കിക്കൊടുത്തിരിക്കുന്നു. മനുഷ്യസ്വഭാവത്തിന് സ്വാഭാവികമായിട്ടുള്ളത് സമാധാനമല്ലെന്നും നേരേമറിച്ച്, ഹിംസയും സംഘർഷവും ആണെന്നും ഹിംസയിലൂടെയും സംഘർഷത്തിലൂടെയും ആണ് യഥാർഥ മാനവസത്തയായ വീരപ്രകൃതി അനാവരണം ചെയ്യുകയെന്നും ബെനിറ്റോ മുസോളിനി എഴുതിവച്ച ഫാഷിസ്റ്റ് സിദ്ധാന്തത്തെ അതേപടി ആവർത്തിക്കാൻ കൂടി ഹണ്ടിങ്ടന് മടിയില്ല.

ഇറാഖിന്റെ കൈവശം 'വെപ്പൺസ് ഓഫ് മാസ് ഡിസ്ട്രക്ഷൻ' (ഡബ്ല്യൂ എം ഡി) അഥവാ സർവനാശകാരിയായ ആയുധങ്ങളുടെ ശേഖരം ഉണ്ടെന്ന പച്ചക്കള്ളം പറഞ്ഞുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്ല്യൂ ബുഷ് 2003 മാർച്ച് 20-ന് ഇറാഖിനെതിരെ ക്രൂരമായ യുദ്ധം അഴിച്ചുവിടുന്നതിന് തൊട്ടുമുമ്പ് താൻ യുദ്ധം ചെയ്യുന്നത് ദൈവനിയോഗ പ്രകാരമാണെന്നും ഈ യുദ്ധം പതിനൊന്നും പന്ത്രണ്ടും പതിമ്മൂന്നും നൂറ്റാണ്ടുകളിലെ കുരിശുയുദ്ധത്തിന് സമാനമാണെന്നും പറഞ്ഞത് ലോകജനതയെ അമ്പരപ്പിക്കുകയുണ്ടായി. പലസ്തീനിലെ ക്രൈസ്തവ പുണ്യതീർഥങ്ങൾ മുസ്ലീം ഭരണാധികാരികളിൽനിന്നും

വീണ്ടെടുക്കാനാണെന്നു പറഞ്ഞ് മാർപ്പാപ്പ അർബന്റെയും പീറ്റർ സന്യാസിയുടെയും (പീറ്റർ ദി ഹെർമിറ്റ്) മതഭ്രാന്തൻ കാടിളക്കി പ്രഭാഷണങ്ങളിൽ വ്യാമുഗ്ധരായ യൂറോപ്പിലെ ക്രിസ്ത്യൻ രാഷ്ട്രങ്ങൾ മൂന്ന് മൂന്നര നൂറ്റാണ്ടുകാലം നടത്തിയ യുദ്ധ പരമ്പരയാണ് ക്രൂസേഡ് അഥവാ കുരിശുയുദ്ധം എന്ന പേരിൽ ചരിത്രത്തിന്റെ താളുകളെ രക്തപങ്കിലമാക്കിയത്. കുരിശുയുദ്ധം എന്ന പദപ്രയോഗം അബദ്ധവശാൽ വായിൽനിന്ന് വീണുപോയതാണെന്നും അത് പിൻവലിക്കുന്നു എന്നും പിന്നീട് ബുഷ് പറഞ്ഞുവെങ്കിലും ദൈവനിയോഗ കാര്യത്തിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നു. സാമുവൽ ഹണ്ടിങ്ടണിന്റെ വികലസിദ്ധാന്തം അമേരിക്കൻ പ്രസിഡന്റിനെപ്പോലെ ഉന്നതസ്ഥാനീയനായ ഒരു ഭരണാധികാരിയുടെ നാക്കിനെപ്പോലും പിഴപ്പിക്കും എങ്കിൽ സാമ്രാജ്യത്വ മാധ്യമങ്ങളുടെ നിസഹായരായ ഇരകളായി വർത്തിക്കുന്ന സാധാരണ ജനങ്ങളെ അത്തരം പ്രചാരവേല എത്രമാത്രം വഴിപിഴപ്പിക്കും എന്ന് ഊഹിച്ചുകൊള്ളുക.

സോവിയറ്റ് അനന്തര ലോകത്തിൽ മുതലാളിത്തത്തിന് ഒരു പുതിയ വസന്തം പിറന്നിരിക്കുന്നു എന്നും ഈ വസന്തത്തിന്റെ സുഗന്ധം ധനിക-ദരിദ്ര വ്യത്യാസമില്ലാതെ ലോകരാഷ്ട്രങ്ങൾക്കും മാനവരാശിക്കും ആകെ ലഭിക്കുമെന്നും മറ്റുമുള്ള ആഗോളവൽക്കരണ പ്രചാരകരുടെ വാദഗതികൾ അസംബന്ധമാണ് എന്ന് തെളിയിക്കുന്ന അനുഭവങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണ നയങ്ങളിലൂടെ മുന്നോക്കരാഷ്ട്രങ്ങളുടെ നിരയിലേക്ക് കുതിച്ചുകയറിക്കൊണ്ടിരിക്കുന്നു എന്ന് അവകാശപ്പെട്ടുകൊണ്ടിരുന്ന തെക്കൻ കൊറിയ, തായ്ലാൻഡ്, മലേഷ്യ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ തുടങ്ങി "കിഴക്കൻ പുലികൾ" (ഈസ്റ്റേൺ ടൈഗേഴ്സ്) എന്ന വിശേഷണം നേടിയ രാഷ്ട്രങ്ങളുടെ 1997–99 കാലത്തെ തകർച്ച ആഗോളവൽക്കരണ പ്രചാരകരെ അങ്കലാപ്പിലാക്കി. ആഗോളവൽക്കരണത്തിന്റെ ഗുണഭോക്താക്കളായി വിവരിക്കപ്പെട്ടിരുന്ന ലാറ്റിനമേരിക്കയിലെ അർജന്റീന തുടങ്ങി ചില രാഷ്ട്രങ്ങളുടെ സമ്പദ്വ്യവസ്ഥകൾ പുതിയ സഹസ്രാബ്ദത്തിന്റെ ആദ്യം തകർന്ന് രാഷ്ട്രീയമായ കലാപത്തിന് വഴിതെളിച്ചു. ദരിദ്രരാഷ്ട്രങ്ങളും ധനിക രാഷ്ട്രങ്ങളും തമ്മിലുള്ള അകൽച്ച മുൻ അധ്യായങ്ങളിൽ വിവരിച്ചതുപോലെ പൂർവാധികം വർധിച്ചുവരികയും ചെയ്തു. ഇതൊക്കെ കണ്ട് തങ്ങളുടെ കണക്കുകൂട്ടലുകളും പ്രവചനങ്ങളും ആകെ പാളിപ്പോയി എന്നുകണ്ട സത്യസന്ധരും പ്രഗത്ഭമതികളുമായ ചില ആഗോളവൽക്കരണവാദികൾ നോബൽ സമ്മാനിതനായ വിശ്വപ്രസിദ്ധ ധനശാസ്ത്രജ്ഞൻ ഡോ. ടിഗ്ലിറ്റ്സിനെപ്പോലെ തെറ്റുകൾ ഏറ്റുപറഞ്ഞ് ആഗോളവൽക്കരണത്തിന്റെ വിമർശകരായി മാറി. (അദ്ദേഹത്തിന്റെ *ഗ്ലോബലൈസേഷൻ ആന്റ് ഇറ്റ്സ് ഡിസ്കണ്ടൻസ്* നോക്കുക.)

ഈ പശ്ചാത്തലത്തിലാണ് ജോർജ് സോറസ് എന്ന കോടീശ്വരനായ പണമിടപാടുകാരൻ *പ്രതിസന്ധിയിലായ ആഗോള മുതലാളിത്തം* എന്ന ഒരു ബസ്റ്റ് സെല്ലറുമായി ആഗോളവൽക്കരണത്തിന് ന്യായീകരണം കണ്ടെത്താൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. സോവിയറ്റ് അനന്തര മുതലാളിത്തവസന്തം എന്ന് വിശേഷിപ്പിക്കപ്പെട്ട പ്രതിഭാസത്തിന് താൽക്കാലികമായി ചില തളർച്ചകൾ ഉണ്ടെങ്കിലും സോഷ്യലിസത്തിലേക്കൊന്നും തിരിച്ചുപോകാതെ ഇവ എങ്ങനെ പരിഹരിക്കാൻ കഴിയും എന്ന ഒരു "മുറിവൈദ്യ കുറിപ്പടി"യായി ഈ കൃതി.

ഇത്തരം താത്ത്വിക കൃതികൾക്ക് പുറമെ ആഗോളവൽക്കരണത്തിന്റെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാൻ കൽപ്പിതകഥകൾ, അപസർപ്പക കഥകൾ, ആഖ്യായികകൾ, നാടകങ്ങൾ, ചലച്ചിത്രങ്ങൾ, ടി വി മെഗാസീരിയലുകൾ മുതലായവ വേറെയും ഉണ്ട്. കൂടാതെ സി ഡി റോമുകളും കാസറ്റുകളും ഇന്റർനെറ്റ് പ്രചാരവേലയും വെബ്സൈറ്റുകളും അത്യാധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്രചാരണ സ്റ്റീംറോളറുകൾക്ക് ആക്കം നൽകും.

പുസ്തകങ്ങളും മാധ്യമങ്ങൾ തന്നെയാണെങ്കിലും ഇക്കാലത്ത് ഏറ്റവും ശക്തമായത് ഇലക്ട്രോണിക് മാധ്യമങ്ങളും തൊട്ടടുത്ത് നിൽക്കുന്നത് വർത്തമാനപത്രങ്ങളും വാരികാ മാസികകളും ആണ്. അതുകൊണ്ട് ടെലിവിഷൻ ചാനലുകളുടെയും പത്രമാസികകളുടെയും ആഗോളവൽക്കരണ പ്രക്രിയ ഏതുതരത്തിൽ പ്രത്യയശാസ്ത്ര സങ്കൽപ്പനങ്ങളെയും സംസ്കാരങ്ങളെയും സ്വാധീനിക്കുന്നു എന്ന് പരിശോധിക്കാം. ■

10 സംസ്കാരവും സംവേദനവും

ആമുഖം

ഇംഗ്ലീഷിലെ കമ്യൂണിക്കേഷന് പകരമാണ് ഇവിടെ "സംവേദനം" എന്ന പദം ഉപയോഗിക്കുന്നത്. ഇംഗ്ലീഷിലെ കമ്യൂണിക്കേഷനിൽ ആളുകളെയും ചരക്കുകളെയും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്ന ഗതാഗത സംവിധാനങ്ങളും മറ്റും കൂടി ഉൾപ്പെടുന്നുണ്ട്. സംവേദനമെന്ന സംസ്കൃത-മലയാള പദത്തിന് അത്തരം കാര്യങ്ങൾ ഉൾക്കൊള്ളാനാവില്ല. വർത്തമാനം, ആശയം, മനോഭാവം മുതലായവ മാത്രമേ സംവേദനത്തിൽ ഉൾപ്പെടുകയുള്ളൂ. നമ്മുടെ ഈ ചർച്ചയിലും പ്രബന്ധത്തിലും ഈ അർഥകൽപ്പന മതിയാകും എന്നതുകൊണ്ട് ഈ പദം തന്നെ മതി.

കൂട്ടായ്മയും സാമൂഹ്യതയും എല്ലാത്തരം ജീവജാലങ്ങളിലും ഉണ്ടാകാമെങ്കിലും ചിലയിനങ്ങളിൽ അവ കൂടിയും മറ്റുള്ളവയിൽ കുറഞ്ഞും പല അളവുകളിൽ കണ്ടെത്താം. ഉറുമ്പ്, തേനീച്ച, കാക്ക, വനങ്ങളിലെ മാൻകൂട്ടം, പലതരത്തിലുള്ള ആൾക്കൂരങ്ങുകൾ, മനുഷ്യർ തുടങ്ങിയവരിൽ ഈ കൂട്ടായ്മ കൂടുതൽ കെട്ടുറപ്പുള്ളതാണെന്ന് അനായാസം നിരീക്ഷകർക്ക് കണ്ടെത്താം. അത്തരം ജീവികൾ കൂട്ടംകൂടി ഇരിക്കുകയും കൂട്ടുകൂടി സഞ്ചരിക്കുകയും കൂട്ടുകൂടി പാർക്കുകയും ചെയ്യുന്നു എന്ന് മാത്രം പറഞ്ഞാൽ പോരാ. അവയുടെ ജീവിതവൃത്തിയും ജീവിതരീതിയും ജീവസന്ധാരണത്തിന് കൂട്ടായ്മയിലൂടെ മാത്രമേ കഴിയൂ എന്ന അവസ്ഥയും ഉണ്ട്. എന്നാൽ സിംഹം, ആന, തിമിംഗലം, കടുവ മുതലായവയ്ക്കും കുടുംബബന്ധങ്ങളും വംശ കൂട്ടായ്മയും ഉണ്ട്.

എങ്കിലും അതെല്ലാം വളരെ അയഞ്ഞതാണെന്ന് മാത്രമല്ല അവയുടെ ജീവിതരീതിയും ജീവസന്ധാരണങ്ങളും കൂട്ടായ്മയിലൂടെ മാത്രമേ സാധ്യമാകൂയെന്ന് വ്യവഛേദിച്ച് പറയാനാവുകയില്ല.

പരസ്പര സംവേദന വ്യവസ്ഥകൾ ഇല്ലെങ്കിൽ ഈ കൂട്ടായ്മ സാധ്യമല്ല. ഈ സംവേദനശീലം കൊണ്ടാണോ അവയ്ക്ക് കൂട്ടായ്മ ഉണ്ടായത്? അതോ കൂട്ടായ്മ പ്രവണത സംവേദന സമ്പ്രദായങ്ങൾക്ക് വഴിവയ്ക്കുകയാണോ ചെയ്തത് എന്ന ചോദ്യം പ്രസക്തമല്ല. മുട്ടയോ കോഴിയോ ആദ്യം ഉണ്ടായത് എന്ന ചോദ്യം പോലെയാണത്. വികസ്വരമായ സംവേദന വ്യവസ്ഥ കൂടാതെ സാമൂഹ്യപരത അചിന്ത്യമായിരിക്കും എന്ന് മാത്രം പറഞ്ഞുവയ്ക്കാം.

സംവേദനവും മാധ്യമവും

ജീവജാലങ്ങൾക്കിടയിലെ സാമൂഹ്യപരത മനുഷ്യർക്കിടയിലാണ് ഏറ്റവും ശക്തവും സർവംഗ്രാഹിയും എന്നതിൽ തർക്കമില്ലല്ലോ. അതുകൊണ്ടായിരിക്കാം മനുഷ്യനെ ഒരു "സോഷ്യൽ ആനിമൽ" അഥവാ "സാമൂഹ്യ ജീവി" എന്ന് വിശേഷിപ്പിക്കുന്ന അർഥത്തിലും വ്യാപ്തിയിലും ഉൾപ്പെടുത്തുന്നതും തേനീച്ച തുടങ്ങിയ മനുഷ്യേതര സാമൂഹ്യ ജീവികളെ അതിൽ ഉൾപ്പെടുത്താത്തതും.

സാമൂഹ്യപരത മനുഷ്യനിർവചനത്തിലെ തന്നെ നിർണായക ഘടകമാണെന്ന് മാത്രമല്ല മനുഷ്യനെയും മനുഷ്യേതര ജീവികളെയും മൗലികമായിത്തന്നെ വ്യത്യസ്തരാക്കുകയും ചെയ്യും. സംസ്കാരത്തിന്റെ തലമുറകളിൽനിന്ന് തലമുറകളിലേക്കുള്ള ലംബമാന സംക്രമണത്തിന്റെയും ഒരേ തലമുറയിൽപ്പെട്ടവർ തമ്മിലുള്ള തിരശ്ചീന സംക്രമണത്തിന്റെയും മുഖ്യ ഉപാധി സംവേദനമാണല്ലോ. മനുഷ്യേതര സാമൂഹ്യ ജീവികളുടെ സംവേദനം ആംഗ്യം, സ്പർശം, സ്വരം മുതലായവ മുഖേന നേരിട്ടാണ് നടക്കുക. കൂടാതെ അവതന്നെ സഹസ്രാബ്ദങ്ങളോ പരസഹസ്രാബ്ദങ്ങളോ ആയി ജൈവ പരിണാമ പ്രക്രിയയിലൂടെ പകർന്നുകിട്ടിയ വാസനാവൈഭവത്തിലൂടെയാണ് സ്വായത്തമാക്കുന്നത്. അതിൽ വിവേകത്തിനോ വിവേചനത്തിനോ പങ്കില്ല. എന്നാൽ മനുഷ്യരാകട്ടെ, പരിണാമ പ്രക്രിയയിൽ ഒരു ഘട്ടം മുതൽ സംവേദന സമ്പ്രദായങ്ങൾ ബോധപൂർവം രൂപപ്പെടുത്താനും പരിഷ്കരിക്കാനും ആരംഭിച്ചു. മാത്രമല്ല, നേരിട്ടുള്ള സംവേദനത്തിന് പുറമെ ഇടനില ഘടകങ്ങളെ അഥവാ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താനും തുടങ്ങി. സ്വരത്തിന് ഭൗതികരൂപം നൽകിയ ലിപിയും കൊത്തുളിയും ആണിയും നാരായവും ഓലയും ചെപ്പേടും തോലും ഇഷ്ടികയും കല്ലും എല്ലാം മാധ്യമ വ്യവഹാരത്തിന് ഉപയുക്തമായി. കരച്ചിലിലും ആക്രോശത്തിലും ആഹ്വാനത്തിലും മറ്റുമായി ഒതുങ്ങിയിരുന്ന സംവേദനം പ്രതീക

ങ്ങളും ചിഹ്നങ്ങളും കൊണ്ടുള്ള ഭാഷയായി മാറിയപ്പോൾ മനുഷ്യന്റെ ജൈവ പരിണാമ പ്രക്രിയയിൽ ഒരു കുതിച്ചുചാട്ടം നടക്കുകയായിരുന്നു.

അങ്ങനെ ലിപിയുടെ കണ്ടുപിടിത്തവും പ്രയോഗവും വാക്കിനെയും അതുവഴി ഭാഷയെയും "ടെക്നോളജൈസ്" അഥവാ സാങ്കേതികവൽക്കരിച്ചു. സാങ്കേതിക വിദ്യാപ്രയോഗത്തിന് ഭൗതികവസ്തുക്കളും സാമഗ്രികളും ആവശ്യമാണ്. അങ്ങനെ മാധ്യമങ്ങളുടെ സംവേദനത്തിൽ "കമോഡിറ്റി" അഥവാ ചരക്കുകളുടെയും ചരക്ക് കൈമാറ്റ നിയമങ്ങളുടെയും പ്രവേശനത്തിന് വഴിവച്ചു. ലിപിയുടെ ആവിഷ്കാരവും പ്രയോഗവും വിജ്ഞാനത്തെയും വിജ്ഞാന വിതരണത്തെയും വാമൊഴിയുടെ പരിമിതിയിൽനിന്നും കുത്തകാധിപത്യത്തിൽനിന്നും വിമുക്തമാക്കാനുള്ള സാഹചര്യമൊരുക്കിയെങ്കിലും ചരക്കുൽപ്പാദന വിതരണ നിയമങ്ങളുടെ ഇടപെടൽ ജനകീയതയ്ക്കും സാർവത്രികതയ്ക്കും വിഘാതമാവുകയും വൈരുധ്യാത്മക വിപരീതമാവുകയും ചെയ്തു.

ലിപി, ആണിയെഴുത്ത്, കരിങ്കൽ, ഇഷ്ടിക, ചെപ്പേട്, തോൽ, ഓല, കടലാസ് എന്നീ ലേഖന പ്രതലങ്ങളിലൂടെ വികാസം തുടർന്നു. പിന്നീട് ചലനക്ഷമമായ അച്ചുകൾ (മൂവബിൾ ടൈപ്പ്) ഉപയോഗിച്ച് ആദ്യം ചൈനക്കാരും പിന്നീട് ജർമനി തൊട്ടുള്ള പടിഞ്ഞാറൻ രാഷ്ട്രങ്ങളും അച്ചടി ഏർപ്പെടുത്തി. വിജ്ഞാനത്തിന്റെ ജനകീയ വ്യാപനക്ഷമത വീണ്ടും വികസിച്ചു. പക്ഷേ അച്ചടിയന്ത്രങ്ങൾക്കും കടലാസ് നിർമിക്കുന്നതിനും മറ്റും മൂലധനം ഒരു ഘടകമായി; അങ്ങനെ ജനകീയതയ്ക്ക് ഒരു പ്രതിബന്ധവും. സമൂഹത്തിലെ വർഗവിഭജനവും കുത്തകാധിപത്യ പ്രവണതയും സംവേദന മേഖലയിലേക്കും പ്രവേശിച്ചു. അച്ചടി മാധ്യമങ്ങളുടെ വൻ വികാസം ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കും അക്ഷരസംവേദനത്തെ പിൻതള്ളി ഛായാസംവേദനത്തിലേക്കും ഉപഗ്രഹ സംവേദനത്തിലേക്കും ബഹിരാകാശ സംവേദനത്തിലേക്കും വ്യാപിച്ചതോടെ വിജ്ഞാനയുഗം, വിവരസാങ്കേതികവിദ്യായുഗം എന്നൊക്കെയുള്ള സങ്കൽപ്പനങ്ങൾ സൂചിപ്പിക്കുന്ന പരിവർത്തനങ്ങൾ മനുഷ്യരാശിയെ ആകമാനം കീഴ്പ്പെടുത്തിയിരിക്കുന്നു. അതോടുകൂടി മൂലധനശേഷി ഈ സംവേദനവിപ്ലവത്തിന് നിർണായകമായിത്തീർന്നിരിക്കുന്നു.

മാധ്യമങ്ങളും മറ്റ് സംവേദനോപാധികളും സംസ്കാരത്തിന്റെ നിസംഗവും നിഷ്പക്ഷവും ആയ വാഹനങ്ങളല്ല. "മാധ്യമം തന്നെയാണ് സന്ദേശം" എന്ന മാർഷൽ മാക്ലുഹാന്റെ ആപ്തവാക്യം അത്യുക്തിയായിരിക്കാമെങ്കിലും അതിൽ സത്യത്തിന്റെ അംശം കുറവല്ല. ആണിയെഴുത്തും അച്ചടിയും ഇലക്ട്രോണിക് സംവേദനവും സംവേദകരുടെ കർത്തവ്യത്തെ എന്നപോലെ സംവേദിതരുടെ സ്വീകരണത്തെയും സ്വാധീനിക്കുന്നു; രൂപത്തെ മാത്രമല്ല ഭാവത്തെയും.

ലോക മാധ്യമരംഗം

ലോക മാധ്യമ മേഖലാപ്രവർത്തനങ്ങളിലേക്ക് മൂലധനവും ചരക്കുൽപ്പാദന വിതരണ നിയമവും വലിയതോതിൽ പ്രവേശിച്ചതോടെ യന്ത്രവൽക്കൃതമായ മറ്റ് ഉൽപ്പാദനരംഗങ്ങളിൽ എന്നപോലെ മാധ്യമരംഗത്തും കുത്തകകൾ ആധിപത്യം ചെലുത്താൻ തുടങ്ങി. ഈ ആധിപത്യം മാധ്യമസ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ മാത്രമായി ഒതുങ്ങുന്നില്ല. സാർവത്രികമായ വ്യാപാരവൽക്കരണത്തിന്റെ ഈ യുഗത്തിൽ മാധ്യമങ്ങൾ വ്യാപാരവൽക്കരണ ശീലങ്ങൾക്ക് വഴിപ്പെടുന്നു. എന്നു മാത്രമല്ല, മാധ്യമബാഹ്യമായ വ്യാപാരപ്രവർത്തനങ്ങളുടെ രംഗമായി മാറുകയും ചെയ്തു. എല്ലാത്തരം മാധ്യമങ്ങളും വിശേഷിച്ച്, ഇലക്ട്രോണിക് മാധ്യമങ്ങളും പരസ്യക്കാരുടെ വിഹാരരംഗം ആവുന്നതോടെ ഉപഭോഗസംസ്കാരത്തിന്റെയും കുത്തകമുതലാളിത്ത വ്യവസ്ഥയുടെയും പ്രചാരകരായി തീരുന്നു. അങ്ങനെ മനുഷ്യജീവിതത്തിന്റെയും ധാർമികബോധത്തിന്റെയും ഈ അവശ്യ ഉപാധി വ്യക്തിഗതമായ ലാഭേച്ഛയാൽ പ്രേരിതരായവരുടെ അധാർമിക ഉപാധിയായും തീർന്നിരിക്കുന്നു.

ഇന്ന് ലോകമാധ്യമങ്ങളിൽ ഭൂരിപക്ഷത്തെയും നിയന്ത്രിക്കുന്നത് അമേരിക്കൻ ഐക്യനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന എട്ടോ പത്തോ ബഹുരാഷ്ട്ര കുത്തകകളാണ്. ലോകമാകമാനം ചിതറിക്കിടക്കുന്ന ചെറുകിട മാധ്യമങ്ങൾ വാർത്തകൾക്കും പരിപാടികൾക്കും ഈ കുത്തകകളെ ആശ്രയിച്ച് അവയുടെ ഒരുതരം ചില്ലറ വിൽപ്പനക്കാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. സ്വാഭാവികമായും ഈ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന വാർത്തകളും പരിപാടികളും കലകളും പടിഞ്ഞാറൻ സാമ്രാജ്യത്വത്തിന്റെയും അവരുടെ ആഗോളവൽക്കരണ നയങ്ങളുടെയും പ്രചരണോപാധിയാണ്. ഈ പ്രചാരവേല അവർ നിർവഹിക്കുന്നത് ആഗോളവൽക്കരണത്തിന്റെ സിദ്ധാന്തങ്ങളെക്കുറിച്ച് യുക്തിയുക്തമായി പ്രഭാഷണം ചെയ്തുകൊണ്ട് മാത്രമല്ല, അവരുടെ വാർത്തകൾ തെരഞ്ഞെടുക്കുന്നതും വിനോദ പരിപാടികൾ ആസൂത്രണം ചെയ്യുന്നതും സൈദ്ധാന്തിക ചർച്ചകൾ സംവിധാനം ചെയ്യുന്നതുമെല്ലാം ഈ മൗലിക ലക്ഷ്യത്തെ മുൻനിർത്തിയാണ്.

ഈ പ്രവണതകൾ മാധ്യമരംഗത്ത് മുമ്പേതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നെങ്കിലും 1980-കളുടെ ആദ്യം ആഗോളവൽക്കരണാദി നയങ്ങൾ സുശക്തമായതോടെയാണ് അവ കൂടുതൽ പ്രകടവും ആപൽക്കരവുമായി തീർന്നത്. ലോക മാധ്യമരംഗത്ത് 1980-കൾ മുതൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ആപൽക്കരമായ മാറ്റങ്ങളെക്കുറിച്ച് എഡ്വേർഡ് ഹെർമാനും റോബർട്ട് മാക്ചെസ്നിയും ചേർന്ന് എഴുതിയ *ദി ഗ്ലോബൽ മീഡിയ* എന്ന കൃതിയിൽ പറയുന്നു:

ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ തുടക്കം മുതൽ തന്നെ ദേശീയ മാധ്യമ വ്യവസായങ്ങളിൽ നാടകീയമായ ഒരു പുനഃസംഘടന ആരംഭിച്ചിരുന്നു. അതോടൊപ്പം കച്ചവടാടിസ്ഥാനത്തിലുള്ള ഒരു യഥാർഥ ആഗോള മാധ്യമ വിപണിയും ഇക്കാലത്ത് വികസിച്ചുവന്നു. ഈ പുതിയ ആഗോള മാധ്യമ വ്യവസ്ഥയിൽ മേധാവിത്തം പുലർത്തുന്നത് മൂന്നോ നാലോ ഡസൻ ബഹുരാഷ്ട്ര ഭീമന്മാരാണ്. ഇവയിൽത്തന്നെ പത്തിൽ താഴെ എണ്ണമാണ് ആഗോള വിപണിയിലെ പടുകൂറ്റന്മാർ. ഏറെയും അമേരിക്ക കേന്ദ്രമാക്കിയുള്ളവയുമാണ്. മാധ്യമ ശക്തിയുടെ ഈ കേന്ദ്രീകരണത്തോടൊപ്പം രണ്ട് കാര്യങ്ങൾകൂടി സംഭവിച്ചു. ഈ രംഗത്തെ സമ്പൂർണമായ കച്ചവടവൽക്കരണം; പൊതുതാൽപ്പര്യ പ്രക്ഷേപണത്തിന്റെ പ്രാധാന്യത്തിലും പൊതുജനസേവന മാനദണ്ഡങ്ങളുടെ പ്രയോഗത്തിലും വന്ന ആപേക്ഷികമായ ചോർച്ച. മാധ്യമശക്തി കേന്ദ്രീകരിച്ചിരിക്കുന്ന ഈ തരം സ്ഥാപനങ്ങൾ പൂർണമായും പരസ്യങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കുന്നതാകയാൽ ഇവയുടെ പ്രാഥമികമായ ഉത്തരവാദിത്തം സ്വന്തം ഓഹരി ഉടമകളോടായിരിക്കും. അതിനാൽത്തന്നെ പൗരന്റെ പൊതുക്കാര്യങ്ങളിലെ പങ്കാളിത്തത്തിനും പൊതു പ്രശ്നങ്ങളെക്കുറിച്ചുള്ള ധാരണയ്ക്കും വ്യക്തമായ ഭീഷണിയാണ് ഈ അവസ്ഥ. അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും ഈ അവസ്ഥ ഭീഷണിയാകുന്നു. (*മാധ്യം ബുക്സ്*, ന്യൂഡൽഹി, 1997)

Since the early 1980s there has been a dramatic restructing of national media industries, along with the emergence of a genuinely global commercial media market. The newly developing global media system is dominated by three or four dozen large Trans National Corporations (TNCs) with fewer than the ten mostly U S based media conglomerates towering over the global market. In addition to the centralisation of media power, the major feature of the global media order is through going commercialism and an associated marked decline in the relative importance of public broadcasting and the applicability of public service standards. Such a concentration of media power in organisation dependent on advertiser support and responsible primarily to share holders is a clear and present danger to citizen's participation in public affairs, understanding of public issues, and thus to the effective working of democracy. (*Madyam Books*, New Delhi, 1997)

ഇന്ത്യൻ മാധ്യമലോകത്തിലെ പത്രപ്രവർത്തകരുടെ മാത്രമല്ല ഉടമസ്ഥരായ പല മുതലാളിമാരുടെയും എതിർപ്പിനെപ്പോലും അവഗണിച്ചുകൊണ്ട് വിദേശമൂലധനത്തിന് അടുത്തയിടെ പ്രവേശനം അനുവദിച്ച ബി ജെ പി നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യസഖ്യ സർക്കാർ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന വിദേശമാധ്യമ കുത്തകകൾക്ക് ഇന്ത്യൻ ജനതയുടെ ആത്മാവിന്റെ കവാടങ്ങൾതന്നെ തുറന്ന് കൊടുത്തിരിക്കുകയാണ്. ഇന്ന് ഇന്ത്യൻ ജീവിതത്തിൽ അഭൂതപൂർവമാംവണ്ണം തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന വർഗീയ ഭ്രാന്തുകൾക്കും മതവൈരങ്ങൾക്കും നവ ഫാഷിസ്റ്റ് നുഴഞ്ഞുകയറ്റങ്ങൾക്കും ആത്മാവിനെ പണയപ്പെടുത്തുന്ന ഈ നടപടി വമ്പിച്ച പ്രോത്സാഹനമായി തീരും.

അർബുദം കരളുന്ന ഇന്ത്യയുടെ ആത്മാവ്

ഏതാനും വർഷങ്ങൾക്കുമുമ്പുപോലും അചിന്ത്യമായ അളവിലാണ് ഇന്ത്യയിൽ ആക്രമണോത്സുകമായ വർഗീയതയും വിഘടന പ്രവണതകളും ഭീകരവാദവും വ്യാപിച്ചുകൊണ്ടിരിക്കുന്നതെന്ന് പറയേണ്ടതില്ലല്ലോ. രാഷ്ട്രീയവും സാംസ്കാരികവുമായ ഈ അപചയത്തിന് പിന്നിലെ പ്രേരകശക്തി ഒരു വിഭാഗം അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളുമാണ്. ചലച്ചിത്രങ്ങൾ, നാടകങ്ങൾ, പുസ്തകങ്ങൾ, കാസറ്റുകൾ മുതലായ മാധ്യമങ്ങളും ഈ ദുഷ്പ്രവണതകൾക്ക് ആക്കം കൂട്ടുന്നു. ഈ പ്രവണതകളുടെ വർഗചായ്വുകളെക്കുറിച്ച് *സംവേദനവും വർഗസമരവും* എന്ന ശ്രദ്ധേയമായ പ്രബന്ധ സമാഹാരത്തിലെ ആമുഖ ഉപന്യാസത്തിൽ അതിന്റെ എഡിറ്റർമാരിൽ ഒരാളായ സേഥ് സെയ്ഗലോബ് എഴുതുന്നു:

> യഥാർഥ മനുഷ്യർ തമ്മിൽ യഥാർഥ സമയത്തും യഥാർഥ സ്ഥലത്തും നടക്കുന്ന സംവേദനം സാമാന്യമായ ഒരു കേവല പ്രതിഭാസമാവാൻ ഒരിക്കലും സാധ്യതയില്ല. ഉൽപ്പാദന പ്രക്രിയയിൽ സ്വന്തം ഇച്ഛാശക്തിക്ക് അതീതമായി ഉൽപ്പാദനശക്തികളുടെ വികാസദശയ്ക്ക് അനുസൃതമായവിധം അനിവാര്യമായി രൂപപ്പെടുന്ന ഉൽപ്പാദനബന്ധങ്ങളെക്കുറിച്ച് മാർക്സ് പറയുന്നത് ഇവിടെ പ്രസക്തമാണ്. അതുപോലെതന്നെ, ആളുകൾ പരസ്പരം സംവേദനത്തിൽ ഏർപ്പെടുമ്പോൾ അവർ സ്വന്തം ഇച്ഛാശക്തിക്ക് അതീതമായി സവിശേഷ സംവേദന ബന്ധങ്ങളിൽ ഏർപ്പെടുന്നു. ആളുകൾ എങ്ങനെയാണ് സംവേദനം നടത്തുക? എവിടെ എപ്പോൾ സംവേദനം നടത്തുന്നു? ആരുമായി സംവേദനം നടത്തുന്നു? ഒരതിർത്തിവരെ അവർ സംവേദനം നടത്തുന്നത് എന്താണ്? എന്തിനാണ്? ചുരുക്കത്തിൽ, അവർ സംവേദനം നടത്തുന്ന രീതി അതായത്, അവർ സംവേദനം

നടത്തുന്ന സമ്പ്രദായം ചരിത്രപരമായ പ്രക്രിയയുടെ ധർമമാണ്. ഈ ചിരപുരാതനമായ പ്രക്രിയ മുഖേന രൂപംകൊണ്ട സംവേദന സമ്പ്രദായം അത് ആദ്യമായി രൂപംകൊണ്ട സാഹചര്യവുമായും പിന്നീടുള്ള വികസനവുമായും ബന്ധപ്പെട്ടിരിക്കുന്നു.

നമ്മുടെ സാമൂഹ്യവ്യവസ്ഥ കരുപ്പിടിപ്പിച്ച സവിശേഷമായ അർഥ കൽപ്പന പ്രകാരം സംവേദനം അഥവാ കമ്യൂണിക്കേഷൻ അർഥ ഗ്രഹണത്തിന് ഗുരുതരമായ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്തുകൊണ്ടെന്നാൽ, സംവേദനം ഉരുവാകുന്ന സാഹചര്യങ്ങളുടെ അനന്ത വൈവിധ്യങ്ങൾ പകർന്നുതരുന്നതിൽ അത് പരാജയപ്പെടുന്നു. (ന്യൂയോർക്ക്, 1979)

Communication, as a bond between real people, taking place in real time and real space, however, can never be a general, abstract phenomenon. Just as, in the words of Marx, "In the social production of their existence mean inevitably enter into definite relations which are independent of their will, namely relations of producion appropriate to a given stage of development of their material forces of production." It can also be said that men and women enter into communication relations which are likewise independent of their individual will. How people communicate, where and when they communicate, with whom they communicate, and even to a certain degree what and why they communicate. In short, the way they communicate. i.e, their mode of communication, is in function of the historical process. Each different communication form produced by this age-old process has been closely tied to the conditions in which it first arose and was later elaborated and generalised.

Even the word "communication", with its present specialised connotation dictated by our form of society, severly limits our comprehension of this ongoing process, for its fails to communicate the great variety of human conditions which give rise to communication. (Newyork, 1979)

സംസ്കാരം എന്നത് വെറും വിശ്രമ വിനോദോപാധിയോ നേരം പോക്കോ അല്ലെന്നും സമൂഹത്തിന്റെ അധികാരഘടനയുമായി ബന്ധപ്പെട്ടതാണെന്നും നിലവിലുള്ള അധികാരഘടന നിലനിർത്തുന്നതിൽ എന്നപോലെ തകർക്കുന്നതിലും സംസ്കാരത്തിന് പങ്കുണ്ടെന്നും ഈ പ്രബന്ധത്തിന്റെ ആദ്യം നൽകിയ വിവരണങ്ങളിൽനിന്ന് ഉരുത്തിരിയുന്നുണ്ട്. ഭാഷാപ്രയോഗങ്ങളിലും അഭിസംബോധനാ സമ്പ്രദായങ്ങളിലും സംഭാഷണശൈലിയിലുമെല്ലാം സംവേദകരും സംവേദിതരും

തമ്മിലുള്ള സമത്വത്തിന്റെയും സ്നേഹവാത്സല്യങ്ങളുടെയും ശത്രുത കളുടെയും ഉച്ചനീചത്വങ്ങളുടെയും അനുരണനങ്ങൾ കണ്ടെത്താനും കേട്ടറിയാനും ഏത് സാധാരണക്കാരനും കഴിയും. സാധാരണ ജനങ്ങളുടെ ഭാഷയ്ക്ക് അപകൃഷ്ടത കൽപ്പിക്കുന്നതും വരേണ്യരുടെ ഭാഷയ്ക്ക് ഉൽക്കൃഷ്ടത കൽപ്പിക്കുന്നതും സമൂഹത്തിലെ ഉച്ചനീചത്വ ബന്ധങ്ങളുടെ പ്രതിഫലനമാണ്. ഒരുകാലത്ത് സംസ്കൃതഭാഷയോടുള്ള അത്യാദരമാണ് വരേണ്യരുടെ അധികാര മുദ്രയെങ്കിൽ ഇപ്പോൾ ആംഗലഭാഷയോടുള്ള ഭ്രമം അതേ സമൂഹധർമം നിർവഹിക്കുന്നു.

അധികാരഘടനയും രാഷ്ട്രീയവും സംസ്കാരവും തമ്മിലുള്ള അവിഭാജ്യമായ കെട്ടുപാടിനെ സംബന്ധിച്ച് ഗ്ലെൻ ജോർദാൻ എന്ന പ്രശസ്ത സാംസ്കാരിക വിമർശകൻ പറയുന്നു:

> സാമൂഹ്യ-സാംസ്കാരിക ജീവിതത്തിൽ സകലതിനും അധികാരവുമായി ബന്ധമുണ്ട്. സാംസ്കാരിക രാഷ്ട്രീയത്തിന്റെ തിരികല്ല് തന്നെ അധികാരമാണ്. സംസ്കാരത്തിന്റെ അവിഭാജ്യഘടകവുമാണത്. ഈ രംഗത്തെ അർഥപൂർണമായ എല്ലാ പ്രയോഗങ്ങളും അധികാരബന്ധങ്ങൾ ഉൾക്കൊള്ളുന്നു. അവ നിലപാടുകളെ വ്യതിരിക്തമാക്കുന്നു. വ്യതിരിക്തതയുടെ രീതികൾ നിശ്ചയിക്കുന്നതും അധികാരബന്ധങ്ങളാണ്. ഒരു പ്രത്യേക പ്രയോഗത്തിൽ ഉൾച്ചേർന്നിട്ടുള്ള അധികാരബന്ധങ്ങൾ സന്തുലിതാവസ്ഥയിൽ ആകാമെങ്കിലും മിക്കപ്പോഴും അത് ആധിപത്യത്തിന്റെയും വിധേയത്വത്തിന്റെയും ബന്ധങ്ങൾ ഉൾക്കൊള്ളാറുണ്ട്. ഒന്നുകിൽ നാം തെരഞ്ഞെടുക്കുന്ന നിലപാടുകളിൽ നിന്നുകൊണ്ട് ഒരു പ്രത്യേക സാമൂഹ്യ പ്രയോഗത്തിൽ അധികാരം നടപ്പാക്കുന്നു. അല്ലെങ്കിൽ മറ്റുള്ളവരുടെ അധികാര പ്രയോഗത്തിന് വിധേയമാകുന്നു. (*കൾച്ചറൽ പൊളിറ്റിക്സ്*, ഓക്സ്ഫോർഡ്, 1995, പേജ് 11)

> Everything in social and cultural life has fundamentally to do with power. Power is at the centre of cultural politics. It is integral to culture. All signifying practices–that is, all practices that have meaning–involve relations of power. They subject positions and modes of subjectivity. But those subject position are not all the same. The power relations inherent in a particular signifying practice may be in a state of equilibirum but more often they involve relations of domination and subordination. We are either active subjects who take up positions from which we can exercise power with in a particular social practice, or we are subjected to the definition of others. (*Cultural Politics*, Oxford, 1995, Page 11)

ഈ ആശയങ്ങളുടെ താത്ത്വിക അടിത്തറ അന്തോണിയോ ഗ്രാംഷി അദ്ദേഹത്തിന്റെ *കാരാഗൃഹക്കുറിപ്പുകളിൽ* വിശദീകരിക്കുന്നുണ്ട്. സമൂഹത്തിലെ മേൽക്കോയ്മ കയ്യാളുന്ന വർഗത്തിന്റെ ആശയങ്ങളാണ് ആ സമൂഹത്തിലെ നേതൃത്വാശയം എന്ന കാൾ മാർക്സിന്റെ ചിന്തയെ ഗ്രാംഷി അതിന്റെ നാനാവിധ മേഖലകളിലും ഉള്ള അർഥതലങ്ങളെ അനാവരണം ചെയ്ത് വിശദീകരിക്കുന്നു. ആശയങ്ങളുടെയും ആദർശങ്ങളുടെയും അതുകൊണ്ട് സംസ്കാരത്തിന്റെ ആകെയും വിഹാര രംഗവും സമരഭൂമിയുമായ സിവിൽ സൊസൈറ്റി അഥവാ പൗരസമൂഹത്തിൽ മേൽക്കോയ്മ നേടാതെ അധികാരഘടനയുടെ മേഖലയായ പൊളിറ്റിക്കൽ സൊസൈറ്റി അഥവാ രാഷ്ട്രീയ സമൂഹത്തിന് വിജയിക്കാനാവില്ലെന്ന് ഗ്രാംഷി സമർഥിക്കുന്നു. ഈ കാര്യം നിലനിൽക്കുന്ന വ്യവസ്ഥയുടെ സംരക്ഷകരെപ്പോലെതന്നെ അതിനെ ഇളക്കിമറിക്കാൻ ആഗ്രഹിക്കുന്നവരും അറിഞ്ഞിരിക്കണം എന്നാണ് ഗ്രാംഷിയുടെ നിർദേശം.

ഗ്രാംഷി ഇതൊക്കെ കണ്ടെത്തി പുരോഗമന മാനവരാശിക്കുവേണ്ടി വിവരിച്ചുകൊടുക്കുന്നതിനു മുമ്പുതൊട്ടേ സ്ഥാപിത താൽപ്പര്യക്കാരും കുത്തകക്കാരും ഈ വസ്തുത മനസിലാക്കി പ്രവർത്തിച്ച് തുടങ്ങിയിരുന്നു എന്ന് മാധ്യമചരിത്രം പഠിക്കുന്നവർക്ക് ബോധ്യമാകും.

മാധ്യമങ്ങളെയും സംസ്കാരത്തെയും കുറിച്ച് ആഴത്തിൽ പഠനം നടത്തിയിട്ടുള്ള ഡഗ്ലസ് കെൽനർ ഇക്കാര്യം ഇപ്രകാരം വിവരിക്കുന്നു:

> മാധ്യമസംസ്കാരത്തിൽ റേഡിയോയും ശബ്ദത്തിന്റെ പുനരുൽപ്പാദനവും ഉൾപ്പെടുന്നു. (കാസറ്റ്, സിഡി എന്നിവയും അവയുടെ വിതരണസാമഗ്രികളായ ടേപ്പ് റിക്കോർഡറും റേഡിയോയും മറ്റും) കൂടാതെ, ചലച്ചിത്രങ്ങളും അവയുടെ വിതരണസമ്പ്രദായങ്ങളും (സിനിമാശാലകൾ, വീഡിയോ കാസറ്റുകൾ, ടി വി സംപ്രേഷണം); മാസികകളും വർത്തമാനപത്രങ്ങളും ഉൾപ്പെടുന്ന അച്ചടി മാധ്യമം—ഇവയുടെ കേന്ദ്ര സ്ഥാനം വഹിക്കുന്ന ടി വി മാധ്യമവും. മാധ്യമ സംസ്കാരം ഒരു പ്രതിഛായ സംസ്കാരമാണ്. അത് പലപ്പോഴും ശബ്ദവും ദൃശ്യവും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. റേഡിയോ, സിനിമ, ടെലിവിഷൻ, സംഗീതം, അച്ചടിമാധ്യമം ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ ഒന്നുകിൽ ദൃശ്യങ്ങൾക്ക് പദവി കൽപ്പിക്കുന്നു അല്ലെങ്കിൽ രണ്ടും (ദൃശ്യവും ശബ്ദവും) ഇടകലർത്തുന്നു. അവ വികാരങ്ങളെയും ആശയങ്ങളെയും ചലിപ്പിക്കുന്നു. മാധ്യമസംസ്കാരം ഒരു വ്യാവസായിക സംസ്കാരമാണ്. അതിന്റെ ഉൽപ്പാദനം വൻതോതിൽ സംഘടിപ്പിക്കപ്പെടുന്നു, വൻതോതിൽ ആൾക്കൂട്ടങ്ങൾക്കുവേണ്ടി. അതിനായി വ്യാവസായിക കീഴ്വഴക്കങ്ങളെയും ചട്ടവട്ടങ്ങളെയും

ആശ്രയിക്കുന്നു. അങ്ങനെ അത് ഒരു വ്യാപാര സംസ്കാരമാണ്. അതിന്റെ ഉൽപ്പാദനങ്ങളാകട്ടെ, മൂലധനസമ്പ്രദായത്തിൽ ദത്ത ശ്രദ്ധരായ കൂറ്റൻ കമ്പനികളുടെ സ്വകാര്യ ലാഭത്തിന് വഴിവ യ്ക്കുന്നു. മാധ്യമ സംസ്കാരം വലിയ ജനസഞ്ചയത്തെയാണ് ഉന്നംവയ്ക്കുന്നത്. അതുകൊണ്ട് അത് സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുകയും സമകാലിക സാമൂഹിക ജീവിതത്തിന്റെ ചിത്രലിപികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.

അതോടൊപ്പം മാധ്യമസംസ്കാരം ഹൈ-ടെക് അഥവാ അത്യാ ധുനിക സാങ്കേതിക വിദ്യാസംസ്കാരം കൂടിയാണ്. സമ്പദ്വ്യവ സ്ഥയിലെ ഊർജസ്വലമായ ഒരു മേഖലയാണത്. അത് അങ്ങേ യറ്റം ലാഭകരവും ആഗോളതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റുന്നതു മാണ്. അങ്ങനെ മാധ്യമസംസ്കാരം എന്നത് ഒരു 'ടെക്നോ കൾച്ചർ' അഥവാ സാങ്കേതികവിദ്യാ സംസ്കാരമാണ്. അത് സംസ്കാരത്തെയും സാങ്കേതികവിദ്യയെയും സംയോജിപ്പിച്ച് പുതിയ രൂപങ്ങളും സമുച്ചയങ്ങളും സൃഷ്ടിക്കുന്നു. അങ്ങനെ അത് മാധ്യമങ്ങളും സാങ്കേതികവിദ്യയും നിർണായക സംഘ ടനാ തത്ത്വങ്ങളായി മാറുന്ന ഒരു പുതിയതരം സമൂഹത്തെ വാർ ത്തെടുക്കുകയും ചെയ്യുന്നു. (*മീഡിയാ കൾച്ചർ, കൾച്ചർ സ്റ്റഡീസ് ഐഡന്റിറ്റി ആന്റ് പൊളിറ്റിക്സ് ബിറ്റ്വീൻ ദി മോഡേൺ ആന്റ് പോസ്റ്റ്മോഡേണിസം*, റൂട്ട്ലെഡ്ജ്, ലണ്ടൻ, 1995)

Media culture consists of systems of radio and the reproduction of sound (albums, casettes, CDs and their instruments of dissemination such as radio, casette recorders and so on); of film and its modes of distributions (theatrical playing, video-casette rental, TV showing); of print media ranging from newspapers to magazines; and to the system of television which stands at the centre of media culture. Media culture is a culture of the image and often deploy sight and sound. The various media-radio, film, television, music and print media such as magazines, newspapers and comic books-privilege either sight or mix the two senses. Playing as well on a broad range of emotions, feelings and ideas. Media culture is industrial culture, organised on the model of mass production and is produced for a mass audience according to types (genres), following conventional formulas, codes and rules. It is thus a form of commercial culture and its products are commodities that attempt to attract private profit produced by giant corporations interested in the accumulation of capital. Media culture aims

at a large audience. Thus it must resonate to current themes and concerns and is highly topical, providing hieroglyphics of contemporary social life.

But media culture is also a high-tech culture, deploying the most advanced technologies. It is a vibrant sector of the economy, one of the most profitable sectors and one that is attaining global prominence. Media culture is thus a form of techno culture that merge culture and technology in new forms and configurations, producing new types of societies in which media and technology become organising principles. (*Media culture, Culture Studies Identity and Politics Between the Modern and Post Modern*, Routledge, London, 1995.)

ഉപസംഹാരം

ആഗോളവൽക്കരണത്തിന്റെ ഈ മാധ്യമ മുന്നണിയെ ചെറുത്തു തോൽപ്പിക്കാതെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക പ്രത്യാഘാതങ്ങളെ ചെറുത്തുതോൽപ്പിക്കാൻ കഴിയില്ല. വർഗസമരങ്ങളും ബഹുജനസമരങ്ങളും മറ്റും അനുപേക്ഷണീയം തന്നെ. പക്ഷേ, അവയുടെ പുരോഗതിയിൽ സംസ്കാരവും മാധ്യമങ്ങളും നിർണായക പങ്ക് വഹിക്കുന്നു. ഇക്കാര്യം കണ്ടുകൊണ്ട് കേരളത്തിലെ പുരോഗമന കലാസാഹിത്യസംഘം 1992-ൽ അംഗീകരിച്ച *പുതിയ കാലഘട്ടവും പുതിയ കാഴ്ചപ്പാടും* എന്ന രേഖ ചില കർമമാർഗങ്ങൾ നിർദേശിക്കുന്നുണ്ട്. ആഗോളവൽക്കരണത്തിന്റെ കടന്നാക്രമണം ഇത്രയും രൂക്ഷമാവുന്നതിനും, അയോധ്യയിലെ ആരാധനാലയ ധ്വംസനത്തിനും, സ്വകാര്യ ടെലിവിഷൻ ചാനലുകൾ ഇത്രയേറെ പെരുകുന്നതിനും മുമ്പ് അംഗീകരിച്ച ഈ രേഖയിൽ ചില പരിമിതികൾ ഉണ്ടാവാമെങ്കിലും അതിൽ നൽകുന്ന കാഴ്ചപ്പാട് ഇപ്പോഴും ഏറെക്കുറെ കൃത്യമായി തുടരുന്നു. താഴെ ചേർക്കുന്ന രണ്ടു ഖണ്ഡികകൾ ആ രേഖയിൽനിന്നുള്ള ഉദ്ധരണികളാണ്:

> 2.3 അച്ചടിമാധ്യമങ്ങളുടെയും ഇലക്ട്രോണിക് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും അത്യാധുനിക യന്ത്രവൽക്കരണം മൂലം അവ കൂറ്റൻ കുത്തകകളുടെ കൈപ്പാവകളായി മാറിയിരിക്കുന്നു. പരസ്യത്തിന്റെ കുറവും മൂലധനക്ഷാമവും മൂലം ചെറുകിട മാധ്യമങ്ങൾ രംഗത്തുനിന്ന് നിഷ്ക്രമിക്കുകയാണ്. ഇനിയും നശിക്കാതെ പിടിച്ചുനിൽക്കുന്ന ജനകീയ മാധ്യമങ്ങളും നാടോടി വേദികളും ദുർവഹമായ മൂലധനഭാരംകൊണ്ട് ഞെരിഞ്ഞമരുകയാണ്. നാടോടികലയും സാഹിത്യവും വ്യാപകമായ സമാന്തര സംസ്കാരമെന്ന നിലവിട്ട് കൂറ്റൻ ദൃശ്യ-ശ്രാവ്യ കമ്പനിക

ളുടെ കൗതുകവസ്തുക്കളായി തരംതാഴുന്നു. കലയും സാഹിത്യവും ഇതര സാംസ്കാരികരൂപങ്ങളും വ്യവസായ-വാണിജ്യ സംരംഭങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഈ പടുകൂറ്റൻ സാംസ്കാരിക വ്യവസായ യന്ത്രത്തോട് മല്ലടിക്കുക അനായാസമല്ലെങ്കിലും അസാധ്യമല്ല. അതിവിപുലമായ തോതിൽ സമാന്തര ജനകീയ മാധ്യമങ്ങളും നാടോടി വേദികളും ഗ്രാമഗ്രാമാന്തരങ്ങളിലും നഗരങ്ങളിലും കെട്ടിപ്പടുക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. അതോടൊപ്പം കഴിയുന്നത്ര തോതിൽ ഈ മാധ്യമങ്ങൾ ജനകീയ സാംസ്കാരിക പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

2.4 സ്വകാര്യ മാധ്യമങ്ങൾക്കുപുറമെ സർക്കാർ ഉടമസ്ഥതയിലുള്ള ആകാശവാണിയും ദൂരദർശനും വർഗീയതയ്ക്കും വിഘടനവാദത്തിനും പുനരുജ്ജീവന വാസനകൾക്കും വളംവയ്ക്കുകയാണ്. കൂടാതെ വൻകിട കുത്തകകളുടെ പ്രചാരവേലയിൽ ഉപഭോക്തൃസംസ്കാരം പരസ്യങ്ങളിലൂടെയും 'സ്പോൺസേഡ്' പരിപാടികളിലൂടെയും പ്രചരിപ്പിക്കുന്നു. ഈ ദൂരദർശൻ കുത്തകബന്ധം വാർത്തകളെയും വിവാദങ്ങളെയും ബാധിക്കുന്നു. കലയുടെയും സാഹിത്യത്തിന്റെയും പൊടിപ്പും തൊങ്ങലും ചേർത്ത് അലങ്കരിച്ച കുത്തക പ്രചാരണമാധ്യമങ്ങളായി ആകാശവാണിയും ദൂരദർശനും അധഃപതിക്കുന്നു. ദൂരദർശനും ആകാശവാണിക്കും സ്വയംഭരണവും സ്വാതന്ത്ര്യവും നൽകാനുള്ള പ്രസാർഭാരതി നിയമം ഇതിനകം പരണത്ത് വച്ചുകഴിഞ്ഞു. വൈദേശിക സംഘടനകളായ സ്റ്റാർ ടി വിയും കേബിൾ ന്യൂസ് നെറ്റ് വർക്കും (സി എൻ എൻ) മഹാമാരി പോലെ പടരുന്ന കേബിൾ ടി വിയും ചേർന്ന് സൃഷ്ടിക്കുന്ന മാധ്യമ പരിസ്ഥിതി ജനലക്ഷങ്ങളുടെ ആത്മാവിനെ അനുദിനം അടിമപ്പെടുത്തുകയാണ്. ഈ അവസ്ഥയെ നേരിടാനായി ഈ സർക്കാർ മാധ്യമങ്ങളോടും ബഹുരാഷ്ട്ര മാധ്യമങ്ങളോടും വിമർശനപരമായ മനോഭാവം ജനങ്ങളിലുളവാക്കാനും മാധ്യമവിമർശനം പ്രധാന സാംസ്കാരിക കർത്തവ്യമാക്കാനും പുരോഗമന കലാസാഹിത്യസംഘം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

ധീരമായ പ്രഖ്യാപനമാണിതെങ്കിലും അത് നടപ്പിൽ വരുത്തുക എന്നത് അനായാസമല്ലെന്നും രേഖ കാണുന്നുണ്ട്. പക്ഷേ അത്തരം വൈഷമ്യങ്ങളുടെയും പ്രതിബന്ധങ്ങളുടെയും മുമ്പിൽ പകച്ചുനിൽക്കാൻ നമുക്കാവുകയില്ലല്ലോ. രേഖയിലെ മാധ്യമ ചർച്ചാഭാഗം ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്:

പരസ്യക്കാരുടെ പിൻബലത്തോടെ ലക്ഷക്കണക്കിന് അടിച്ചിറ

ക്കുന്ന "മാസ് സർക്കുലേഷൻ" വാരികകളും ഓഡിയോ-വീഡിയോ കാസറ്റുകളും വീഡിയോ മാഗസീനുകളും കേബിൾ ടി വി തുടങ്ങിയവയും ഇന്ന് വർഗീയവാദികളുടെയും വിഘടന കലാപകാരികളുടെയും സ്വകാര്യവൽക്കരണ പ്രമാണികളുടെയും അതിശക്തമായ പ്രചാരണോപാധിയായിത്തീർന്നിരിക്കുന്നു. ഭീമമായ മൂലധനനിക്ഷേപം ആവശ്യമുള്ള ഈ രംഗത്ത് നിസ്വരുടെയും അധഃസ്ഥിതരുടെയും പ്രസ്ഥാനത്തിന് എന്ത് ചെയ്യാൻ കഴിയും? ഇന്ന് നമ്മെ നേരിടുന്ന വലിയ വെല്ലുവിളികളിൽ പ്രധാനമാണിത്. നമുക്ക് പ്രതിഭയ്ക്കോ പ്രത്യയശാസ്ത്രത്തിനോ കുറവില്ല. എന്നാൽ മൂലധനമെവിടെ?

ആത്യന്തിക വിശകലനത്തിൽ മൂലധനം ഒരു സംഘടനാപ്രശ്നമാണ്. ജനകീയ സംഘടനയുടെ പ്രശ്നം ഗ്രാമഗ്രാമാന്തരങ്ങളെയും നഗരങ്ങളിലെ ദരിദ്ര്യമേഖലകളെയും വ്യാപകമായ സമാന്തര സാംസ്കാരിക സംഘടനകൾകൊണ്ട് ഉണർത്തുകയും വിനോദിപ്പിക്കുകയും മൂലധന മാധ്യമങ്ങളുടെ ദുസ്വാധീനത്തിൽ നിന്ന് കഴിയുന്നത്ര മോചിപ്പിക്കുകയും ചെയ്യുക—ചുരുങ്ങിയ പക്ഷം അവയെ വിമർശിക്കാനുള്ള കരുത്തും കഴിവും നൽകുക. ഇവിടെ ആയുധംവച്ച് അടിയറവു പറയാൻ നാം തയ്യാറല്ലതന്നെ.

പുരോഗമന കലാസാഹിത്യ സംഘത്തിന്റെ രേഖയിലെ ഈ കാഴ്ചപ്പാട് ആഗോളവൽക്കരണത്തെയും സാംസ്കാരിക അധഃപതനത്തെയും എതിർത്ത് സ്വാതന്ത്ര്യത്തിന്റെയും സ്വാശ്രയത്വത്തിന്റെയും സാംസ്കാരിക തനിമ വളർത്തിയെടുക്കാൻ പ്രവർത്തിക്കുന്നവർക്കെല്ലാം വഴികാട്ടിയാവും എന്ന് പ്രത്യാശിക്കുന്നു. ■

11 സ്വാതന്ത്ര്യവും സംസ്കാരവും

സംസ്കാരത്തിന്റെ വികാസത്തിന് അത്യന്താപേക്ഷിതമാണ് ആശയ സംഘർഷങ്ങൾക്കും സർഗക്രിയകൾക്കും അവസരമൊരുക്കുന്ന സ്വതന്ത്രവും സ്വച്ഛന്ദവുമായ സാമൂഹ്യവ്യവസ്ഥ. കാറ്റും വെളിച്ചവും കയറാത്ത, അടച്ചുപൂട്ടിയ അറകൾപോലുള്ള സാമൂഹ്യ, രാഷ്ട്രീയ വ്യവസ്ഥകളിൽ (ഉദാഹരണത്തിന്, യൂറോപ്പിലെ "ഇരുണ്ട യുഗം" എന്ന് വിശേഷിപ്പിക്കപ്പെടുന്ന മധ്യകാലങ്ങളിലും "നാവടക്കൂ പണിയെടുക്കൂ" എന്ന് അനുശാസിക്കുന്ന ഇന്ത്യയിലെ അടിയന്തരാവസ്ഥക്കാലത്തും ഫാഷിസ്റ്റ്-നാസി സംവിധാനങ്ങളിലും മറ്റും) അവയ്ക്കെതിരായ പ്രത്യക്ഷവും പരോക്ഷവുമായ ചെറുത്തുനിൽപ്പുകൾ സാംസ്കാരിക മുന്നേറ്റത്തിന് വഴിവയ്ക്കും. വർഗ വിഭക്ത സമൂഹങ്ങളിൽ അധീശവർഗത്തിനെതിരായ ചലനങ്ങളും സൃഷ്ടികളുമാണ് സാംസ്കാരിക പുരോഗതിക്ക് ആധാരം.

ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടും ആഭ്യന്തര ശത്രുക്കളുടെ തുരപ്പൻ വേലകളാൽ ഭീഷണി നേരിട്ടും കഴിയുന്നതുമൂലം സോഷ്യലിസ്റ്റ് വ്യവസ്ഥകൾ ചിലപ്പോൾ സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നിർബന്ധിതമാകാറുണ്ട് എങ്കിലും സോഷ്യലിസ്റ്റ് സാമൂഹ്യാദർശം സ്വാതന്ത്ര്യത്തിനും ഭിന്നാഭിപ്രായ പ്രകടനങ്ങൾക്കും ആശയ സംഘർഷങ്ങൾക്കും എതിരല്ലായെന്ന് ആചാര്യന്മാർ വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, ചൈനീസ് സാമൂഹ്യ, രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ചുള്ള തന്റെ ഉദാത്ത സങ്കൽപ്പം ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെ വിജയത്തിനുശേഷം ഒമ്പതുവർഷം പിന്നിട്ടപ്പോൾ മൗ സേ ദോങ് ഇപ്രകാരം വിവരിക്കുകയുണ്ടായി:

"നൂറു പുഷ്പങ്ങൾ വിരിയട്ടെ, നൂറ് ചിന്താസരണികൾ തമ്മിൽ മത്സരിക്കട്ടെ", "ദീർഘകാല സഹവർത്തിത്വവും പരസ്പര മേൽനോട്ടവും പുലരട്ടെ" എന്നീ മുദ്രാവാക്യങ്ങൾ എങ്ങനെ മുന്നോട്ടു വയ്ക്കപ്പെട്ടു? ചൈനയിലെ പ്രത്യേക സാഹചര്യങ്ങളുടെ വെളിച്ചത്തിലും സോഷ്യലിസ്റ്റ് സമൂഹത്തിൽ ഇപ്പോഴും വിവിധതരം വൈരുധ്യങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് കണ്ടറിഞ്ഞതിന്റെ അടിസ്ഥാനത്തിലുമാണ് ഇവ മുന്നോട്ടുവയ്ക്കപ്പെട്ടത്. നൂറു പുഷ്പങ്ങൾ വിരിയട്ടെ, നൂറ് ചിന്താസരണികൾ തമ്മിൽ മത്സരിക്കട്ടെ എന്ന നയം കലകളുടെയും ശാസ്ത്രങ്ങളുടെയും വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും നമ്മുടെ രാജ്യത്ത് സോഷ്യലിസ്റ്റ് സംസ്കാരം തഴച്ചുവളരുന്നതിനും വേണ്ടിയുള്ള ഒന്നാണ്. കലയുടെ രംഗത്ത് വ്യത്യസ്ത രൂപങ്ങളും രചനാരീതികളും സ്വതന്ത്രമായി വളരുകയും ശാസ്ത്രരംഗത്ത് വ്യത്യസ്ത ചിന്താഗതികൾ സ്വതന്ത്രമായി മത്സരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. കലയിൽ ഒരു പ്രത്യേക രചനാരീതിയോ ഒരു പ്രത്യേക ചിന്താസരണിയോ അടിച്ചേൽപ്പിക്കുന്നതിനും മറ്റൊന്ന് നിരോധിക്കപ്പെടുന്നതിനും ഭരണപരമായ നടപടികൾ ഉപയോഗിക്കപ്പെടുന്നത് ശാസ്ത്രത്തിന്റെയും കലയുടെയും വളർച്ചയ്ക്ക് ദോഷകരമാണെന്നാണ് നമ്മുടെ അഭിപ്രായം. കലയിലും ശാസ്ത്രത്തിലുമുള്ള തെറ്റിന്റെയും ശരിയുടെയും പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് ആ രംഗങ്ങളിൽ നടക്കുന്ന സ്വതന്ത്രമായ ചർച്ചകളിലൂടെയും പ്രായോഗിക പ്രവർത്തനങ്ങളിലൂടെയുമായിരിക്കണം. വിശദമായ ചർച്ചകളില്ലാതെ അവ പരിഹരിക്കപ്പെടാൻ പാടില്ല. ഏതെങ്കിലുമൊന്ന് തെറ്റോ ശരിയോ എന്നു തീരുമാനിക്കുന്നതിന് പലപ്പോഴും പരീക്ഷണത്തിന്റെ ഒരു കാലഘട്ടം കൂടിയേ തീരൂ. പുതിയതും ശരിയുമായ കാര്യങ്ങൾക്ക് ഭൂരിപക്ഷം ജനങ്ങളുടെ അംഗീകാരം ലഭിക്കാൻ ആരംഭത്തിൽ പലപ്പോഴും കഴിഞ്ഞിട്ടില്ലെന്നും മത്സരത്തിൽ അവ തിരിഞ്ഞും മറിഞ്ഞുമാണ് വളരേണ്ടിവന്നിട്ടുള്ളതെന്നുമുള്ളത് ചരിത്രത്തിലാകെ കണ്ടിട്ടുള്ളതാണ്. ശരിയും നല്ലതുമായ കാര്യങ്ങളെ പലപ്പോഴും ആരംഭത്തിൽ സുഗന്ധപുഷ്പങ്ങളായല്ല, വിഷച്ചെടികളായാണ് കരുതപ്പെടുന്നത്. സൗരയൂഥത്തെ സംബന്ധിച്ച കോപ്പർനിക്കസിന്റെ സിദ്ധാന്തവും ഡാർവിന്റെ പരിണാമവാദവും ഒരിക്കൽ തെറ്റായി പുറംതള്ളപ്പെട്ടു. കടുത്ത എതിർപ്പിലൂടെയാണ് അവ വിജയം നേടിയത്. അതുപോലത്തെ നിരവധി ഉദാഹരണങ്ങൾ ചൈനീസ് ചരിത്രത്തിൽ കാണാൻ കഴിയും. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ പുതിയതിന്റെ വളർച്ചയ്ക്കുള്ള സാഹചര്യങ്ങൾ പഴയ

സമൂഹത്തിലേതിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തവും കൂടുതൽ മെച്ചപ്പെട്ടതുമാണ്. ഇങ്ങനെയാണെങ്കിലും പുതിയതും ഉയർന്നുവരുന്നതുമായ ശക്തികളെ പിന്നോട്ടുപിടിക്കുകയെന്നതും യുക്തിസിദ്ധമായ നിർദേശങ്ങൾ ഞെരുക്കപ്പെടുകയെന്നതും സാധാരണ സംഭവിക്കുന്ന കാര്യങ്ങളാണ്. കൂടാതെ, മനഃപൂർവമായ അടിച്ചമർത്തലില്ലെങ്കിലും ദീർഘവീക്ഷണമില്ലായ്മമൂലം പുതിയ കാര്യങ്ങളുടെ വളർച്ച തടയപ്പെടാനിടയുണ്ട്. അതുകൊണ്ട്, കലകളിലും ശാസ്ത്രങ്ങളിലുമുള്ള തെറ്റിന്റെയും ശരിയുടെയും പ്രശ്നങ്ങളെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതും സ്വതന്ത്രമായ ചർച്ചകളെ പ്രോത്സാഹിപ്പിക്കേണ്ടതും പെട്ടെന്ന് നിഗമനങ്ങളിലെത്തുന്നത് ഒഴിവാക്കേണ്ടതും ആവശ്യമാണ്. ഇപ്രകാരമുള്ള ഒരു മനോഭാവം ശാസ്ത്രങ്ങളുടെയും കലകളുടെയും താരതമ്യേന സുഗമമായ വളർച്ചയെ സഹായിക്കുമെന്ന് നാം വിശ്വസിക്കുന്നു. (*ജനങ്ങൾക്കിടയിലെ വൈരുധ്യങ്ങളെപ്പറ്റി*, 1957)

സോഷ്യലിസം ജനാധിപത്യത്തിന്റെ നിഷേധമല്ല; സാക്ഷാൽക്കാരവും പൂർത്തീകരണവുമാണ്. ബൂർഷ്വാവ്യവസ്ഥയിൽ ജനാധിപത്യം ഔപചാരികവും സങ്കുചിതവുമായ അർഥത്തിൽ രാഷ്ട്രീയവും ആണ്. അതായത്, ഭിന്നാഭിപ്രായം പ്രകടിപ്പിക്കാൻ ആർക്കും സ്വാതന്ത്ര്യം ഉണ്ട്. നിയമത്തിന്റെ മുമ്പിൽ പണ്ഡിതനും പാമരനും എന്നപോലെ പണക്കാരനും പാവപ്പെട്ടവനും തുല്യരാണ്. സ്വത്തും പദവിയും നോക്കാതെ സകലമാന പൗരർക്കും വോട്ടവകാശം എന്നിങ്ങനെ പോകുന്നു ഔപചാരികമായ ജനാധിപത്യ സമത്വവും അവകാശങ്ങളും. പക്ഷേ, സാമ്പത്തികമായ ഉച്ചനീചത്വം ഈ അവകാശങ്ങളെയും സമത്വത്തെയും ഫലത്തിൽ വ്യർഥമാക്കുന്നു. നിയമത്തിന്റെ മുമ്പിൽ സകലരും തുല്യരാണെങ്കിലും കേസ് വാദിക്കാൻ കഴിവുള്ള വക്കീലന്മാരെ ഏർപ്പെടുത്താനും മറ്റും ദരിദ്രരായ കക്ഷികൾക്ക് കഴിവില്ലാത്തതിനാൽ തുല്യനീതിയുടെ തുലാസ് പണക്കാരന്റെ ഭാഗത്തേക്ക് കൂടുതൽ ചായുന്നു. ഇന്ത്യയിലെ പഴയ ഫ്യൂഡൽ സവർണവാഴ്ചക്കാലത്തെ നിയമസംഹിതയായ *മനുസ്മൃതി* ഒരേ കുറ്റം ചെയ്ത ബ്രാഹ്മണനും ശൂദ്രനും രണ്ടു ശിക്ഷകൾ വിധിക്കുമ്പോൾ ബൂർഷ്വാ ജനാധിപത്യയുഗത്തിലെ നിയമസംഹിതകളിൽ ഇരുകൂട്ടർക്കും ഒരേ ശിക്ഷതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ, മേൽ ചൂണ്ടിക്കാട്ടിയ പരാധീനതമൂലം ഈ സമത്വം പാവപ്പെട്ടവന് പലപ്പോഴും ലഭിക്കില്ല. അതുപോലെതന്നെ, സാർവത്രികമായ പ്രായപൂർത്തിവോട്ടവകാശത്തിന്റെ കാര്യവും. തിരഞ്ഞെടുപ്പിൽ സ്ഥാനാർഥി ആകണമെങ്കിൽത്തന്നെ ഒരു തുക കെട്ടിവയ്ക്കണം എന്നും തിരഞ്ഞെടുപ്പ് പ്രചാരവേലകൾക്ക് ചെലവേറിയ മാധ്യമസ്വാധീനവും മറ്റ് പ്രചാരണ

സാമഗ്രികളും ആവശ്യമാകയാൽ ദരിദ്രപക്ഷം പലപ്പോഴും പ്രതിരോധാവസ്ഥയിലാണ്.

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ശൈലിയിലുള്ള സോഷ്യലിസത്തെ തൊഴിലാളിവർഗ "സർവാധിപത്യം" എന്നു വിശേഷിപ്പിക്കുന്നത് അത് സാധാരണരീതിയിലുള്ള ബൂർഷ്വാ സർവാധിപത്യമോ പട്ടാള സർവാധിപത്യമോ ഫാഷിസ്റ്റ് സർവാധിപത്യമോ പോലെ ആയതുകൊണ്ടല്ല. വാസ്തവത്തിൽ അത് ബഹുഭൂരിപക്ഷത്തിന്റെ ജനാധിപത്യം തന്നെയാണ്. സർവാധിപത്യം എന്ന പ്രയോഗം ഒരു സവിശേഷ അർഥത്തിലാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ ഉപയോഗിച്ചുവരുന്നത്. എല്ലാ ഭരണകൂടങ്ങൾക്കും നിലനിൽപ്പിന് മറ്റെന്തെങ്കിലും ബലപ്രയോഗത്തിനുള്ള ഉപാധികൾ ആവശ്യമാണ്—പട്ടാളം, പൊലീസ്, കോടതി, കാരാഗൃഹം, വിവിധ തരത്തിലുള്ള ആയുധ സാമഗ്രികൾ മുതലായവ. അതുകൊണ്ട് ഭരണകൂടം എന്നത് ഒരു വർഗമോ ഒരു സംഘമോ സർവാധികാരിയായ ഒരു വ്യക്തിയോ മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാൻ നിർമിച്ചിട്ടുള്ള ഒരു ഹിംസയുടെ സംഘടനയാണ്. ഈ ഹിംസ ഇല്ലാതാകണമെങ്കിൽ ഭരണകൂടം എന്ന മർദനായുധംതന്നെ ഇല്ലാതാകണം. അങ്ങനെ ഇല്ലാതാകുന്ന വ്യവസ്ഥയാണ് കമ്യൂണിസ്റ്റ് സാമൂഹ്യ വ്യവസ്ഥ. സമ്മർദമോ ഹിംസയോ ഭീഷണിയോ കൂടാതെ ജനങ്ങളാകെ സ്വയമേവ സഹകരിച്ചും സ്നേഹിച്ചും ഉൽപ്പാദനം നടത്തിയും സംസ്കാരം പുലർത്തിയും കഴിഞ്ഞുകൂടുന്ന ഒരു ആദർശലോകമാണ് കമ്യൂണിസം. ഓരോരുത്തർക്കും താന്താങ്ങൾക്ക് കഴിയുംവിധം അധ്വാനിക്കുകയും ആവശ്യമനുസരിച്ച് സമൂഹത്തിൽനിന്നും ഓഹരി സ്വീകരിച്ച് കഴിഞ്ഞുകൂടുകയും ചെയ്യുന്ന ആദർശലോകം. ഇങ്ങനെ ഒരു ലോകം സാധിതപ്രായം ആകണമെന്നുതന്നെയാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ വിശ്വസിക്കുന്നത്.

സമത്വസുന്ദരവും സർവതന്ത്രസ്വതന്ത്രവും ആയ ഈ കമ്യൂണിസ്റ്റ് വ്യവസ്ഥയിലേക്കുള്ള ചുവടുവയ്പുകളാണ് ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥയും ജനകീയ ജനാധിപത്യ വ്യവസ്ഥയും സോഷ്യലിസ്റ്റ് വ്യവസ്ഥയും എല്ലാം. ഈ വ്യവസ്ഥകൾക്കുള്ളിൽ വർഗവ്യത്യാസം നിർമാർജനം ചെയ്യപ്പെടുന്നില്ല. ബൂർഷ്വാ ജനാധിപത്യവ്യവസ്ഥയിൽ ബൂർഷ്വാ വർഗവും ജനകീയ ജനാധിപത്യവ്യവസ്ഥയിൽ ദേശീയ ബൂർഷ്വാസിയും ഇടത്തരക്കാരും ഉൾപ്പെടെയുള്ള ഭരണസഖ്യത്തിന്റെ നേതാവ് എന്ന നിലയിൽ തൊഴിലാളിവർഗവും സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ സ്വത്തുടമവർഗങ്ങളെയെല്ലാം ഒഴിവാക്കി തൊഴിലാളിവർഗവും ഭരണം നടത്തുന്നു. ഇവയെല്ലാം വർഗാധിപത്യങ്ങൾ ആകയാൽ ഭരണകൂടവും അതിന്റെ അനിവാര്യഘടകമായ മർദനോപാധികളും ഉണ്ടായേ തീരൂ. സോഷ്യലിസ്റ്റ് നീതിയും സമൃദ്ധിയും പുരോഗമിക്കുന്നതോടൊപ്പം

വർഗവ്യത്യാസം നിർമാർജനം ചെയ്യപ്പെടും. അങ്ങനെയുള്ള നിർമാർജനവും അതിനുതകുന്ന മാനവിക സംസ്കാരവും കമ്യൂണിസ്റ്റ് മനുഷ്യനിൽ സാക്ഷാൽക്കരിക്കപ്പെടുന്നതോടെ ഭരണകൂടം സ്വയമേവ "കൊഴിഞ്ഞുവീഴും". കൊഴിഞ്ഞുവീഴും എന്നാണ് അല്ലാതെ നിരോധിക്കപ്പെടുമെന്നോ നിർമാർജനം ചെയ്യപ്പെടുമെന്നോ അല്ല പ്രയോഗം. ഇംഗ്ലീഷിലെ "സ്റ്റേറ്റ് വിൽ വിഥർ എവേ" എന്നതിന്റെ വിവർത്തനമാണ് "ഭരണകൂടം കൊഴിഞ്ഞുവീഴും" എന്ന പ്രയോഗം. അങ്ങനെ കൊഴിഞ്ഞുവീഴുന്നതുവരെ ബലപ്രയോഗത്തിന്റെ ഉപാധികൾ തുടരുമെന്നും ബലപ്രയോഗം ഉള്ളിടത്തോളംകാലം അത് സർവാധിപത്യഗണത്തിൽ പെടുമെന്നുമാണ് മാർക്സിന്റെ വിവക്ഷ.

ഈ വിവക്ഷ പ്രകാരം പാർലമെന്ററി ജനാധിപത്യം എന്ന പേരിൽ അറിയപ്പെടുന്ന രാഷ്ട്രീയ സംവിധാനം "ബൂർഷ്വാ സർവാധിപത്യ"ത്തിന്റെ പല രൂപങ്ങളിൽ ഒന്നു മാത്രമാണ്. ബൂർഷ്വാ സർവാധിപത്യം വർഗീയ സർവാധിപത്യമാകാം, വംശീയ സർവാധിപത്യമാകാം, പട്ടാള സർവാധിപത്യമാകാം, ഫാഷിസ്റ്റ് സർവാധിപത്യമാകാം, പാർലമെന്ററി ജനാധിപത്യം എന്ന പേരിൽ അറിയപ്പെടുന്ന സർവാധിപത്യവും ആകാം. ജർമനിയിലെ നാസിസവും ഇറ്റലിയിലെ ഫാഷിസവും ഇന്ത്യയിലെ അടിയന്തരാവസ്ഥയും എല്ലാം ആവിർഭവിച്ചത് പാർലമെന്ററി ജനാധിപത്യത്തിന്റെ ചട്ടക്കൂടിൽ പാർലമെന്ററി സ്വാതന്ത്ര്യങ്ങൾ ഉപയോഗപ്പെടുത്തി ആണെന്നത് ഓർക്കുക. ഇന്ത്യയിലെ ഫാഷിസ്റ്റ് പ്രവണതകൾ ഉള്ള സംഘപരിവാർ അധികാരത്തിൽ വന്നതും പാർലമെന്ററി രീതികൾ ഉപയോഗപ്പെടുത്തിയാണ്. ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നത് ബൂർഷ്വാ പാർലമെന്ററി വ്യവസ്ഥയിൽ സാധാരണ പൗരാവകാശങ്ങൾ കുറെയൊക്കെ പലപ്പോഴും അനുവദിക്കാറുണ്ട് എങ്കിലും ആ വ്യവസ്ഥയിൽ സർവാധിപത്യ സാധ്യതകൾ ഉപഗൂഹനം ചെയ്തിട്ടുണ്ടെന്നാണ്. പാർലമെന്ററി സ്വാതന്ത്ര്യങ്ങൾ ബൂർഷ്വാവ്യവസ്ഥയ്ക്ക് ഭീഷണി ഉയർത്തുന്ന അവസരം വന്നാൽ ജനാധിപത്യത്തിന്റെയും പൗരാവകാശങ്ങളുടെയും ആടയാഭരണങ്ങൾ വലിച്ചെറിഞ്ഞ് അത് പ്രകടമായ സർവാധിപത്യമായി മാറുമെന്നും അതിനുള്ള സാധ്യത അതിന്റെ ഘടനയിൽത്തന്നെ ഉൾച്ചേർന്നിട്ടുണ്ടെന്നും ആണ്.

ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്തുകൊണ്ടാണ് ബൂർഷ്വാ വർഗത്തെ അധികാരത്തിൽനിന്ന് പുറത്താക്കി അധികാരത്തിൽ എത്തുന്ന തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന മറ്റ് സഖ്യവർഗങ്ങളുടെ ഭരണത്തെയും നിഷ്കൃഷ്ടമായ ശാസ്ത്രീയമായ അർഥത്തിൽ സർവാധിപത്യം എന്ന് വിളിക്കുന്നത്. അല്ലാതെ മനുഷ്യാവകാശങ്ങളും ഭിന്നാഭിപ്രായ പ്രകടനസ്വാതന്ത്ര്യവും നിഷേധിക്കുന്നതുകൊണ്ടല്ല. ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ അത്തരം പ്രവണത ചില സവിശേഷ

16028

സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും അതല്ല സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ യഥാർഥ സ്വഭാവം എന്ന് മേലുദ്ധരിച്ച മൗ സെ ദോങ്ങിന്റെ ഉദ്ധരണിയിൽനിന്ന് വ്യക്തമാകും.

സോവിയറ്റ് യൂണിയനിൽ ഏകകക്ഷി സമ്പ്രദായം നിലവിൽവന്നത് സോഷ്യലിസ്റ്റ്വ്യവസ്ഥയുടെ അനിവാര്യതയായിട്ടല്ല; അവിടത്തെ സവിശേഷമായ ചരിത്രഗതികൾ മൂലമാണ്. ചൈനയിലാകട്ടെ, പ്രതിപക്ഷമെന്നും ഭരണപക്ഷമെന്നും ഉള്ള വ്യത്യാസത്തോടുകൂടിയല്ലെങ്കിലും ദേശീയ ബൂർഷ്വാപാർട്ടിയായിരുന്ന നവ കുമിൻതാങ് ഉൾപ്പെടെ പല കക്ഷികൾ ചേർന്നാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജനകീയ ജനാധിപത്യഭരണം സ്ഥാപിക്കപ്പെട്ടത്. ഇന്ത്യയിലും ജനകീയ ജനാധിപത്യവ്യവസ്ഥയിലും ഉയർന്ന സോഷ്യലിസ്റ്റ് ഘട്ടത്തിലും ബഹുകക്ഷി സമ്പ്രദായം ഉണ്ടായേ തീരൂ എന്ന് ശഠിക്കുന്നത് ചരിത്രാനുഭവവിരുദ്ധവും അശാസ്ത്രീയവും ആയേക്കാം എങ്കിലും ബഹുകക്ഷി സമ്പ്രദായം നിഷിദ്ധമല്ലെന്നും ഉണ്ടായിക്കൂടെന്നില്ലെന്നും ആണ് സി പി ഐ (എം)ന്റെ നിലപാട്. വിപ്ലവത്തിന്റെ ഗതിയും ചരിത്ര സാഹചര്യങ്ങളും അനുസരിച്ചായിരിക്കും ബഹുകക്ഷി വ്യവസ്ഥയുടെ ആവശ്യവും സാധ്യതയും. അങ്ങനെ ബഹുകക്ഷി സമ്പ്രദായം ഉണ്ടായാലും ഇല്ലെങ്കിലും മൗ സെ ദോങ് വിവരിച്ചതുപോലെ "നൂറ് പൂക്കൾ വിരിയുകയും നൂറ് ചിന്താധാരകൾ മത്സരിക്കുകയും" ചെയ്യുന്ന വ്യവസ്ഥ സോഷ്യലിസ്റ്റ് നീതിയും പൗരാവകാശങ്ങളുമായി പൊരുത്തപ്പെടുന്ന ഒന്നായിരിക്കും. മറ്റെല്ലാവിധ പുരോഗതിയുംപോലെ സാംസ്കാരിക പുരോഗതിക്കും സ്വാതന്ത്ര്യവും അതില്ലാത്ത സമൂഹങ്ങളിൽ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരവും കൂടിയേ തീരൂ. മഹാകവി വൈലോപ്പിള്ളിയുടെ ആഹ്വാനം നാടുനീളെ മുഴങ്ങട്ടെ:

ഗുഢതടത്തിൽ മൃഗീയത മരുവും
കാടുകളുണ്ടവ കരിയട്ടെ
വാരുറ്റോരു നവീനയുഗത്തിൻ
വാകത്തോപ്പുകൾ വിരിയട്ടെ!
അസ്മദനശ്വരപൈതൃകമാമീ-
യഗ്നിവിടർത്തും സ്കന്ധങ്ങൾ
ആകെ യുടച്ചീടട്ടേ മന്നിലെ
നാകപുരത്തിൻ ബന്ധങ്ങൾ!
ചോര തുടിക്കും ചെറുകൈയുകളേ,
പേറുക വന്നീപ്പന്തങ്ങൾ! ■



ആഗോളവൽക്കരണം സംസ്കാരം മാധ്യമം

പി ഗോവിന്ദപ്പിള്ള

ജനജീവിതത്തിന്റെ സകല മേഖലകളെയും
ആഗോളവൽക്കരണം ഞെരിച്ചമർത്തുകയാണ്.
രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-രംഗങ്ങളിൽ
അതിന്റെ പ്രത്യാഘാതം പ്രകടമാണ്.
ഈ പ്രക്രിയയുടെ ഉൽപ്പന്നവും അതേസമയം
ആ പ്രക്രിയയെ നിയന്ത്രിക്കുന്ന
ഘടകവുമാണ് സംസ്കാരം.
സംസ്കാരത്തിന്റെ വിനിമയോപാധിയാണ് മാധ്യമം.
അച്ചടി മാധ്യമങ്ങളും അതിലുപരി ഇലക്ട്രോണിക്
മാധ്യമങ്ങളും ബഹുരാഷ്ട്രകുത്തകകളായി
വളർന്ന് മാനവിയതയെയും സംസ്കാരത്തെയും
ദേശീയ പാരമ്പര്യങ്ങളെയും വികലമാക്കുന്ന
കാഴ്ച അസ്വാസ്ഥ്യജനകമാണ്.
ഈ കൃതി ഇത്തരം പ്രശ്നങ്ങളിലേക്ക്
വെളിച്ചം വീശുകയും പോംവഴികൾ
ആരായുകയും ചെയ്യുന്നു.